VOL NO: 07 I ISSUE 49
www.nerpatham.com
mail@nerpatham.com
2023 DECEMBER 09 I ₹10

# നേർപഥം

വാരിക



# നവ കേരള സദസ്സ്

# പരിഹാരം തേടുന്ന മുസ്‌ലിം സാമുദായിക പ്രശ്നങ്ങൾ

ഉദ്യോഗസ്ഥാകമ്പടിയോടെ കേരള മന്ത്രിസഭ ജനങ്ങളിലേക്കിറങ്ങി പരാതി സ്വീകരിക്കുന്ന നവകേരള സദസ്സ് മലയാളികൾക്ക് നവ്യാനുഭവമാണ്. കാലങ്ങളായി ന്യൂനപക്ഷ സമുദായമുണർത്തുന്ന കാതലായ ചില പ്രശ്നങ്ങളിലേക്ക് ശ്രദ്ധ തിരിക്കാനും പരിഹാരങ്ങൾ കണ്ടെത്താനുംകൂടി കഴിഞ്ഞാൽ ഈ യാത്ര സാർഥകമായി.

## വിശുദ്ധ ക്വുർആനിന്റെ പ്രബോധനശൈലി

|| സ്വാതന്ത്ര്യവും ഇച്ഛയും

|| ഒരു തട്ടിക്കൊണ്ടു പോകൽ കഥ

|| അറുതിവരുത്തണം ഈ അനാചാരങ്ങൾക്ക്

WISDOM students

جامعة الهند الإسلامية
JAMIA AL-HIND AL-ISLAMIYYA

### വിദ്യയിലൂടെ വെളിച്ചത്തിലേക്ക്

# അൽബലാഗ്

# ദഅ്‌വാ സമ്മേളനം




യുവത്വം നിർവചിക്കപ്പെടുന്നു

കേരള യൂത്ത് കോൺഫറൻസ്
WISDOM YOUTH

2024 ഫെബ്രുവരി 10 11
മലപ്പുറം

0359
# നേർപഥം
വാരിക

2023 ഡിസംബർ 09
1445 ജു.ഊലാ 25
പുസ്തകം 07 / ലക്കം 49




Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Anil

Design & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly

കവർ സ്റ്റോറി 10

## നവകേരളസദസ്സ്: പരിഹാരം തേടുന്ന മുസ്‌ലിം സാമുദായിക പ്രശ്നങ്ങൾ

ടി.കെ അശ്‌റഫ് /മുജീബ് ഒട്ടുമ്മൽ



മുഖമൊഴി
05
വിശുദ്ധ ക്വുർആനിന്റെ പ്രബോധന ശൈലി

വിമർശനം
06
ശൈഖ് ജീലാനിയുടെ അക്വീദയും ഹൈതമിയുടെ 'കടത്തിക്കൂട്ടൽ' വാദവും
അബൂ ഫർഹാൻ ബിൻ യൂസുഫ്, കോട്ടക്കൽ

ലേഖനം
26
സത്യവിശ്വാസികൾക്കെതിരിൽ തീവ്രമായ നിലപാടുകൾ
ഇ.യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ

ലേഖനം
08
സ്വാതന്ത്ര്യവും ഇച്ഛയും
ഇബ്റാഹീം ഇർഫാൻ അൽഹികമി

ബാലപഥം
29
ഒരു തട്ടിക്കൊണ്ടു പോകൽ കഥ
ഫാത്തിമ റൈഹാൻ ശ്രീമൂലനഗരം

ലേഖനം
18
മനുഷ്യവളർച്ച
ഡോ. ഷാനവാസ്, ഫ്ലോറിഡ

ലേഖനം
30
എനിക്കുശേഷം പ്രളയം!
പി പി അബ്ദുർറഹ്‌മാൻ കൊടിയത്തൂർ

ലേഖനം
21
ഹേമന്ദ് ഗുപ്തയുടെ വിധിന്യായങ്ങളിലൂടെ-09
സുഫ്‌യാൻ അബ്ദുസ്സലാം

ക്വുർആൻ ദർശനം
32
സൂറ: അസ്സുമർ
അബ്ദുർറഹ്‌മാനുബ്നു നാസിറുസ്സഅ്ദി

നിയമപഥം
25
ജയിലുകൾ
അബൂ ആദം അയ്‌മൻ

വനിതാപഥം
34
അറുതിവരുത്തണം ഈ അനാചാരങ്ങൾക്ക്
സഹ്റ സുല്ലമിയ്യ



'ലഹരി; നിയമസഭ പുതിയ നിയമനിർരാണം നടത്തണം:'

# വിസ്ഡം കണ്ണൂർ ജില്ല ഫാമിലി കോൺഫറൻസ്

കണ്ണൂർ: കുടുംബ സംവിധാനം നേരിടുന്ന വെല്ലുവിളികൾക്ക് ക്രിയാത്മക പരിഹാര മാർഗങ്ങൾക്ക് നേതൃത്വം കൊടുക്കാൻ സർക്കാർ സംവിധാനങ്ങളും മഹല്ല് കമ്മിറ്റികളും മുന്നോട്ടു വരണമെന്ന് ആഹ്വാനം ചെയ്തു കൊണ്ട് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ കണ്ണൂരിൽ സംഘടിപ്പിച്ച ജില്ലാ ഫാമിലി കോൺഫറൻസിന് ഉജ്ജ്വല പരിസമാപ്തിയായി. ധാർമികത നിലനിർത്തുന്നതിൽ സുപ്രധാന പങ്ക് വഹിക്കുന്ന കുടുംബ സംവിധാനത്തെ തകർക്കാൻ കാരണമാകുന്ന ഏതു ചിന്താധാരകളും സമൂഹത്തിന്റെ പിന്നോട്ടുപോക്കിന് മാത്രമെ കാരണമാവുകയുള്ളൂവെന്ന് സമ്മേളനം വ്യക്തമാക്കി.

കണ്ണൂർ കലക്ടറേറ്റ് മൈതാനിയിൽ പ്രത്യേകം സജ്ജമാക്കിയ വിശാലമായ വേദിയിൽ വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ.അശ്‌റഫ് സമ്മേളനം ഉദ്ഘാടനം ചെയ്തു. വിസ്ഡം ജില്ലാ പ്രസിഡന്റ് കെ.പി. ഹുസൈൻ കുഞ്ഞി അധ്യക്ഷനായി.

'വിശ്വാസ വിശുദ്ധി; സംതൃപ്ത കുടുംബം' എന്ന പ്രമേയത്തെ അധികരിച്ച് മുഴുവൻ ജില്ലകളിലും സംഘടിപ്പിക്കുന്ന ഫാമിലി കോൺഫറൻസുകളുടെ ഭാഗമായാണ് പരിപാടി സംഘടിപ്പിച്ചത്.

പ്രീ മാരിറ്റൽ, പോസ്റ്റ് മാരിറ്റൽ കൗൺസിലുകൾ മഹല്ല് കമ്മിറ്റികൾ സ്ഥിരം പദ്ധതിയായി ഏറ്റെടുക്കണമെന്നും വൈവാഹിക രംഗത്തെ ധൂർത്തിനും ആഭാസങ്ങൾക്കും തടയിടാൻ ക്രിയാത്മക കൂട്ടായ്മകൾ രൂപപ്പെടണമെന്നും സമ്മേളനം അംഗീകരിച്ച പ്രമേയം ആവശ്യപ്പെട്ടു. ലഹരി, ലൈംഗിക വൈകൃതങ്ങൾ, മാതാപിതാക്കളുടെ ഒറ്റപ്പെടൽ, കുടുംബ ശൈഥില്യങ്ങൾ തുടങ്ങിയവ മത, രാഷ്ട്രീയ സംഘടനകളുടെ മുഖ്യ അജണ്ടയാകണം. ഒട്ടേറെ മാനസിക, ശാരീരിക പ്രശ്നങ്ങൾക്ക് കാരണമാകുമെന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ട സ്വവർഗ രതിയെ പ്രോൽസാഹിപ്പിക്കും വിധം ചലച്ചിത്ര രംഗത്ത് കണ്ടുവരുന്ന പ്രവണത അത്തരം സംവിധാനങ്ങളോട് ചേർന്ന് നിൽക്കുന്നവരിൽ കൂടുതൽ അരാജകത്വത്തിന് കാരണമാകുമെന്നും ഫാമിലി കോൺഫറൻസ് അംഗീകരിച്ച മറ്റൊരു പ്രമേയം വ്യക്തമാക്കി.

ലഹരിയുടെ അതിവ്യാപനം പിരിമുറുക്കുന്ന സാഹചര്യത്തിൽ ലഘുവായ ശിക്ഷകൾ നിഷ്കർഷിക്കുന്ന 1985 ലെ നാർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്യാട്രിക് സബ്സ്റ്റൻസ് ആക്ട് (NDPS Atc) പരിഷ്കരിച്ച് ലഹരി വസ്തുക്കൾ വിപണനം ചെയ്യുന്നവർക്കെതിരെ ശക്തമായ ശിക്ഷ നടപ്പാക്കാൻ കേരള നിയമസഭ പുതിയ നിയമ നിർമ്മാണം നടത്തണം. ആഘോഷങ്ങളിലും വിനോദയാത്രകളിലും ലഹരി ഉപയോഗം തടയാൻ വ്യവസ്ഥാപിതമായ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തണം - പ്രമേയം തുടർന്നു.

വിശുദ്ധ ക്വുർആനും പ്രവാചകചര്യയും പ്രവാചകാനുയായികളുടെ രീതിശാസ്ത്രമനുസരിച്ച് പഠിക്കുവാൻ സാധാരണക്കാർക്ക് അവസരങ്ങൾ നിഷേധിക്കപ്പെട്ടതാണ് മുസ്‌ലിം സമൂഹത്തിൽ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും മതയുക്തിവാദവും വ്യാപകമാവാനുള്ള കാരണമെന്നും വ്യവസ്ഥാപിതമായ മതപഠനം പ്രായഭേദമന്യെ വ്യാപകമാക്കലാണ് പരിഹാരമെന്നും സമ്മേളനം വ്യക്തമാക്കി.

കണ്ണൂർ കോർപ്പറേഷൻ മേയർ അഡ്വ: ടി.ഒ. മോഹനൻ, കെ.വി സുമേഷ് എം.എൽ.എ, മുസ്‌ലിം ലീഗ് ജില്ലാ പ്രസിഡന്റ് അബ്ദുൽ കരീം ചേലേരി എന്നിവർ സമ്മേളത്തെ അഭിസംബോധന ചെയ്തു. വിസ്ഡം സംസ്ഥാന സെക്രട്ടറിയും പീസ് റേഡിയോ സി.ഇ.ഒ. യുമായ പ്രൊഫ. ഹാരിസ് ബിൻ സലീം, വിസ്ഡം സംസ്ഥാന ദഅ്‌വ വിംഗ് അംഗം ശിഹാബ് എടക്കര, വിസ്ഡം യൂത്ത് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് കെ. താജുദ്ദീൻ സ്വലാഹി എന്നിവർ വിഷയാവതരണം നടത്തി. വിസ്ഡം ജില്ല സെക്രട്ടറി കെ. അബ്ദുല്ലാ ഫാസിൽ, വിസ്ഡം യൂത്ത് ജില്ലാ പ്രസിഡന്റ് റാഷിദ് സ്വലാഹി, വിസ്ഡം സ്റ്റുഡന്റ്സ് ജില്ലാ പ്രസിഡന്റ് അബ്ബാസ് ഹാമിദ്, വിസ്ഡം ജില്ല ട്രഷറർ കെ.കെ. അശ്‌റഫ്, വിസ്ഡം യൂത്ത് ജില്ല ജോയിന്റ് സെക്രട്ടറി എ.സി. ശിഹാബുദ്ദീൻ പ്രസംഗിച്ചു. സമാപന പ്രസംഗം സി.പി. സലീം നിർവഹിച്ചു.

# വിശുദ്ധ ക്വുര്‍ആനിന്റെ പ്രബോധന ശൈലി

മുഹമ്മദ് നബി(സ്വ)യുടെ പ്രബോധനമാരംഭിച്ചത് നിലവിലുള്ള വിശ്വാസങ്ങളെയും ആചാരങ്ങളെയും അന്ധമായി നിഷേധിച്ചുകൊണ്ടല്ല. മറിച്ച്, കാര്യകാരണാടിസ്ഥാനത്തില്‍ നിരൂപണം ചെയ്തുകൊണ്ടാണ്. കാര്യം ബോധിപ്പിക്കുന്നതില്‍ ക്വുര്‍ആന്‍ സ്വീകരിച്ച ശൈലിക്ക് ഒരു ഉദാഹരണം കാണുക:

"(നബിയേ,) ചോദിക്കുക: 'ആരാണ് ആകാശങ്ങളുടെയും ഭൂമിയുടെയും രക്ഷിതാവ്?' പറയുക: 'അല്ലാഹുവാണ്.' പറയുക: 'എന്നിട്ടും അവന്നു പുറമെ അവരവര്‍ക്കുതന്നെ ഉപകാരമോ ഉപദ്രവമോ ചെയ്യാന്‍ സ്വാധീനമില്ലാത്ത ചില രക്ഷാധികാരികളെ നിങ്ങള്‍ സ്വീകരിച്ചിരിക്കുകയാണോ?' പറയുക: 'അന്ധനും കാഴ്ചയുള്ളവനും തുല്യരാകുമോ? അഥവാ ഇരുട്ടുകളും വെളിച്ചവും തുല്യമാകുമോ? അതല്ല, അല്ലാഹുവിന് പുറമെ അവര്‍ പങ്കാളികളാക്കി വെച്ചവര്‍, അവന്‍ സൃഷ്ടിക്കുന്നത് പോലെത്തന്നെ സൃഷ്ടി നടത്തിയിട്ട് (ഇരു വിഭാഗത്തിന്റെയും) സൃഷ്ടികള്‍ അവര്‍ക്ക് തിരിച്ചറിയാതാവുകയാണോ ഉണ്ടായത്?' പറയുക: 'അല്ലാഹുവത്രെ എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവ്. അവന്‍ ഏകനും സര്‍വാധിപതിയുമാ കുന്നു'" (ക്വുര്‍ആന്‍ 13:16).

ഇതാണ് ക്വുര്‍ആനിന്റെ ശൈലി. നന്മ ഉപദേശിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുക എന്നത് ഇസ്‌ലാം അടിസ്ഥാനപരമായ സാമൂഹ്യബാധ്യതയായി നിശ്ചയിച്ചതാണ്. മറ്റുള്ളവരുടെ ചെയ്തികളിലുള്ള തിന്മകളെ കണ്ണടച്ച് അടിച്ചൊതുക്കാനല്ല ഈ കല്‍പന. മറിച്ച് തിന്മക്കു നേരെ ക്രിയാത്മക പ്രതികരണത്തിനാണ് കല്‍പിക്കുന്നത്. ആ മാര്‍ഗം സംവാദമവുമാകാം. പക്ഷേ, നല്ലരീതിയില്‍ മാത്രമാകണമെന്ന് മാത്രം.

വിമര്‍ശനങ്ങള്‍ സത്യസന്ധമായിരിക്കണം. ഒരു തിന്മയെ കൈകൊണ്ടോ വാക്കുകൊണ്ടോ മനസ്സുകൊണ്ടോ കഴിയുംവിധം തടുത്തുനിര്‍ത്തുവാന്‍ സത്യവിശ്വാസി ബാധ്യസ്ഥനാണ്. അക്കാര്യത്തില്‍ അല്ലാഹുവിനെയല്ലാതെ മറ്റാരെയും ഭയപ്പെടേണ്ടതുമില്ല. തിന്മക്ക് നേരെയുള്ള ഇത്തരം വിമര്‍ശനാത്മക സമീപനം ഭദ്രമായ ഒരു സമൂഹത്തിന്ന് അത്യാവശ്യവുമാണ്. എന്നാല്‍ യാഥാര്‍ഥ്യത്തിന്റെ പിന്തുണയില്ലാത്ത എതിര്‍പ്പുകള്‍ വിമര്‍ശനമല്ല; വൈരാഗ്യമാണ്. സത്യനിരാസമാണ്. കപടവിശ്വാസികള്‍ നബി(സ്വ)യെയും മുസ്‌ലിംകളെയും ഇടിച്ചുതാഴ്ത്തുവാനും അപകീര്‍ത്തിപ്പെടുത്തുവാനും വേണ്ടി വ്യാജാരോപണങ്ങള്‍ ഉന്നയിച്ച സംഭവങ്ങള്‍ വിശുദ്ധ ക്വുര്‍ആന്‍ പ്രതിപാദിച്ചത് ശ്രദ്ധേയമാണ്:

"നിങ്ങള്‍ നാട്ടില്‍ കുഴപ്പമുണ്ടാക്കാതിരിക്കൂ എന്ന് അവരോട് ആരെങ്കിലും പറഞ്ഞാല്‍, ഞങ്ങള്‍ സല്‍പ്രവര്‍ത്തനങ്ങള്‍ മാത്രമാണല്ലോ ചെയ്യുന്നത് എന്നായിരിക്കും അവരുടെ മറുപടി. എന്നാല്‍ യഥാര്‍ഥത്തില്‍ അവര്‍ തന്നെയാകുന്നു കുഴപ്പക്കാര്‍. പക്ഷേ, അവരത് മനസ്സിലാക്കുന്നില്ല" (2:11,12).

"തീര്‍ച്ചയായും ആ കള്ളവാര്‍ത്തയും കൊണ്ട് വന്നവര്‍ നിങ്ങളില്‍നിന്നുള്ള ഒരു സംഘം തന്നെയാകുന്നു. അത് നിങ്ങള്‍ക്ക് ദോഷകരമാണെന്ന് നിങ്ങള്‍ കണക്കാക്കേണ്ട. അല്ല, അത് നിങ്ങള്‍ക്ക് ഗുണകരം തന്നെയാകുന്നു. അവരില്‍ ഓരോ ആള്‍ക്കും താന്‍ സമ്പാദിച്ച പാപം ഉണ്ടായിരിക്കുന്നതാണ്. അവരില്‍ അതിന്റെ നേതൃത്വം ഏറ്റെടുത്തവനാരോ അവന്നാണ് ഭയങ്കര ശിക്ഷയുള്ളത്..." (24:11,12).

പ്രവാചക പത്നി ആഇശ(റ)യെയും ഒരു സ്വഹാബിയെയും കുറിച്ച് കപടവിശ്വാസികള്‍ പ്രചരിപ്പിച്ച ദുരാരോപണത്തെപ്പറ്റിയാണ് ആ വ്യാജവാര്‍ത്ത എന്നു പറഞ്ഞത്. ഈ അധ്യായത്തിന്റെ തുടര്‍ന്നുള്ള ഒമ്പത് സൂക്തങ്ങളിലും ഈ സാമൂഹ്യദ്രോഹികളുടെ ചെയ്തികളെയാണ് പരാമര്‍ശിക്കുന്നത്. പ്രവാചകന്‍(സ്വ) ജീവിച്ചിരിക്കെ അവിടുത്തെ നേതൃത്വത്തില്‍ ഒന്നിച്ച് ഒരാദര്‍ശത്തില്‍ ജീവിക്കുന്ന ആ വിശുദ്ധ തലമുറയില്‍ പോലും സാമൂഹ്യഭദ്രതക്ക് ഇളക്കം തട്ടിക്കാന്‍ കാപട്യത്തിന്റെ ശക്തികള്‍ക്ക് സാധിച്ചിട്ടുണ്ടെങ്കില്‍ ആ സാമൂഹ്യനാശം എക്കാലത്തും പ്രതീക്ഷിക്കാവുന്നതാണെന്ന കാര്യത്തില്‍ സംശയമില്ല.

വിമർശനം



# ശൈഖ് ജീലാനിയുടെ അക്വീദയും ഹൈതമിയുടെ 'കടത്തിക്കൂട്ടൽ' വാദവും

**അബൂ ഫർഹാൻ ബിൻ യൂസുഫ്, കോട്ടക്കൽ**

*തെളിവ് ആറ്:*

**കിതാബുൽ ഗുൻയഃ അകീദയിൽ ഹമ്പലികൾ എടുത്തുദ്ധരിക്കുന്നു**

ഹൈതമിക്ക് നൂറ്റാണ്ടുകൾ മുമ്പ് രചിക്കപ്പെട്ട ഹമ്പലി കിതാബുകളിൽനിന്നും, അസ്മാഉ വസ്സിഫാത്തിൽ 'കിതാബുൽ ഗുൻയഃ'യിലെ ബറേൽവി വിവാദ ഭാഗം ഹമ്പലികൾ തെളിവായി ഉന്നയിക്കുന്നു. ബുഖാരിക്ക് വിശദീകരണമെഴുതിയ മഹാനായ ഹദീസ് പണ്ഡിതനും ഹമ്പലി മദ്ഹബിന്റെ ചരിത്രകാരനുമായ ഇബ്നു റജബുൽ ഹമ്പലി, 'കിതാബുൽ ഗുൻയഃ' വളരെ അറിയപ്പെട്ടതാണെന്നു പറഞ്ഞ് അതിലെ പ്രസക്ത ഭാഗം എടുത്തു കൊടുക്കുന്നത് കാണുക:

"അവൻ ഉലുവ്വിന്റെ ജിഹത്തിലാണ്, അർശിനു മുകളിൽ ഇസ്തിവാഉമാണ്. അവൻ ആധിപത്യമുള്ളവനാണ്. അവന്റെ അറിവ് എല്ലാ കാര്യങ്ങളിലും വലയം ചെയ്യപ്പെട്ടിരിക്കുന്നതുമാണ്."

ഇത്തരത്തിലുള്ളവ ശൈഖ് ജീലാനിയുടെ 'ഗുൻയഃ'യിൽ പ്രസക്തമായി പറയുന്നുണ്ട്. ശേഷം ഇബ്നു റജബ് തുടരുന്നു: "അല്ലാഹുവിനെ എല്ലായിടത്തുമാണെന്ന് വിശേഷിപ്പിക്കൽ ഹറാമാണ്. അവൻ ആകാശത്ത് അർശിനു മുകളിലാണെന്നത് (അവൻ അർശിനു മുകളിൽ ഇസ്തിവാഅ് ആണെന്ന്) അല്ലാഹു പറഞ്ഞ കാരണത്താൽ, എങ്ങനെ എന്നു പറയാതെ വന്നതുപോലെ പറയേണ്ടതാണ്. അതു പറയുന്നതിന് പ്രവാചക വചനങ്ങളും ക്വുർആൻ ആയത്തുകളും വന്നിട്ടുണ്ട്. മൊത്തത്തിൽ, 'ഇസ്തിവാഅ്' എന്ന, അല്ലാഹുവിന്റെ വിശേഷണത്തിന് വ്യാഖ്യാനം നൽകാതിരിക്കേണ്ടതാണ്. കാരണം അവൻ അർശിനു മുകളിൽ ദാത്തോടുകൂടി ഇസ്തിവാഉമാണ്."

വീണ്ടും പറയുന്നു: "അല്ലാഹു നിയോഗിച്ച എല്ലാ പ്രവാചകന്മാർക്കും അവതരിച്ച എല്ലാ വേദഗ്രന്ഥങ്ങളിലും (ഇസ്തിവാഅ്) എങ്ങനെയെന്നു പറയാതെ ഉദ്ധരിച്ചിരിക്കുന്നു. അവയിലെല്ലാം ഈ വിഷയം ദീർഘമായി വിവരിച്ചിട്ടുമുണ്ട്. അവന്റെ എല്ലാ വിശേഷണങ്ങളും ഇതുപോലെ തന്നെയാണ്" (ദൈലു ത്വബകാത്തുൽ ഹനാബില 1/238, 239).

അല്ലാഹു മുകളിലാണ് എന്ന സലഫി - ഹമ്പലി വിശ്വാസം സ്ഥിരപ്പെടുത്തുന്ന, ഇമാം ദഹബിയുടെ 'അഹ്‌ലുസ്സുന്നയുടെ അകീദ'

> **ഭരണകൂടത്തിന്റെ സർവസ്വാധീനമായി അശ്അരികളും സൂഫികളും നിറഞ്ഞാടിയിരുന്ന കാലത്തും ശൈഖ് ജീലാനി സലഫിയാണെന്ന ശൈഖുൽ ഇസ്‌ലാമിന്റെ അഭിപ്രായത്തെ ചോദ്യം ചെയ്യാൻ പ്രാമാണികനായ ഒരു അശ്അരി പണ്ഡിതന്നും അക്കാലത്തു കഴിഞ്ഞിട്ടില്ലെന്നത് ശൈഖ് ജീലാനി അശ്അരിയല്ല എന്നതിന് ഏറ്റവും വലിയ തെളിവാണ്. ജീലാനിയെ സലഫിയല്ലാതാക്കാൻ എന്തെങ്കിലും പഴുതുണ്ടെങ്കിൽ ഇബ്നു തൈമിയ്യയെ ആഞ്ഞടിക്കാനുള്ള സുവർണാവസരം മുതലാക്കാൻ കടുത്ത സലഫീവിരോധികളായ ഹൈതമികളെ അശ്അരികൾ മുൻകടക്കുമായിരുന്നു.**

വിവരിക്കുന്ന പ്രസിദ്ധഗ്രന്ഥമായ 'അൽ ഗുലുവ്വു ലിൽഅലിയ്യിൽ ഗഫ്ഫാർ' എന്ന ഗ്രന്ഥത്തിൽ ശൈഖ് ജീലാനിയെ, അദ്ദേഹം അകീദയിൽ ഹമ്പലിയാണെന്നു പറഞ്ഞ് 'കിതാബുൽ ഗുൻയഃ' യിൽ നിന്നും വിവരിക്കുന്നതു കാണുക:

"അവൻ അർശിനു മുകളിൽ ഇസ്തിവാഇലാണ്. അവൻ ആധിപത്യമുള്ളവനും അവന്റെ അറിവ് എല്ലാ കാര്യങ്ങളിലും വലയം ചെയ്യപ്പെട്ടിരിക്കുന്നതുമാണ്. 'അവങ്കലേക്കാണ് ഉത്തമ വചനങ്ങൾ കയറിപ്പോകുന്നത്. നല്ല പ്രവർത്തനത്തെ അവൻ ഉയർത്തുകയും ചെയ്യുന്നു(ഫാതിർ:10)."

വീണ്ടുംപറയുന്നു:"അൽഇജ്തിമാഉ ഫീ ജുയൂശിൽ ഇസ്‌ലാമിയ്യ' യിൽ ഇബ്നുൽ ക്വയ്യിമും 'ഫതാവാ ഹമവിയ്യ' യിൽ ശൈഖുൽ ഇസ്‌ലാം ഇബ്നുതൈമിയ്യയും 'അൽ ഉലുവ്വു ലിൽഅലിയ്യിൽ ഗഫ്ഫാറി'ൽ (1:265) ഹാഫിദ്വു ദഹബിയും ഇതേ ആശയം പറഞ്ഞിട്ടുണ്ട്.

ഏതു ഭാഗമാണോ കിതാബുൽ ഗുൻയഃയിൽ കടത്തിക്കൂട്ടിയത് എന്ന് അശ്അരികളും ബറേൽവികളും അവകാശപ്പെടുന്നത്, ആ ഭാഗം തന്നെയാണ് ഹമ്പലി പണ്ഡിതന്മാർ എടുത്തുദ്ധരിക്കുന്നതും അവരുടെ അവകാശവാദത്തെ തകർക്കുന്നതും. ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യയും കൂട്ടരും അശ്അരികളിൽനിന്നും സൂഫികളിൽനിന്നും വിമർശനങ്ങളേറ്റുവാങ്ങേണ്ടി വന്നവരാണെന്നതിൽ തർക്കമില്ല. ശൈഖുൽ ഇസ്‌ലാം അടക്കമുള്ള ഹമ്പലി, സലഫി, അസരി അകീദയുടെ വക്താക്കൾക്കെതിരെ ശൈഖ് അബ്ദുൽ ക്വാദിർ ജീലാനിയുടെ 'കിതാബുൽ ഗുൻയഃ' യിൽ ഇല്ലാത്തത് പറയുകയാണെന്ന ആരോപണമുന്നയിക്കാൻ പോലും സാധിച്ചിട്ടില്ല. ഭരണകൂടത്തിന്റെ സർവസ്വാധീനമായി അശ്അരികളും സൂഫികളും നിറഞ്ഞാടിയിരുന്ന കാലത്തും ശൈഖ് ജീലാനി സലഫിയാണെന്ന ശൈഖുൽ ഇസ്‌ലാമിന്റെ അഭിപ്രായത്തെ ചോദ്യം ചെയ്യാൻ പ്രാമാണികനായ ഒരു അശ്അരി പണ്ഡിതന്നും അക്കാലത്തു കഴിഞ്ഞിട്ടില്ലെന്നത് ശൈഖ് ജീലാനി അശ്അരിയല്ല എന്നതിന് ഏറ്റവും വലിയ തെളിവാണ്. ജീലാനിയെ സലഫിയല്ലാതാക്കാൻ എന്തെങ്കിലും പഴുതുണ്ടെങ്കിൽ ഇബ്നുതൈമിയ്യയെ ആഞ്ഞടിക്കാനുള്ള സുവർണാസരം മുതലാക്കാൻ കടുത്ത സലഫീ വിരോധികളായ ഹൈതമികളെ അശ്അരികൾ മുൻകടക്കുമായിരുന്നു. കിതാബുൽ ഗുൻയഃയിൽ കടത്തിക്കൂട്ടൽ നടന്നിട്ടില്ലെന്നതിന് ഇതിലേറെ വലിയ തെളിവിന്റെ ആവശ്യമില്ല. അതാണ് ഞാൻ നേരത്തെ പറഞ്ഞത്, കടുത്ത സൂഫി-അശ്അരി പക്ഷപാതിയായ ഹൈതമിക്ക് എട്ടാം നൂറ്റാണ്ടിലെ അശ്അരി പണ്ഡിതന്മാരുടെ ചരിത്രം പോലും അറിയില്ല. അറിയില്ല എന്നതൊരു കുറവല്ല, അറിയില്ല എന്നതുമറിയില്ല എന്നതാണ് ശരിക്കുള്ള കുറവ്.

*തെളിവ് ഏഴ്:*

**ഒരു അശ്അരിയും വലിയ്യാകില്ല എന്നു ജീലാനി**

ബറേൽവി സമൂഹത്തിനു പൊതുവെ ശരീഅത്ത് വിരുദ്ധരെയും ശൈത്വാൻ കൂടിയവരെയും മാനസിക രോഗികളെയും വലിയ്യാക്കി അവരോധിക്കുന്നതിനോടാണ് താൽപര്യം. എന്നാൽ ശൈഖ് ജീലാനിയുടെ കാര്യം വ്യത്യസ്തമാണ്. ശരീഅത്തും സൂക്ഷ്മതയും ഭയഭക്തിയുമൊക്കെയുണ്ടായതുകൊണ്ട് മാത്രം കാര്യമില്ല; വലിയ്യിന്റെ അകീദ സലഫി-ഹമ്പലി ആയിരിക്കണമെന്നതാണ് ശൈഖ് ജീലാനിയുടെ ഒന്നാമത്തെ നിബന്ധന. ഇതു കവിയും സൂഫിയും ഹമ്പലി അകീദക്കാരനുമായ അബൂ സകരിയ്യാ യഹ്‌യബ്നു യൂസുഫു സ്വർസ്വരീ തന്റെ ഗുരുനാഥനും ഹമ്പലി പണ്ഡിതനും കർമശാസ്ത്ര നിപുണനുമായ അലിയ്യു ബ്നു ഇദ്‌രീസ് ശൈഖ് ജീലാനിയിൽനിന്നും നേരിട്ടു കേട്ടതായി ഉദ്ധരിക്കുന്നത് കാണുക:

"അഹ്‌മദ് ബിൻ ഹമ്പലിന്റെ വിശ്വാസക്കാരനല്ലാത്ത ഒരാൾ വലിയ്യാകുമോ എന്റെ നേതാവേ?" ശൈഖ് അബ്ദുൽ ക്വാദിർ ജീലാനിയുടെ മറുപടി ഇങ്ങനെയായിരുന്നു: "അങ്ങനെ ഓരാളും വലിയ്യായിട്ടില്ല, ഇനി ആകാനും പോകുന്നില്ല" (ദൈലു ത്വബകാത്തിൽ ഹനാബില 1/249). ഈ കാര്യം അശ്അരികൾ വിളഞ്ഞാടിയ കാലത്ത് ജീവിച്ച ഇബ്നു തൈമിയ്യ 'ദർഉ തആറുദു അൽഅക്വ്‌ലി വന്നക്വ്‌ൽ' എന്ന ഗ്രന്ഥത്തിലും മറ്റു ഗ്രന്ഥങ്ങളിലും വിവരിക്കുന്നുണ്ട്.

അല്ലാഹു ഉപരിലോകത്താണെന്ന് വിശ്വസിക്കാത്ത, അല്ലാഹുവിന്റെ കൈ എന്ന വിശേഷണം യഥാർഥത്തിലുള്ളതാണെന്ന് സ്ഥിരപ്പെടുത്താത്ത, അവന്റെ ഇസ്തിവാഅ് ദാത്തോടുകൂടിയാണെന്ന് ഉറപ്പിക്കാത്ത, അവന്റെ ഗ്രന്ഥത്തിന്റെ അക്ഷരങ്ങളും ശബ്ദങ്ങളും സൃഷ്ടിയല്ലെന്നു പറയാത്ത അശ്അരികളും മാത്തുരീതികളും, അല്ലാഹുവിന് അവയവം സ്ഥിരപ്പെടുത്തുന്ന മുജസ്സിമികളും പോലെയുള്ള പുത്തൻവാദികൾ വലിയ്യാവുകയില്ലെന്നും വലിയ്യാകാൻ പോകുന്നില്ലെന്നുമാണ് ശൈഖ് ജീലാനി പറഞ്ഞതിന്റെ വിവക്ഷ. അതാണല്ലോ അഹ്‌മദ് ബിൻ ഹമ്പലിന്റെ മദ്ഹബ്.

*(തുടരും)*

# സ്വാതന്ത്ര്യവും ഇച്ഛയും

ഇബ്റാഹീം ഇർഫാൻ അൽഹികമി

അല്ലാഹുവിന്റെ സൃഷ്ടികളിൽ ഉൽകൃഷ്ടരാണ് മനുഷ്യർ. വിവേകബുദ്ധി നൽകി അല്ലാഹു പ്രത്യേകം ആദരിച്ചവരായതിനാൽ ഇതര ജീവിവർഗങ്ങളിൽനിന്നും വ്യത്യസ്തമായി, നൽകപ്പെട്ട ബുദ്ധി പ്രയോഗിക്കുവാനും മികച്ച ആശയങ്ങൾ രൂപപ്പെടുത്തുവാനും നൂതന കണ്ടുപിടുത്തങ്ങൾ നടത്തി അവ സ്വജീവിതത്തിൽ പ്രയോഗിക്കാനും മനുഷ്യർക്ക് സാധിക്കുന്നു.

ഇത്തരത്തിൽ വിശേഷബുദ്ധി നൽകപ്പെട്ടതിനാൽ നന്മതിന്മകൾ വേർതിരിച്ചു മനസ്സിലാക്കാൻ മനുഷ്യർക്ക് സാധിക്കുന്നു. ഇവിടെ പ്രസക്തമായ ഒരു ചോദ്യമുണ്ട്; ഇങ്ങനെ ശരിയും തെറ്റും വേർതിരിച്ചു മനസ്സിലാക്കുന്നവന്; അവയിൽ ഏതും സ്വതന്ത്രമായി തിരഞ്ഞെടുക്കാനും ഇച്ഛക്കനുസരിച്ച് ജീവിക്കാനും അനുവാദമുണ്ടോ?



**ഒരു മനുഷ്യൻ ജന്മം കൊണ്ട് ശുദ്ധനും പാപരഹിതനുമാണ്. മാതാപിതാക്കളും സാഹചര്യങ്ങളുമൊക്കെയാണ് ശരിതെറ്റുകളിലേക്ക് നയിക്കാറുള്ളത്. മനുഷ്യമനസ്സുകൾ തെറ്റിലേക്ക് ചായ്‌വുള്ളവയാണ്. മനുഷ്യരുടെ ദുർബലതകളും സാഹചര്യങ്ങളും റബ്ബ് നിശ്ചയിച്ച അതിർവരമ്പുകൾ മറികടക്കാൻ അവരെ പ്രേരിപ്പിക്കുന്നതായേക്കാം. അതേസമയം, തെറ്റുകളിൽനിന്ന് വിമുക്തി നേടാനും തെറ്റിലേക്കു നയിക്കുന്ന സാഹചര്യങ്ങളിൽനിന്നും സ്വയം രക്ഷപ്പെടാനും മനുഷ്യർക്ക് കഴിയും.**

ഈ ചോദ്യത്തിന്റെ ഉത്തരം അന്വേഷിക്കുമ്പോൾ, മനുഷ്യന്റെ സ്വാതന്ത്ര്യം, ഇച്ഛ എന്നിവയെക്കുറിച്ച് എല്ലാ മതങ്ങൾക്കും സംസ്കാരങ്ങൾക്കും അവയുടെതായ കാഴ്ചപ്പാടുകളുണ്ടെന്ന് കാണാൻ കഴിയും. ഈ നിലപാടുകൾ പരിശോധനാവിധേയമാക്കുമ്പോൾ അതിൽ ഇസ്‌ലാമിന്റെ കാഴ്ചപ്പാട് മറ്റു മതദർശനങ്ങളിൽനിന്ന് തികച്ചും വേറിട്ട് നിൽക്കുന്നുവെന്ന് കാണാം.

വിശുദ്ധ ക്വുർആനിൽ അല്ലാഹു പറയുന്നു: “ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല”(51:56).

മനുഷ്യരുടെ പ്രഥമവും പ്രധാനവുമായ ബാധ്യത അല്ലാഹുവിനെ മാത്രം ആരാധിക്കുകയെന്നതാണ്. തങ്ങളുടെ രക്ഷിതാവായ റബ്ബിന്റെ ആജ്ഞാനിർദേശങ്ങൾ അനുസരിച്ച് ജീവിക്കുകയെന്ന് സാരം.

സ്രഷ്ടാവിന് കീഴ്‌വണങ്ങി ജീവിക്കുന്ന വിശ്വാസികൾക്ക് ഇഹലോകത്ത് നിബന്ധനകളോടെ ഇസ്‌ലാം സ്വാതന്ത്ര്യം നൽകുന്നുണ്ട്. നശ്വരമായ ഇഹലോക ജീവിതത്തിന്റെ ആവശ്യങ്ങൾ നിർവഹിക്കുവാനും അതിനുവേണ്ട സൗകര്യങ്ങൾ ഒരുക്കുവാനും സ്രഷ്ടാവ് സംവിധാനിച്ചിരിക്കുന്ന അനുഗ്രഹങ്ങളെ ഉപയോഗപ്പെടുത്തുവാനുമുള്ള അനുവാദവും സ്വാതന്ത്ര്യവുമാണത്.

അല്ലാഹു പറയുന്നു: “അല്ലാഹു നിനക്ക് നൽകിയിട്ടുള്ളതിലൂടെ നീ പരലോകഭവനം തേടുക. ഐഹികജീവിതത്തിൽനിന്ന് നിനക്കുള്ള ഓഹരി നീ വിസ്മരിക്കുകയും വേണ്ട”(28:77).

പ്രവാചകന്മാരിലൂടെ അല്ലാഹു മനുഷ്യരിലേക്ക് എത്തിച്ച സന്മാർഗത്തെയും അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെയും സ്വീകരിക്കുന്നവരും അവഗണിക്കുന്നവരും മനുഷ്യരിൽ ഉണ്ടാകുമെന്ന് വിശുദ്ധ ക്വുർആനിൽ അല്ലാഹു പറയുന്നുണ്ട്:

“തീർച്ചയായും നാം അവന്ന്

വഴി കാണിച്ചുകൊടുത്തിരിക്കുന്നു. എന്നിട്ട് ഒന്നുകിൽ അവൻ നന്ദിയുള്ളവനാകുന്നു. അല്ലെങ്കിൽ നന്ദികെട്ടവനാകുന്നു"(76:3).

ഒരു മനുഷ്യൻ ജന്മം കൊണ്ട് ശുദ്ധനും പാപരഹിതനുമാണ്. മാതാപിതാക്കളും സാഹചര്യങ്ങളുമൊക്കെയാണ് ശരിതെറ്റുകളിലേക്ക് നയിക്കാറുള്ളത്. മനുഷ്യമനസ്സുകൾ തെറ്റിലേക്ക് ചായ്‌വുള്ളവയാണ്. മനുഷ്യരുടെ ദുർബലതകളും സാഹചര്യങ്ങളും റബ്ബ് നിശ്ചയിച്ച അതിർവരമ്പുകൾ മറികടക്കാൻ അവരെ പ്രേരിപ്പിക്കുന്നതായേക്കാം. അതേസമയം, തെറ്റുകളിൽനിന്ന് വിമുക്തി നേടാനും തെറ്റിലേക്കു നയിക്കുന്ന സാഹചര്യങ്ങളിൽനിന്നും സ്വയം രക്ഷപ്പെടാനും മനുഷ്യർക്ക് കഴിയും.

ഇസ്‌ലാം പഠിപ്പിക്കുന്ന 'ഫിത്‌റ' അഥവാ ശുദ്ധപ്രകൃതം, 'നഫ്‌സ്' അഥവാ ആത്മാവ് എന്നീ കാര്യങ്ങളെപ്പറ്റി നാം കൃത്യമായി പഠിക്കേണ്ടതുണ്ട്. ലോകത്ത് പിറന്നുവീഴുന്ന എല്ലാ മനുഷ്യരും അവരുടെ പ്രാരംഭത്തിൽ നല്ലവരാണ്. അതായത് ശുദ്ധപ്രകൃതത്തിലാണ് ഉണ്ടാവുക. എന്നാൽ സ്വതന്ത്രമായ തിരഞ്ഞെടുപ്പിനുള്ള അവകാശം ദുരുപയോഗം ചെയ്യുന്നതിൽനിന്നാണ് അവരുടെ മനസ്സുകളിലേക്ക് പാപങ്ങൾ കടന്നുവരുന്നത്.

മനുഷ്യർക്ക് തങ്ങളുടെ സ്രഷ്ടാവിനോടുള്ള ബന്ധത്തിന്റെ വിപരീത ദിശയിലായിരിക്കും അവരുടെ പാപങ്ങളുണ്ടാവുക. ബന്ധം സുദൃഢമാണെങ്കിൽ പാപങ്ങൾ വളരെ കുറവും, ബന്ധം ബലഹീനമാണെങ്കിൽ പാപങ്ങൾ കൂടുതലുമായിരിക്കും. ഇപ്രകാരം, പാപങ്ങളുടെ ഏറ്റവ്യത്യാസമനുസരിച്ച് നഫ്‌സിനെ മൂന്നായി തരംതിരിക്കാം:

### 1. സമാധാനമടഞ്ഞ ആത്മാവ്

'അന്നഫ്‌സുൽ മുത്‌മഇന്ന' (സമാധാനമടഞ്ഞ ആത്മാവ്); നഫ്‌സിന്റെ ഏറ്റവും ഉയർന്ന തലമാണിത്. സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന റബ്ബിന്റെ ആജ്ഞാനിർദേശങ്ങൾ അനുസരിച്ച് ജീവിക്കുകയും മതവിജ്ഞാനം നേടിയെടുക്കുകയും മതം അനുശാസിക്കുന്ന കർമങ്ങൾ നിർവഹിക്കുകയും റബ്ബ് നൽകിയതിൽ തൃപ്തിപ്പെടുകയും ചെയ്യുന്ന വ്യക്തിയുടെ ആത്മാവിന് മാത്രമെ ഈ അവസ്ഥയിലേക്ക് എത്താൻ കഴിയൂ. ഈ അവസ്ഥ കൈവരിച്ച ആത്മാവിനോട് മരണവേളയിൽ ഇങ്ങനെ പറയപ്പെടും:

"ഹേ, സമാധാനമടഞ്ഞ ആത്മാവേ! തൃപ്തിപ്പെട്ടുകൊണ്ട്, തൃപ്തി ലഭിച്ചുകൊണ്ട്, നീ നിന്റെ രക്ഷിതാവിങ്കലേക്ക് മടങ്ങിക്കൊള്ളുക. എന്നിട്ട് എന്റെ അടിയാൻമാരിൽ പ്രവേശിച്ചുകൊള്ളുക. എന്റെ സ്വർഗത്തിലും പ്രവേശിച്ചുകൊള്ളുക" (ക്വുർആൻ 89:27-30).

### 2. കുറ്റപ്പെടുത്തുന്ന ആത്മാവ്

കുറ്റപ്പെടുത്തുന്ന ആത്മാവ് (അന്നഫ്‌സുല്ലവ്വാമ) മുൻകഴിഞ്ഞ പാപങ്ങളെക്കുറിച്ചുള്ള തിരിച്ചറിവിന്റെയും പശ്ചാത്താപത്തിന്റെയും അവസ്ഥയുള്ള ആത്മാവാണ്. തെറ്റായ കാര്യം ഒരാൾ ചെയ്യുമ്പോൾ അവന്റെ മനസ്സാക്ഷി അവനെ കുറ്റപ്പെടുത്തുന്നു. അത് അരുതാത്തതാണെന്ന് അവന്റെ മനസ്സ് മന്ത്രിക്കുന്നു. എന്തിനതു ചെയ്തു, തിന്നു, പറഞ്ഞു, എന്തുകൊണ്ടിതു ചെയ്തില്ല, പറഞ്ഞില്ല എന്നിങ്ങനെ ആക്ഷേപങ്ങൾ തോന്നാത്ത മനസ്സ് ഒരാൾക്കുമുണ്ടാകാൻ വഴിയില്ല.

പരലോകത്തുവെച്ചും ഈ ചിന്തയുണ്ടാകും. അവിടെവെച്ച് ലഭിക്കുന്ന സുഖസൗകര്യങ്ങൾ കാണുമ്പോൾ, കുറേക്കൂടി സൽകർമങ്ങൾ ഞാൻ ചെയ്തിരുന്നെങ്കിൽ നന്നായേനെ എന്ന് മനുഷ്യൻ വിചാരിച്ചു പോകും. നരകാവകാശി ഇന്നയിന്നയാളുകളെ ഞാൻ ഐഹിക ലോകത്ത് കൂട്ടുകാരാക്കാതിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ എന്ന് പറയുന്ന അവസ്ഥയുണ്ടാകും.

അല്ലാഹു പറയുന്നു: "ആക്ഷേപകാരിയായ ആത്മാവിനെ(അഥവാ മനസ്സിനെ)ക്കൊണ്ടും ഞാൻ സത്യം ചെയ്തു പറയുന്നു" (75:2).

### 3. തിന്മക്ക് പ്രേരിപ്പിക്കുന്ന ആത്മാവ്

തിന്മക്ക് പ്രേരിപ്പിക്കുന്ന ആത്മാവ് (അന്നഫ്‌സുൽ അമ്മാറ), നഫ്‌സിന്റെ ഏറ്റവും താഴ്ന്ന നിലയാണ് ഇത്. അനന്തരഫലങ്ങളെക്കുറിച്ച് ചിന്തിക്കാതെ, മോഹിക്കുന്നതും ആഗ്രഹിക്കുന്നതുമായ എല്ലാ കാര്യങ്ങളും ചെയ്യാൻ വെമ്പുന്ന, ധർമാധർമ ചിന്തയില്ലാതെ, എല്ലാ ദുഷ്പ്രവൃത്തികളും ചെയ്യാൻ ഒരു വ്യക്തിയെ പ്രേരിപ്പിക്കുന്ന ആത്മാവ്.

ഈ അവസ്ഥയെപ്പറ്റി ക്വുർആനിൽ ഇങ്ങനെ കാണാം: "ഞാൻ എന്റെ മനസ്സിനെ കുറ്റത്തിൽനിന്ന് ഒഴിവാക്കുന്നില്ല. തീർച്ചയായും മനസ്സ് ദുഷ്പ്രവൃത്തിക്ക് ഏറെ പ്രേരിപ്പിക്കുന്നത് തന്നെയാകുന്നു. എന്റെ രക്ഷിതാവിന്റെ കരുണ ലഭിച്ച മനസ്സൊഴികെ. തീർച്ചയായും എന്റെ രക്ഷിതാവ് ഏറെ പൊറുക്കുന്നവനും കരുണചൊരിയുന്നവനുമാകുന്നു" (12:53).

ആത്മാവിന്റെ ഏറ്റവും മോശമായ അവസ്ഥയാണിത്. ഇങ്ങനെയുള്ള മനസ്സിന്റെ ഉടമകളാണ് ഇച്ഛകൾക്കനുസരിച്ച്, തോന്നിയ രൂപത്തിൽ എന്ത് വൃത്തികേടുകളും ചെയ്യുന്നത്. അല്ലാഹുവിന്റെ കൽപനകളെ വെടിഞ്ഞും ഇച്ഛകളെ പിൻപറ്റിയും ജീവിക്കുന്നരുടെ പര്യവസാനം അല്ലാഹു പരിചയപ്പെടുത്തുന്നു:

"തന്നിഷ്ടത്തെ നീ പിന്തുടർന്നു പോകരുത്. കാരണം അത് അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് നിന്നെ തെറ്റിച്ചുകളയും. അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് തെറ്റിപ്പോകുന്നവരാരോ അവർക്കുതന്നെയാകുന്നു കഠിനമായ ശിക്ഷയുള്ളത്. കണക്കുനോക്കുന്ന ദിവസത്തെ അവർ മറന്നുകളഞ്ഞതിന്റെ ഫലമത്രെ അത്" (38:26).

ഇച്ഛയുടെ വക്താക്കൾ സമൂഹത്തിൽ അനുദിനം വർധിക്കുകയാണ്. നാസ്തികരും സ്വതന്ത്രചിന്തകരും യുക്തിവാദികളുമൊക്കെ ഇച്ഛകളെ പിൻപറ്റുന്നവരാണ്. തന്നിഷ്ടത്തെ മാറ്റിനിർത്തി ജീവിതം റബ്ബിന്റെ പ്രീതിയിലാക്കി മാറ്റുന്നവർക്കാണ് ആത്യന്തിക വിജയം ലഭിക്കുക. ■

അഭിമുഖം

# നവകേരളസദസ്സ്: പരിഹാരം തേടുന്ന മുസ്‌ലിം സാമുദായിക പ്രശ്‌നങ്ങൾ

ടി.കെ അശ്‌റഫ് /
മുജീബ് ഒട്ടുമ്മൽ

**ഉദ്യോഗസ്ഥാകമ്പടിയോടെ കേരള മന്ത്രിസഭ ജനങ്ങളിലേക്കിറങ്ങി പരാതി സ്വീകരിക്കുന്ന നവകേരള സദസ്സ് മലയാളികൾക്ക് നവ്യാനുഭവമാണ്. കാലങ്ങളായി ന്യൂനപക്ഷ സമുദായമുണർത്തുന്ന കാതലായ ചില പ്രശ്നങ്ങളിലേക്ക് ശ്രദ്ധ തിരിക്കാനും പരിഹാരങ്ങൾ കണ്ടെത്താനുംകൂടി കഴിഞ്ഞാൽ ഈ യാത്ര സാർഥകമായി.**

കേരള മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ മന്ത്രിമാരും ചീഫ് സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥമേധാവികളുമടങ്ങുന്നവർ നിയോജക മണ്ഡലങ്ങളിലെത്തി ജനങ്ങളുടെ പരാതി നേരിട്ട് സ്വീകരിച്ചുകൊണ്ട് പരിഹാരം കാണുക ലക്ഷ്യമാക്കി നവകേരള സദസ്സ് സംസ്ഥാനത്തുടനീളം നടക്കുകയാണ്. സർക്കാർ ചെയ്ത ജനക്ഷേമപ്രവർത്തനങ്ങളും ചെയ്യാനിരിക്കുന്ന വികസനകാര്യങ്ങളും ജനങ്ങളെ അറിയിക്കുകകൂടി ലക്ഷ്യമാക്കിയാണ് കേരള മന്ത്രിസഭ ഉദ്യോഗസ്ഥരുടെ അകമ്പടിയോടെ സഞ്ചരിക്കുന്നതെന്നാണ് അവകാശപ്പെടുന്നത്. നവംബർ 18ന് മഞ്ചേശ്വരത്ത് ആരംഭിച്ച നവകേരള സദസ്സ് ഡിസംബർ 23ന് തിരുവനന്തപുരത്ത് പരിസമാപ്തി കുറിക്കുമെന്നാണ് അറിയാൻ കഴിഞ്ഞത്. പ്രത്യേക കൗണ്ടറുകൾ തയ്യാറാക്കി അവയിലൂടെ ജില്ലാതല ഉദ്യോഗസ്ഥർ ജനങ്ങളിൽനിന്ന് പരാതികൾ സ്വീകരിക്കുകയും നാലാഴ്ചക്കുള്ളിൽ പരാതി തീർപ്പാക്കുകയും 45 ദിവസങ്ങൾക്കകം പരിഹാരം തപാലിലൂടെ അറിയിക്കുകയും ചെയ്യും എന്നാണ് പറയുന്നത്.

ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ആശങ്കയുണ്ടാകുന്ന വിവിധ നിയമ പരിഷ്കാരങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കുന്ന സാഹചര്യമുണ്ട്. അവയെ അഭിമുഖീകരിക്കുവാനും പ്രായോഗിക പരിഹാരങ്ങളുണ്ടാക്കുവാനും സഞ്ചരിക്കുന്ന മന്ത്രിസഭക്ക് സാധിച്ചാൽ നവകേരളത്തിന് നവ്യാനുഭവമായിരിക്കും. സമൂഹത്തിലെ പരിഹാരം തേടുന്ന പ്രശ്നങ്ങളും, ഭരണകൂടം നിയമനിർമാണത്തിലൂടെ നടപ്പിലാക്കാൻ ശ്രമിക്കുന്ന സമൂഹത്തെ ബാധിക്കും വിധമുള്ള കാര്യങ്ങളും, ബഹുസ്വര



തയും വൈവിധ്യങ്ങളുമുള്ള മലയാളനാട്ടിൽ വിശ്വാസങ്ങളെയും ആദർശങ്ങളെയും ചോദ്യം ചെയ്യുംവിധമുള്ള സമീപനങ്ങളും സർക്കാർ എങ്ങനെ കൈകാര്യം ചെയ്യുമെന്നതറിയാൻ ഓരോ പൗരനും അവകാശമുണ്ട്.

സമൂഹത്തെയും മുസ്‌ലിം സമുദായത്തെയും ബാധിക്കുന്ന ഗൗരവതരമായ ചില പ്രശ്നങ്ങളും അവ പരിഹരിക്കാനുള്ള നിർദേശങ്ങും സർക്കാറിന്റെ ശ്രദ്ധയിൽ പെടുത്തുകയാണ് ഒരു അഭിമുഖത്തിലൂടെ, മുസ്‌ലിം നവോത്ഥാന കൈരളിക്ക് ദിശാബോധം നൽകിയ പരിഷ്കർത്താക്കളുടെ പാതയിൽ സഞ്ചരിക്കുന്ന നവോത്ഥാന സംഘടനയായ വിസ്ഡം ഇസ്‌ലാമിക്ഓർഗനൈസേഷന്റെ സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ അശ്റഫ്.

*? മുഖ്യമന്ത്രിയും മന്ത്രിമാരും ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലെ ഉദ്യോഗസ്ഥ പരിവാരങ്ങളും കൂടി ജനങ്ങളിലേക്ക് ഇറങ്ങിവന്ന് പരാതികൾ സ്വീകരിക്കുവാനും പരിഹരിക്കുവാനുമുള്ള നവകേരള സദസ്സ് പ്രതീക്ഷ നൽകുന്നതല്ലേ? സമുദായം നേരിടുന്ന പ്രശ്നങ്ങളിൽ ശരിയായ നിലപാടിലൂടെ പരിഹാരശ്രമങ്ങൾ നടത്തുന്ന സംഘടനയുടെ നേതൃത്വത്തിലിരിക്കുന്ന വ്യക്തിയെന്ന നിലയിൽ നവകേരള സദസ്സിന്റെ ശ്രദ്ധയിൽ വരേണ്ട എന്തെങ്കിലും കാര്യങ്ങൾ ചൂണ്ടിക്കാണിക്കാനുണ്ടോ?*

! സമൂഹത്തിലെ സർവ മേഖലകളിലെയും പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയും വിവിധ പദ്ധതികളാവിഷ്കരിച്ച് നടപ്പിലാക്കി

**ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ആശങ്കയുണ്ടാകുന്ന വിവിധ നിയമ പരിഷ്കാരങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കുന്ന സാഹചര്യമുണ്ട്. അവയെ അഭിമുഖീകരിക്കുവാനും പ്രായോഗിക പരിഹാരങ്ങളുണ്ടാക്കുവാനും സഞ്ചരിക്കുന്ന മന്ത്രിസഭക്ക് സാധിച്ചാൽ നവകേരളത്തിന് നവ്യാനുഭവമായിരിക്കും. സമൂഹത്തിലെ പരിഹാരം തേടുന്ന പ്രശ്നങ്ങളും, ഭരണകൂടം നിയമനിർമാണത്തിലൂടെ നടപ്പിലാക്കാൻ ശ്രമിക്കുന്ന സമൂഹത്തെ ബാധിക്കും വിധമുള്ള കാര്യങ്ങളും, ബഹുസ്വരതയും വൈവിധ്യങ്ങളുമുള്ള മലയാളനാട്ടിൽ വിശ്വാസങ്ങളെയും ആദർശങ്ങളെയും ചോദ്യം ചെയ്യുംവിധമുള്ള സമീപനങ്ങളും സർക്കാർ എങ്ങനെ കൈകാര്യം ചെയ്യുമെന്നതറിയാൻ ഓരോ പൗരനും അവകാശമുണ്ട്.**



**രാഷ്ട്രശിൽപികൾ പിന്നാക്കവിഭാഗങ്ങൾക്ക് അവസരസമത്വവും ഭരണപങ്കാളിത്തവും ഉറപ്പുവരുത്തി അവരെ ശാക്തീകരിക്കുന്നതിനായി ഇന്ത്യൻ ഭരണഘടനയിലൂടെ വിഭാവന ചെയ്തതാണ് സംവരണം. കേരളത്തിൽ അതെത്രത്തോളം നടപ്പിൽ വരുത്തിയെന്ന് പരിശോധിച്ചാൽ മാത്രം മതി സാമുദായിക പ്രശ്നങ്ങളെ അധികാരികൾ സമീപിക്കുന്ന രീതി മനസ്സിലാക്കാൻ. കേരള ജനസംഖ്യയുടെ 27 ശതമാനം വരുന്ന മുസ്‌ലിംകൾ ഉദ്യോഗപ്രാതിനിധ്യത്തിൽ മൈനസ് 136-ാം സ്ഥാനത്താണെന്ന് ശാസ്ത്ര സാഹിത്യ പരിഷത്ത് കണ്ടെത്തിയിട്ടും അത് പരിഹരിക്കാൻ എന്ത് പദ്ധതിയാണ് ആവിഷ്കരിച്ചതെന്ന് സർക്കാർ വ്യക്തമാക്കണം.**

സുരക്ഷിതത്വം, സുഭിക്ഷത, വിദ്യാഭ്യാസം, നിർഭയത്വം, അവകാശങ്ങൾ വകവെച്ചുകൊടുക്കൽ, പിന്നാക്ക വിഭാഗങ്ങളുടെ ഭരണപങ്കാളിത്തം, അവസരസമത്വം, സംവരണ അവകാശങ്ങൾ, നീതി എന്നിവ കാര്യക്ഷമമായി നടപ്പിൽ വരുത്താൻ സദസ്സ് ഉപകാരപ്പെടുകയാണെങ്കിൽ വളരെ നല്ലകാര്യം തന്നെയാണ്. പിന്നാക്ക വിഭാഗങ്ങളെ ശാക്തീകരിക്കാൻ കഴിഞ്ഞ കാലങ്ങളിലെ സർക്കാരുകൾ കൊണ്ടുവന്ന പദ്ധതികൾ നടപ്പാക്കുവാൻ സദസ്സിൽ തീരുമാനമാകണം. കഴിഞ്ഞ കാലങ്ങളിൽ മുസ്‌ലിം സമുദായം ഉയർത്തിക്കാട്ടിയ ധാരാളം പ്രശ്നങ്ങൾക്ക് പരിഹാരമായുള്ള സമീപനത്തെക്കുറിച്ചുള്ള പരാമർശവും നവകേരള സദസ്സിൽനിന്ന് ഉയർന്നു കേൾക്കണം.

*? നവകേരള സദസ്സിലൂടെ പരാതികൾ സ്വീകരിച്ച് പരിഹാരം കാണാൻ സർക്കാർ സന്നദ്ധമായിട്ടും മുസ്‌ലിം സമുദായത്തിന്റെ നേതൃത്വത്തിൽനിന്ന് സാമുദായിക പ്രശ്നങ്ങളൊന്നും ശ്രദ്ധയിൽപ്പെടുത്തിയതായി കാണുന്നില്ല. കേരള സർക്കാർ സമുദായത്തിന്റെ പ്രശ്നങ്ങളെല്ലാം പരിഹരിച്ചുകഴിഞ്ഞുവെന്നാണോ ഇതിൽനിന്ന് മനസ്സിലാക്കേണ്ടത്?*

! സാമുദായിക പ്രശ്നങ്ങൾ നവകേരള സദസ്സിൽ വിശദമായ ചർച്ചകൾക്ക് വിധേയമാക്കണം. പരിഹാരമുണ്ടാകാത്തതും യുദ്ധകാലാടിസ്ഥാനത്തിൽ പരിഹരിക്കേണ്ടതുമായ ധാരാളം സാമുദായിക പ്രശ്നങ്ങളുണ്ട്. മുസ്‌ലിം നേതൃത്വം അവയെക്കുറിച്ച് സംസാരിക്കാത്തത് അവസരം ലഭിക്കാത്തതുകൊണ്ടാകാം, അല്ലെങ്കിൽ ശ്രദ്ധക്കുറവായിരിക്കാം എന്നല്ലാതെ പ്രശ്നങ്ങളില്ലെന്ന് അതിനർഥമില്ല. രാഷ്ട്രശിൽപികൾ പിന്നാക്കവിഭാഗങ്ങൾക്ക് അവസരസമത്വവും ഭരണപങ്കാളിത്തവും ഉറപ്പുവരുത്തി അവരെ ശാക്തീകരിക്കുന്നതിനായി ഇന്ത്യൻ ഭരണഘടനയിലൂടെ വിഭാവന ചെയ്തതാണ് സംവരണം. കേരളത്തിൽ അതെത്രത്തോളം നടപ്പിൽ വരുത്തിയെന്ന് പരിശോധിച്ചാൽ മാത്രം മതി സാമുദായിക പ്രശ്നങ്ങളെ അധികാരികൾ സമീപിക്കുന്ന രീതി മനസ്സിലാക്കാൻ. കേരള ജനസംഖ്യയുടെ 27 ശതമാനം വരുന്ന മുസ്‌ലിംകൾ ഉദ്യോഗപ്രാതിനിധ്യത്തിൽ മൈനസ് 136-ാം സ്ഥാനത്താണെന്ന് ശാസ്ത്ര സാഹിത്യ പരിഷത്ത് കണ്ടെത്തിയിട്ടും അത് പരിഹരിക്കാൻ എന്ത് പദ്ധതിയാണ് ആവിഷ്കരിച്ചതെന്ന് സർക്കാർ വ്യക്തമാക്കണം. ഡോ. മൻമോഹൻ സിംഗിന്റെ നേതൃത്വത്തിലുള്ള കേന്ദ്ര സർക്കാർ മുസ്‌ലിം പിന്നാക്കാവസ്ഥ പഠിക്കാൻ നിയോഗിച്ച രചീന്ദർ സച്ചാർ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിൽ സമുദായത്തിന്റെ അതിദയനീയത ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അത് പരിഹരിക്കാൻ സംസ്ഥാനങ്ങൾക്ക് നിർദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ പാലോളി കമ്മിറ്റിയെ നിയോഗിച്ചു. അവർ കണ്ടെത്തിയ പിന്നാക്കാവസ്ഥ പരിഹരിക്കാനും തുടർപദ്ധതികളോ പരിഷ്കാരങ്ങളോ ആവിഷ്കരിക്കാനും നവകേരള സദസ്സിൽ തീരുമാനമാകണം.

മുസ്‌ലിം യുവജന പരിശീലന കേന്ദ്രങ്ങൾ സ്ഥാപിച്ചുവെങ്കിലും മുസ്‌ലിം സമുദായത്തിന് മാത്രം ലഭിക്കേണ്ടിയിരുന്ന സൗകര്യങ്ങളിൽ ഇതര സംവരണ വിഭാഗങ്ങൾക്കും അതിൽനിന്ന് 20 ശതമാനം അനുവദിച്ചുകൊണ്ട് സമുദായത്തിന് കുറവുവരുത്തിയിട്ടുണ്ട്, അതിനും പരിഹാരമാകണം. ന്യൂനപക്ഷ വിഭാഗങ്ങളിലേക്ക് ചേർത്തുവെച്ചുകൊണ്ട് 47 ശതമാനം ആനുകൂല്യങ്ങൾ വീണ്ടും സമുദായത്തിന് നഷ്ടപ്പെട്ടത് പുനഃപരിശോധിക്കുകയും പരിഹാരമുണ്ടാക്കുകയും വേണം. മുസ്‌ലിം സമൂഹത്തിൽനിന്നും നേതൃത്വത്തിൽനിന്നും ശക്തമായ മുറവിളി ഉയർന്നിട്ടും ഇന്നും അതിന് പരിഹാരം കാണാതെ, അവകാശങ്ങൾ നിഷേധിച്ചുകൊണ്ടിരിക്കു

ന്നതിനെ ഗൗരവമായി കാണണം. എന്നാൽ മുന്നാക്ക വിഭാഗത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് 10 ശതമാനം സംവരണം ഏർപ്പെടുത്താൻ ബിജെപി ഭരിക്കുന്ന സംസ്ഥാനങ്ങൾ തിടുക്കം കാണിച്ചതുപോലെ കേരള സർക്കാറും ധൃതിപ്പെട്ടത് ആശ്ചര്യപ്പെടുത്തുന്നു. നവകേരള സദസ്സ് ഈ വിഷയത്തിലും മൗനം പാലിക്കുന്നതിൽ ആശങ്കയുണ്ട്.


*? മുസ്‌ലിം സമുദായത്തിന് അർഹതപ്പെട്ട സംവരണങ്ങളിൽ കുറവ് വരുത്തിയെന്നാണോ താങ്കളുടെ അഭിപ്രായം? നവകേരള സദസ്സ് ഇനിയും പ്രതികരിക്കാത്ത സംവരണ പ്രശ്നങ്ങൾ വേറെയും ഉണ്ടെന്നാണോ? ഭിന്നശേഷി സംവരണം നടപ്പിലാക്കുന്നതിലും സമുദായത്തിന്റെ സംവരണാവകാശം നഷ്ടമാകുന്നുണ്ടോ?*

! സംസ്ഥാനത്ത് 14 ശതമാനത്തിൽ താഴെയുള്ള മുന്നാക്ക വിഭാഗങ്ങൾക്ക് 10 ശതമാനമാണ് സംവരണം. എന്നാൽ 27 ശതമാനമുള്ള മുസ്‌ലിം സമുദായത്തിന് കേവലം 12 ശതമാനമാണ് അനുവദിച്ചിരിക്കുന്നത്. എന്നാൽ സംസ്ഥാന സർക്കാർ സർവീസിൽ 4 ശതമാനം ഭിന്നശേഷി സംവരണം നടപ്പാക്കാനായി മുസ്‌ലിം സംവരണത്തിൽനിന്ന് രണ്ടു ശതമാനംകൂടി കുറവുവരുത്തുന്നുവെന്നതാണ് സർക്കാരിന്റെ പുതിയ സംവരണ നയം. നിയമസഭയിൽ ഇത് തിരുത്തുമെന്ന് ഉന്നത വിദ്യാഭ്യാസ മന്ത്രി ആർ ബിന്ദു ഉറപ്പ് നൽകിയെങ്കിലും പുതിയ നിർദേശങ്ങളിൽ അത് തിരുത്താതെ നിലനിൽക്കുന്നു. സംഘപരിവാരങ്ങളും വർഗീയ വാദികളും ആരോപിക്കുന്നതനുസരിച്ച് സർക്കാറിന്റെ സംവരണ നയം സമുദായത്തെ ഏറെ ആശങ്കയിൽ നിറുത്തുന്നു. നവകേരള സദസ്സിൽ മുഖ്യമന്ത്രി നിർബന്ധമായും പ്രതികരിക്കേണ്ട പ്രശ്നമാണിത്. ഓരോ പത്തുവർഷം കൂടുമ്പോഴും നടത്തണമെന്ന് കോടതി നിർദേശിച്ച 'സോഷ്യോ എക്കണോമിക് കാസ്റ്റ് സർവേ' നടത്താൻ സർക്കാർ തയ്യാറാകണം. സംസ്ഥാനത്തെ സർക്കാർ ഉദ്യോഗസ്ഥരുടെ ജാതിതിരിച്ചുള്ള കണക്ക് പ്രസിദ്ധീകരിക്കുകയും വേണം. ഈ വിഷയത്തിൽ ധവളപത്രമിറക്കി ജനങ്ങളുടെ സംശയങ്ങൾ ദുരീകരിക്കണം. അല്ലെങ്കിൽ സമുദായത്തിന്റെ അവകാശങ്ങൾ അപഹരിക്കപ്പെടുകയും സംഘപരിവാരങ്ങളുടെ പ്രചാരണത്തിൽ സമൂഹം പെട്ടുപോവുകയും ചെയ്യും. നവകേരള സദസ്സ് ഈ വിഷയം മുഖ്യമായെടുത്ത് പരിഹാരം കാണണം.

**ഓരോ പത്തുവർഷം കൂടുമ്പോഴും നടത്തണമെന്ന് കോടതി നിർദേശിച്ച 'സോഷ്യോ എക്കണോമിക് കാസ്റ്റ് സർവേ' നടത്താൻ സർക്കാർ തയ്യാറാകണം. സംസ്ഥാനത്തെ സർക്കാർ ഉദ്യോഗസ്ഥരുടെ ജാതിതിരിച്ചുള്ള കണക്ക് പ്രസിദ്ധീകരിക്കുകയും വേണം. ഈ വിഷയത്തിൽ ധവളപത്രമിറക്കി ജനങ്ങളുടെ സംശയങ്ങൾ ദുരീകരിക്കണം. അല്ലെങ്കിൽ സമുദായത്തിന്റെ അവകാശങ്ങൾ അപഹരിക്കപ്പെടുകയും സംഘപരിവാരങ്ങളുടെ പ്രചാരണത്തിൽ സമൂഹം പെട്ടുപോവുകയും ചെയ്യും**

*? സംഘപരിവാര ഭരണകൂടത്തിനു കീഴിൽ ന്യൂനപക്ഷങ്ങൾ പല സംസ്ഥാനങ്ങളിലും അരക്ഷിതാവസ്ഥയിലാണ് കഴിഞ്ഞുകൂടുന്നത്. വിദ്വേഷ പ്രചാരണത്തിലൂടെ വെറുപ്പുൽപാദിപ്പിക്കുകയാണവർ ചെയ്യുന്നത്. എന്നാൽ പ്രബുദ്ധരായ മലയാളികൾക്കിടയിൽ അത്തരം പ്രശ്നങ്ങളില്ലെന്ന് താങ്കൾക്ക് അഭിപ്രായമുണ്ടോ? നവകേരള സദസ്സ് ചർച്ച ചെയ്യേണ്ടതും പരിഹരിക്കേണ്ടതുമായ വിഷയങ്ങളിൽ വെറുപ്പുൽപാദകർക്കും സംഘങ്ങൾക്കും നിയന്ത്രണമേർപ്പെടുത്തുന്നില്ലെന്ന് താങ്കൾക്ക് അഭിപ്രായമുണ്ടോ? സർക്കാർ ഈ വിഷയത്തിൽ എന്തു നിലപാടാണ് സ്വീകരിക്കേണ്ടത്?*

! ഇതര സംസ്ഥാനങ്ങളെയപേക്ഷിച്ച് കേരള പ്രബുദ്ധത അത്തരം വർഗീയ ചിന്തകളെ നിരാകരിക്കുന്നുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. വെറുപ്പിന്റെ ശക്തികൾക്ക് ഭരണസംവിധാനങ്ങളിൽ എവിടെയും അവസരം നൽകാതെ ജനങ്ങൾ ശ്രദ്ധിക്കുന്നുണ്ടെന്നുള്ളതുകൊണ്ടാണത്. എന്നാലും ഭരണരംഗത്തുള്ളവരുടെ നിലപാടുകളിൽ അത്തരം ശക്തികൾ വെറുപ്പുൽപാദനത്തിന് പഴുതുകൾ തേടുന്നുണ്ട്. പഴുതടച്ചുകൊണ്ട് ഈ പ്രശ്നങ്ങളെ



തുടച്ചുനീക്കാൻ സർക്കാറിന് സാധിക്കണം. നവകേരള സദസ്സ് ഈ വിഷയത്തെയും ഗൗരവമായി കാണേണ്ടതുണ്ട്. കാരണം സമൂഹത്തിൽ സ്പർധയും സംഘർഷങ്ങളും സൃഷ്ടിക്കാനുള്ള ശ്രമങ്ങൾ പല ഭാഗത്തുനിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നുവെന്നത് അവിതർക്കിതമാണ്. കളമശ്ശേരിയിലെ ബോംബ് സ്ഫോടനങ്ങളും അനുബന്ധ സംഭവങ്ങളും ബോധ്യപ്പെടുത്തുന്ന കാര്യം അതാണ്. മുസ്‌ലിം സമുദായത്തെ പ്രതിക്കൂട്ടിൽ നിറുത്തി ഭീകരതയാരോപിച്ച് സമാധാനം തകർക്കാൻ മാധ്യമങ്ങളടക്കം പലരും ശ്രമിച്ചിട്ടുണ്ട്. വ്യക്തികളും പ്രസ്ഥാനങ്ങളും മാധ്യമങ്ങളും നിരന്തരമായി അതിനുവേണ്ടി മാത്രം പലതും ആസൂത്രണം ചെയ്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നുണ്ട്.

ദൃശ്യ-ശ്രാവ്യ ഓൺലൈൻ മാധ്യമങ്ങൾ പ്രചരിപ്പിക്കുന്ന കാര്യങ്ങൾ നാട്ടിൽ സംഘർഷവും വെറുപ്പും സൃഷ്ടിക്കുന്നവയാണ്. സംഘപരിവാര പ്രവർത്തകർ സമൂഹമാധ്യമങ്ങളിലൂടെയും അല്ലാതെയും പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്ന നുണകളും വലിയ പ്രത്യാഘാതങ്ങളുണ്ടാക്കുന്നവയാണ്. എന്നിട്ടും അത്തരം ആളുകൾ ശക്തമായ ശിക്ഷാനടപടികൾക്ക് വിധേയമാകാത്തത് ആശങ്കയുണ്ടാക്കുന്ന കാര്യമാണ്. ചിലർക്കെതിരെ കേസെടുത്ത് സമാധാനം സ്ഥാപിക്കാനുള്ള സർക്കാറിന്റെ ശ്രമം പ്രശംസനീയമാണ്. എങ്കിലും അത്തരം കേസുകളുടെ സത്യാവസ്ഥയും അത് എത്രത്തോളം ഫലപ്രദമാണെന്ന കാര്യവും ജനങ്ങളെ ബോധ്യപ്പെടുത്തേണ്ടതുണ്ട്. നവകേരള സദസ്സിലൂടെ ഈ വിഷയത്തിലെ സർക്കാർ നയം ജനങ്ങളെ അറിയിക്കേണ്ടതുണ്ട്.

**സംഘപരിവാര പ്രവർത്തകർ സമൂഹമാധ്യമങ്ങളിലൂടെയും അല്ലാതെയും പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്ന നുണകളും വലിയ പ്രത്യാഘാതങ്ങളുണ്ടാക്കുന്നവയാണ്. എന്നിട്ടും അത്തരം ആളുകൾ ശക്തമായ ശിക്ഷാനടപടികൾക്ക് വിധേയമാകാത്തത് ആശങ്കയുണ്ടാക്കുന്ന കാര്യമാണ്. ചിലർക്കെതിരെ കേസെടുത്ത് സമാധാനം സ്ഥാപിക്കാനുള്ള സർക്കാറിന്റെ ശ്രമം പ്രശംസനീയമാണ്. എങ്കിലും അത്തരം കേസുകളുടെ സത്യാവസ്ഥയും അത് എത്രത്തോളം ഫലപ്രദമാണെന്ന കാര്യവും ജനങ്ങളെ ബോധ്യപ്പെടുത്തേണ്ടതുണ്ട്. നവകേരള സദസ്സിലൂടെ ഈ വിഷയത്തിലെ സർക്കാർ നയം ജനങ്ങളെ അറിയിക്കേണ്ടതുണ്ട്.**




*? ലോകത്ത് ഇസ്‌ലാമോഫോബിയയുടെ പ്രചാരകരായി സാമ്രാജ്യത്വത്തിന്റെ വിവിധ അജണ്ടകൾ നടപ്പിലാക്കാനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. മാധ്യമങ്ങളാണ് അതിൽ പ്രധാന ചുമതല വഹിക്കുന്നതെന്നറിയാമല്ലോ? എന്നാൽ സാമ്രാജ്യത്വ അജണ്ടകളെക്കുറിച്ച് അവബോധമുള്ളവരാണ് കേരളത്തിലെ ജനങ്ങൾ. എന്നിട്ടും ഇസ്‌ലാം വെറുപ്പിന്റെ പ്രചാരണം ഇവിടെ നടക്കുന്നുണ്ടെന്ന് ഓരോ സംഭവവും പറഞ്ഞ് തരുന്നുണ്ട്. സർക്കാർ ഇതിൽ ഇടപെടേണ്ടതുണ്ടോ? നവകേരള സദസ്സിൽനിന്നുള്ള അനിവാര്യമായ പരിഹാരമെന്തായിരിക്കണം?*

! ഇസ്‌ലാമോഫോബിയയുടെ പ്രചാരണ ഭാഗമായി ലോകത്ത് നടന്നുകൊണ്ടിരിക്കുന്ന കാര്യങ്ങളുടെ അലയൊലികൾ കേരളത്തിലും ഉണ്ടായിട്ടുണ്ടെന്നത് നിഷേധിക്കുന്നില്ല. പക്ഷേ, മലയാളി പ്രബുദ്ധതക്കിടയിൽ അത് വിലപോയില്ലെന്ന് മാത്രം. ലോകത്തിനുതന്നെ മാതൃകയായ, കേരളത്തിന്റെ സൗഹൃദത്തിന്റെയും സാഹോദര്യത്തിന്റെയും സഹിഷ്ണുതയുടെയും പാഠമാണ് അതിനു കാരണം. എന്നാൽ സൗഹൃദ പാരമ്പര്യത്തെ തകർക്കാനുള്ള ശ്രമം സഹിത്യരചനകളിലൂടെയും സംഘടനാ പ്രചാരണങ്ങളിലൂടെയുമെല്ലാം ഉണ്ടായിട്ടുണ്ട്. അതിനെ ചെറുത്തു തോൽപിക്കാൻ മലയാളികൾക്കായിട്ടുമുണ്ട്. അതിനായി പൊതുജനങ്ങളെ പോലെ അധികാരികളും ജാഗ്രത പാലിച്ചിരുന്നു.

സമീപകാലത്ത് നടന്ന ചില സംഭവവികാസങ്ങളിൽ ഇസ്‌ലാമിനെയും മുസ്‌ലിംകളെയും പ്രതികൂട്ടിൽ നിറുത്താൻ മലയാളി പൊതുബോധം ധൃതികാണിക്കുന്നത് ആശങ്കയുണ്ടാക്കുന്നു. കളമശ്ശേരിയിൽ സ്ഫോടനം നടന്നപ്പോൾ ഫലസ്തീൻ ഐക്യദാർഢ്യം പ്രഖ്യാപിച്ച മുസ്‌ലിം സമുദായത്തിലേക്ക് വിരൽ ചൂണ്ടിയാണ് മതനിരപേക്ഷതയുടെ മാധ്യമ അമ്പാസിഡർമാർ വാചാലമായത്. അക്രമി മുസ്‌ലിം നാമധാരിയല്ലെന്ന് മനസ്സിലായപ്പോൾ ഏഴുപേർ കൊല്ലപ്പെട്ടിട്ടും ബോംബാക്രമണത്തിന് ഭീകരപരിവേഷം നൽകാൻ പൊതുബോധം വല്ലാതെ മടിക്കുന്നതായി കാണുന്നു. കൊലപാതകം ചരമക്കോളത്തിലേക്കും ഭീകരാക്രമണം പ്രതിരോധത്തിലേക്കും വഴിമാറി! കൊല്ലം ജില്ലയിലെ ഒയൂരിൽ

ആറു വയസ്സുകാരിയെ തട്ടിക്കൊണ്ടുപോയ കേസിലും മുസ്‌ലിം സമുദായം മുൾമുനയിലായിരുന്നു. ഷാജഹാൻ എന്ന വ്യക്തിയുടെ രൂപത്തോട് രേഖാചിത്രത്തിന് സാമ്യമുണ്ടെന്നറിഞ്ഞ് സംഘപരിവാര പ്രഭൃതികൾ അയാളുടെ കുടിൽ തകർത്തു. യഥാർഥ പ്രതികളായ പത്മകുമാറും കുടുംബവും പിടിക്കപ്പെട്ടപ്പോൾ 'ഭീകര സംഘം' അല്ലാതാവുകയും കടബാധ്യതയാൽ ചെയ്തുപോയ കേവലം ഒരബദ്ധമായി അത് മാറുകയും ചെയ്തു.

ഇങ്ങനെ മുസ്‌ലിം സമുദായത്തെ കൂടുതൽ അരക്ഷിതാവസ്ഥയിലേക്ക് തള്ളിയിടുന്ന പ്രചാരണങ്ങൾക്ക് അറുതി വരുത്താനും കൂടുതൽ സുരക്ഷിതത്വം ഉറപ്പാക്കാനും നിയമപാലകരെയും നിയമപാലനത്തെയും മാധ്യമങ്ങളെയും പ്രവർത്തകരെയും നിയന്ത്രിക്കാൻ വ്യക്തമായ നയം കൊണ്ട് വരാൻ സർക്കാറിന് സാധിക്കണം. കുറ്റം ആര് ചെയ്താലും ശിക്ഷിക്കപ്പെടണമെന്ന നീതിയുടെ ശബ്ദം സമൂഹത്തിൽ ഉയർന്ന് വരണം.

*? മദ്റസാ അധ്യാപകർക്ക് ശമ്പളവും പലിശരഹിത വായ്പകൾ, പെൻഷൻ തുടങ്ങിയ ആനുകൂല്യങ്ങളും സർക്കാർ നൽകുന്നുവെന്ന ആരോപണം കാലങ്ങളായി സംഘപരിവാരങ്ങൾ ഉയർത്തുന്നുണ്ട്, ക്ഷേത്രങ്ങളിലെ ഭണ്ഡാരങ്ങളിൽനിന്നുള്ള വരുമാനമാണ് സർക്കാർ അതിനായി അധികവും വിനിയോഗിക്കുന്നത് എന്നുകൂടി പറഞ്ഞ് ആരോപണത്തിന് എരിവുപകരാൻ ശ്രമിക്കുന്നുണ്ട്. സത്യത്തിൽ സർക്കാർ ഈ വിഷയത്തിൽ ഒരു വ്യക്തത നൽകേണ്ടതില്ലേ? നവകേരള യാത്രയിൽ നിന്ന് ഇതേപ്പറ്റി എന്തെങ്കിലും പ്രതീക്ഷിക്കാമോ?*

! മദ്റസാ അധ്യാപകർക്ക് ശമ്പളവും പെൻഷനും ആനുകൂല്യങ്ങളും സർക്കാർ നൽകുന്നുണ്ടെന്ന് കാലങ്ങളായി സംഘപരിവാരങ്ങൾ ആരോപിക്കുന്ന കാര്യമാണ്. അതിന്റെ വസ്തുത വിശദീകരിക്കേണ്ട സമയത്ത് സർക്കാർ അങ്ങേയറ്റത്തെ മൗനത്തിലായിരുന്നു. മുസ്‌ലിം ന്യൂനപക്ഷത്തിന്റെ വോട്ടുകൾ ലക്ഷ്യമാക്കിയാണ് മൗനമായിരുന്നതെന്ന് വിലയിരുത്തപ്പെടുന്നു. ഈ വിഷയം വർഗീയതയ്ക്കും വിദ്വേഷത്തിനും വിഭാഗീയതയ്ക്കും സംഘപരിവാരങ്ങൾ യഥേഷ്ടം ഉപയോഗപ്പെടുത്തിയതിനു ശേഷമാണ് നിയമസഭയിൽ മുഖ്യമന്ത്രി കാര്യം വ്യക്തമാക്കിയത്. സാമുദായികമായി വലിയ പ്രത്യാഘാതമുണ്ടാക്കുന്ന വിഷയത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായ നിസ്സംഗതയെക്കുറിച്ച് ആശ്വാസകരമായ വിശദീകരണം മുഖ്യമന്ത്രിയിൽനിന്നുണ്ടാകണം. അങ്ങനെയൊരു ആനുകൂല്യം ഇക്കാലംവരെയും മദ്റസാ നടത്തിപ്പിനായി സമുദായം വാങ്ങിയിട്ടില്ല. ഉദാരമതികളായ വിശ്വാസികളിൽനിന്ന് ദാനധർമം വഴി സാമ്പത്തിക സമാഹരണം നടത്തിയാണ് കമ്മിറ്റികൾ മുന്നോട്ടുപോകുന്നത്.

മദ്റസാ അധ്യാപക ക്ഷേമനിധി ബോർഡ് സ്ഥാപിച്ചത് ആനുകൂല്യ വിതരണത്തിനല്ലേ എന്ന ചോദ്യവും സ്വാഭാവികമായി ഉണ്ട്. എന്നാൽ പ്രതിമാസം ചെറിയ സംഖ്യ മദ്റസാധ്യാപകരിൽനിന്ന് ഈടാക്കുകയും ആനുകൂല്യങ്ങൾക്കായുള്ള അപേക്ഷാ സ്വീകരണത്തിന് അസാധ്യമായ നിബന്ധനകൾ വെക്കുകയും ചെയ്തുകൊണ്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. സാധ്യമായവിധം ഇത്തരം നടപടിക്രമങ്ങൾ എളുപ്പമാക്കുകയാണ് വേണ്ടത്. നവകേരള സദസ്സ് ഇതിന് ഒരു കാരണമാകട്ടെ എന്ന് ആശിക്കുന്നു.

*? വഖഫ് ബോർഡ് നിയമനം പിഎസ്‌സിക്ക് വിടുന്നതുമായി ബന്ധപ്പെട്ട വിവാദങ്ങൾ കേരളത്തിൽ ശക്തമായിരുന്നല്ലോ. എന്നാൽ മുസ്‌ലിം സംഘടനകളുടെയും സമൂഹത്തിന്റെയും ശക്തമായ ആവശ്യപ്രകാരം അത് പിൻവലിക്കുകയും ചെയ്തു. യഥാർഥത്തിൽ മുസ്‌ലിം സമുദായത്തിന്റെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് നിർവഹിച്ചുകൊടുക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമായി മുന്നോട്ട് പോകുന്നുവെന്നല്ലേ നാം മനസ്സിലാക്കേണ്ടത്. എന്താണ് താങ്കൾക്കതിൽ പറയാനുള്ളത്?*

> **പ്രതിമാസം ചെറിയ സംഖ്യ മദ്റസാധ്യാപകരിൽനിന്ന് ഈടാക്കുകയും ആനുകൂല്യങ്ങൾക്കായുള്ള അപേക്ഷാ സ്വീകരണത്തിന് അസാധ്യമായ നിബന്ധനകൾ വെക്കുകയും ചെയ്തുകൊണ്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. സാധ്യമായവിധം ഇത്തരം നടപടിക്രമങ്ങൾ എളുപ്പമാക്കുകയാണ് വേണ്ടത്. നവകേരള സദസ്സ് ഇതിന് ഒരു കാരണമാകട്ടെ എന്ന് ആശിക്കുന്നു.**

! വഖഫ് സ്വത്തുക്കൾ അല്ലാഹുവിന്റേതാണ്. അത് കൈകാര്യം ചെയ്യേണ്ടവർ ദൈവഭക്തിയുള്ളവരും വിശ്വാസികളുമായിരിക്കണമെന്ന നിബന്ധനയുണ്ട്. അത് മറികടന്നുകൊണ്ടാണ് പിണറായി സർക്കാർ വഖഫ് നിയമനം പിഎസ്‌സിക്ക് വിടാൻ തീരുമാനിച്ചത്. ഈ നിലപാടിലൂടെ മുസ്‌ലിംകൾക്ക് വലിയ നഷ്ടമാണ് സംഭവിക്കാനിരുന്നത്. അതിലൊന്ന് മുസ്‌ലിം നാമധാരികളായ നാസ്തികർ കൈകാര്യകർത്താക്കളാകും എന്നതാണ്. മതത്തിന്റെ നിയമവശങ്ങൾ കാറ്റിൽ പറത്തി, അതിന്റെ പവിത്രതയെ ചോദ്യം ചെയ്യും വിധമായിരിക്കും അവർ അത് നടപ്പിലാക്കാൻ ശ്രമിക്കുക. രണ്ടാമത്തെ

നഷ്ടം സർക്കാർ ഉദ്യോഗങ്ങളിലെ അഡ്മിനിസ്ട്രേഷൻ നിയമനങ്ങളിൽ മുസ്‌ലിം സമുദായത്തിന്റെ പ്രാതിനിധ്യത്തിൽ കുറവു വരുമെന്നതാണ്. കാരണം ഡിഗ്രി യോഗ്യതയുള്ളവരുടെ കാറ്റഗറിയിലാണ് വഖഫ് ബോർഡ് നിയമനം നടക്കുന്നത്. ഡിഗ്രി യോഗ്യതയുള്ളവരെ വ്യത്യസ്ത വിഭാഗങ്ങളിലും തസ്തികകളിലും നിയമനം നടക്കുമ്പോൾ മുസ്‌ലിം സംവരണ കാറ്റഗറിയിലുള്ള ഉദ്യോഗാർഥികളെ വഖഫ് ബോർഡിൽ നിയമിച്ചാൽ ഇതര വിഭാഗങ്ങളിൽ മുസ്‌ലിം പ്രാതിനിധ്യം വളരെ കുറവായിരിക്കും. അതീവ ഗൗരവമുള്ള ഇത്തരം വിഷയങ്ങൾ സർക്കാറിന്റ ശ്രദ്ധയിൽ പെടുത്തിയപ്പോഴാണ് അത് പിൻവലിക്കാൻ തയ്യാറായത്. അത് സർക്കാറിന്റെ ഔദാര്യമല്ലെന്നർഥം. അഥവാ കാലങ്ങളായി മുസ്‌ലിം സമുദായം അനുഭവിച്ചുകൊണ്ടിരുന്ന ആനുകൂല്യങ്ങൾ എടുത്തുകളയുകയും പിന്നീട് സമുദായം അതിനെതിരെ ശക്തമായി പ്രതികരിക്കുമ്പോൾ സർക്കാർ ഔദാര്യമായി നൽകുന്നുവെന്ന പ്രതീതിയുണ്ടാക്കി മുതലെടുപ്പിന് ശ്രമിക്കുകയും ചെയ്യുന്ന ശൈലിയാണ് സർക്കാർ സ്വീകരിക്കുന്നത് എന്നത് ശ്രദ്ധേയമാണ്. സമുദായം നവകേരള സദസ്സിൽനിന്ന് വിശദീകരണം പ്രതീക്ഷിക്കുന്ന ഒരു വിഷയമാണിത്.

*? ബഹുസ്വര സമൂഹമെന്ന നിലയിൽ സർക്കാരിന്റെ വ്യത്യസ്ത പദ്ധതികളും പഠനങ്ങളും പരീക്ഷകളുമെല്ലാം ആരാധനാ സ്വാതന്ത്ര്യത്തെയും മൗലികാവകാശങ്ങളെയും ഹനിക്കാത്ത രീതിയിൽ കേരളത്തിലെ മാറിമാറി വരുന്ന സർക്കാറുകൾ നടപ്പിലാക്കിയിരുന്നു. എന്നാൽ രണ്ടാം പിണറായി സർക്കാർ അധികാരം ഏറ്റെടുത്തതുമുതൽ ജീവിത-സാംസ്കാരിക-ദാർശനിക വൈവിധ്യങ്ങളെ പരിഗണിക്കുകപോലും ചെയ്യുന്നില്ലെന്ന പരാതിയുണ്ടല്ലോ. സത്യത്തിൽ ഇങ്ങനെയൊരു ആരോപണത്തിൽ എന്തെങ്കിലും വസ്തുതയുണ്ടോ?*

! കേരളത്തിലെ മാറിമാറി വരുന്ന സർക്കാറുകൾ കൊണ്ടുവരുന്ന ഏതൊരു കാര്യത്തിലും ആരാധനാ സ്വാതന്ത്ര്യത്തിനും മൗലികാവകാശങ്ങൾക്കും ഭംഗം വരാതിരിക്കാൻ അതീവ ശ്രദ്ധപുലർത്തിയിരുന്നതായി കാണാം. എന്നാൽ രണ്ടാം പിണറായി സർക്കാർ അധികാരം ഏറ്റെടുത്തതിനുശേഷം പല കാര്യങ്ങളിലും പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ട്. അതിലൊന്നാണ് വിദ്യാഭ്യാസ-തൊഴിൽ രംഗങ്ങളിലെ പൊതു പരീക്ഷകൾ. സമീപകാലത്ത് നടന്ന ഹയർ സെക്കന്ററി, യൂണിവേഴ്സിറ്റി, പിഎസ്‌സി പരീക്ഷകൾ അതിനുദാഹരണങ്ങളാണ്. കഴിഞ്ഞ കാലങ്ങളിൽ രണ്ടു മണിക്കൂറിലധികം ദൈർഘ്യമുള്ള പരീക്ഷകൾ വെള്ളിയാഴ്ചകളിൽ നടക്കാറുണ്ടായിരുന്നില്ല. കാരണം മുസ്‌ലിംകളുടെ സവിശേഷ ദിനമാണത്. അന്നത്തെ ജുമുഅ നമസ്കാരത്തെ ബാധിക്കുമെന്നതിനാലാണത്. എന്നാൽ രണ്ടാം പിണറായി സർക്കാർ അധികാരമേറ്റയുടനെയുള്ള വർഷം മുതൽ വെള്ളിയാഴ്ചകളിൽ പൊതുപരീക്ഷ നടത്തുകയായിരുന്നു. ഉദാഹരണമായി ഹയർ സെക്കന്ററി പരീക്ഷയെടുക്കാം. 2.45 മണിക്കൂറാണതിന്റെ സമയം. വെള്ളിയാഴ്ച 9.45ന് പരീക്ഷ ആരംഭിക്കും, 12.30നാണ് അവസാനിക്കുക. ജുമുഅ 12.15ന് തുടങ്ങുന്ന ദിവസങ്ങളുണ്ടായിട്ടുണ്ട്. 12.30ന് പരീക്ഷ അവസാനിച്ച് കുട്ടികൾ ഉത്തരപ്പേപ്പർ ഇൻവിജിലേറ്റർമാരെ ഏൽപിക്കുമ്പോഴേക്ക് പത്തു മിനുട്ട് കഴിയും. അധ്യാപകർ അവ ശേഖരിച്ച് എണ്ണിത്തിട്ടപ്പെടുത്തി മോണോഗ്രാം ചെയ്ത് പരീക്ഷാ ചീഫിനെ ഏൽപിക്കുമ്പോഴേക്ക് ചുരുങ്ങിയത് 12.50 ആയിട്ടുണ്ടാകും. അഥവാ ജുമുഅ നമസ്കാരം കഴിഞ്ഞിട്ടുണ്ടാകുമെന്നർഥം. നൂറുകണക്കിന് മുസ്‌ലിം അധ്യാപകർക്കും ആയിരക്കണക്കിന് വിദ്യാർഥികൾക്കും ജുമുഅ നഷ്ടമായിട്ടുമുണ്ട്. പരീക്ഷകളുടെ ഇടവേളകൾ വെള്ളിയാഴ്ച ദിവസങ്ങളിലാക്കിയാൽ നിസ്സാരമായി പരിഹരിക്കാമായിരുന്ന ഈ കാര്യത്തിൽ ആരുടെയോ വാശിയുള്ളതുപോലെയാണ് അനുഭവപ്പെട്ടത്. യൂണിവേഴ്സിറ്റികളിൽനിന്നും ഇത്തരം സമീപനങ്ങളുണ്ടായിട്ടുണ്ട്. ജുമുഅ നടക്കുന്ന സമയത്ത് പിഎസ്‌സി പരീക്ഷകളും നടന്നിട്ടുണ്ട്. ന്യൂനപക്ഷ കമ്മീഷനടക്കം ഇത്തരം കാര്യങ്ങളെ സൂചിപ്പിച്ചു കൊണ്ട് പരാതി നൽകിയിട്ടും പരിഹാരമായില്ലെന്നതിന് തെളിവാണ് ഈ വർഷം ഒക്ടോബറിൽ നടന്ന ഹയർ സെക്കന്ററി ഇംപ്രൂവ്മെന്റ് പരീക്ഷ. നവകേരള സദസ്സ് കേവലം പ്രഹസനമല്ലെങ്കിൽ ഇത്തരം വിഷയങ്ങളിലും പരിഹാരം കാണേണ്ടതുണ്ട്.

*? കേരളത്തിലെ ഭൂരിപക്ഷം ജനങ്ങളും ജീവിതത്തിൽ ധാർമിക സദാചാരമൂല്യങ്ങളെ കാത്തുസൂക്ഷിച്ച് മുന്നോട്ടു പോകുന്നവരാണ്. കുടുംബത്തിനും മാനുഷിക ബന്ധങ്ങൾക്കും പവിത്രത കൽപിച്ച് ജീവിക്കുന്നതിൽ മലയാളികൾ എന്നും മാതൃകയുമാണ്. എന്നാൽ സമീപകാലത്ത് പാശ്ചാത്യർ*

**കാലങ്ങളായി മുസ്‌ലിം സമുദായം അനുഭവിച്ചുകൊണ്ടിരുന്ന ആനുകൂല്യങ്ങൾ എടുത്തുകളയുകയും പിന്നീട് സമുദായം അതിനെതിരെ ശക്തമായി പ്രതികരിക്കുമ്പോൾ സർക്കാർ ഔദാര്യമായി നൽകുന്നുവെന്ന പ്രതീതിയുണ്ടാക്കി മുതലെടുപ്പിന് ശ്രമിക്കുകയും ചെയ്യുന്ന ശൈലിയാണ് സർക്കാർ സ്വീകരിക്കുന്നത് എന്നത് ശ്രദ്ധേയമാണ്. സമുദായം നവകേരള സദസ്സിൽനിന്ന് വിശദീകരണം പ്രതീക്ഷിക്കുന്ന ഒരു വിഷയമാണിത്.**

**വിദ്യാഭ്യാസ പാഠ്യപദ്ധതിയുടെ കരടിൽ 16ാമതായി നൽകിയത് ജെൻഡർ സ്പെക്ട്രം, ലിംഗനിഷ്പക്ഷത തുടങ്ങിയ വിഷയങ്ങളായിരുന്നു. എന്നാൽ ലിംഗനീതിയാണ് പ്രകൃതിക്കിണങ്ങുന്നതെന്നും മറിച്ചുള്ളത് പ്രകൃതി വിരുദ്ധമാണെന്നും ധാരാളം പഠനങ്ങൾ മുന്നിൽവെച്ച് നാം സമർഥിക്കുകയുണ്ടായി. ആ ഭാഗം ഒഴിവാക്കുമെന്ന ധ്വനിയാണ് പിന്നീട് സർക്കാ റിന്റെ ഭാഗത്തുനിന്ന് കേൾ ക്കാൻ സാധിച്ചത്. എന്നാൽ കരട് പ്രസിദ്ധീകരിച്ച് വന്നപ്പോൾ പദങ്ങൾ എടുത്ത് മാറ്റിയിരുന്നെ ങ്കിലും ആശയം അതിൽ നില നിറുത്തിയതായാണ് കാണുന്നത്. നവകേരള സദസ്സ് സമൂഹത്തിന്റെ പൊള്ളുന്ന കാര്യങ്ങൾ ചർച്ച ചെയ്യുന്നുവെന്ന് ആണയിടുമ്പോഴും പാഠ്യപദ്ധതിയെക്കുറിച്ചുള്ള ജനകീയ വിചാരണയുടെ ഫലം വ്യക്തമാക്കേണ്ടതുണ്ട്.**

*നിരാകരിച്ചുകൊണ്ടിരിക്കുന്ന നവലിബറൽ ചിന്തകളെ സമൂഹത്തിൽ വ്യാപകമായി പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നതായി ശ്രദ്ധയിൽ പെട്ടിരിക്കുമല്ലോ. ഇടതുപക്ഷ സർക്കാർ അതിന് വളംവെച്ച് കൊടുക്കുകയും അധികാരസ്ഥാനങ്ങൾ അതിനായി ദുരുപയോഗം ചെയ്യുകയും ചെയ്യുന്നുണ്ട് എന്ന ആരോപണത്തെ എങ്ങനെ കാണുന്നു?*

! ജനാധിപത്യ രാജ്യമെന്ന നിലയിൽ ഇഷ്ടമുള്ള ആദർശം സ്വീകരിക്കാനും നിരാകരിക്കാനും ഓരോ പൗരനും മൗലികമായി അവകാശം നൽകുന്ന ഭരണഘടനയാണ് നമ്മുടെത്. ഏതെങ്കിലും ഒരു മതത്തെയോ ദർശനത്തെയോ ജനങ്ങളിൽ അടിച്ചേൽപിക്കാനും പ്രചരിപ്പിക്കാനും അധികാരസ്ഥാനങ്ങൾ ദുരുപയോഗം ചെയ്യുന്നതിനെ ഭരണഘടന നിരാകരിക്കുകയും ചെയ്തിരിക്കുന്നു. പാശ്ചാത്യലോകം വലിച്ചെറിയാൻ ശ്രമിക്കുന്ന എൽജിബിടി ആക്ടിവിസം പോലെയുള്ള സംസ്കാര ശൂന്യതയെ മലയാളി പ്രബുദ്ധതയ്ക്കിടയിൽ ഇറക്കുമതി ചെയ്യാൻ അധികാരികൾ കൊണ്ടുപിടിച്ച ശ്രമങ്ങൾ നടത്തുന്നുണ്ടെന്നത് വിസ്മരിക്കാനാവില്ല. അതിന് തെളിവായി 2021 ഡിസംബർ 15ന് ഉന്നത വിദ്യാഭ്യാസ മന്ത്രി ആർ ബിന്ദു അവരുടെ ട്വിറ്ററിൽ കുറിച്ചിട്ട വരികൾതന്നെ ധാരാളമാണ്. 'We are in the works of creating a new Kerala - one defined by equity and sensitivity. To acheive this, our students should first be given access to education in a free environment, unhindered by the burden of society's heteronormative expectations' എന്നാണ് മന്ത്രി ട്വിറ്ററിൽ കുറിച്ചിട്ടത്. അതായത് 'സമത്വവും സംവേദനക്ഷമതയും കൊണ്ട് നിർവചിക്കപ്പെട്ട ഒരു പുതിയകേരളം സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങളിലാണ് ഞങ്ങൾ. ഇത് നേടുന്നതിന് ആദ്യമായി സമൂഹത്തിന്റെ ഹെറ്ററോ നോർമേറ്റീവ് പ്രതീക്ഷകളുടെ ഭാരത്താൽ തടസ്സപ്പെടാത്ത സ്വതന്ത്രമായ ഒരു അന്തരീക്ഷത്തിൽ നമ്മുടെ വിദ്യാർഥികൾക്ക് വിദ്യാഭ്യാസത്തിനുള്ള പ്രവർത്തനമാർഗം തുറന്നുകൊടുക്കണം' എന്ന്. സ്വാഭാവികമായ എതിർലിംഗ ലൈംഗികതയെ നിരുൽസാഹപ്പെടുത്തി, അസ്വാഭാവികവും പ്രകൃതിവിരുദ്ധവുമായ സ്വവർഗ ലൈംഗിതയെ പ്രോൽസാഹിപ്പിച്ച് ജെൻഡർ ആക്ടിവിസം സമൂഹത്തിൽ നടപ്പാക്കിയുള്ള ഒരു പുതിയ കേരളത്തെ സൃഷ്ടിക്കാനാണ് തങ്ങൾ ശ്രമിക്കുന്നത് എന്ന് അർഥശങ്കക്കിടമില്ലാത്ത വിധമാണ് മന്ത്രി ട്വിറ്ററിൽ എഴുതിയത്.

കുടുംബ സംവിധാനങ്ങളെ തകർത്തെറിയുന്ന ഇത്തരം വൃത്തികേടുകളെ സമൂഹത്തിൽ അടിച്ചേൽപിക്കാനുള്ള ശ്രമത്തിനെതിരെ ശക്തമായ പ്രതിഷേധങ്ങൾ ഉണ്ടായിരുന്നെങ്കിലും ഇതിൽനിന്ന് പിൻമാറാൻ സർക്കാർ തയ്യാറല്ലെന്ന് മന്ത്രിയുടെ വാക്കുകളിൽ നിന്ന് വ്യക്തമാണ്. നവകേരള സദസ്സ് ഈ സമീപനം തിരുത്തുകയും അക്കാര്യം സമൂഹത്തോട് പ്രഖ്യാപിക്കുകയും വേണം.

*? വിദ്യാഭ്യാസ പാഠ്യപദ്ധതിയുടെ കരട് ജനകീയ വിചാരണക്ക് വിധേയമാക്കി. ജെൻഡർ പൊളിറ്റിക്സ് പിഞ്ചുഹൃദയങ്ങളിൽ പോലും അടിച്ചേൽപിക്കാനുള്ള ശ്രമവും കരടിലുണ്ടായിരുന്നു. ബൗദ്ധികവും വൈജ്ഞാനികവുമായി അതിനെ നേരിട്ടതിന്റെ ഭാഗമായി വല്ല മാറ്റവും ഉണ്ടായിട്ടുണ്ടോ?*

! വിദ്യാഭ്യാസ പാഠ്യപദ്ധതിയുടെ കരടിൽ 16ാമതായി നൽകിയത് ജെൻഡർ സ്പെക്ട്രം, ലിംഗനിഷ്പക്ഷത തുടങ്ങിയ വിഷയങ്ങളായിരുന്നു. എന്നാൽ ലിംഗനീതിയാണ് പ്രകൃതിക്കിണങ്ങുന്നതെന്നും മറിച്ചുള്ളത് പ്രകൃതിവിരുദ്ധമാണെന്നും ധാരാളം പഠനങ്ങൾ മുന്നിൽ വെച്ച് നാം സമർഥിക്കുകയുണ്ടായി. ആ ഭാഗം ഒഴിവാക്കുമെന്ന ധ്വനിയാണ് പിന്നീട് സർക്കാറിന്റെ ഭാഗത്തുനിന്ന് കേൾക്കാൻ സാധിച്ചത്. എന്നാൽ കരട് പ്രസിദ്ധീകരിച്ച് വന്നപ്പോൾ പദങ്ങൾ എടുത്ത് മാറ്റിയിരുന്നെങ്കിലും ആശയം അതിൽ നില നിറുത്തിയതായാണ് കാണുന്നത്. നവകേരള സദസ്സ് സമൂഹത്തിന്റെ പൊള്ളുന്ന കാര്യങ്ങൾ ചർച്ച ചെയ്യുന്നുവെന്ന് ആണയിടുമ്പോഴും പാഠ്യപദ്ധതിയെക്കുറിച്ചുള്ള ജനകീയ വിചാരണയുടെ ഫലം വ്യക്തമാക്കേണ്ടതുണ്ട്. നവകേരള സദസ്സിൽനിന്ന് ഇതിനെല്ലാമുള്ള പരിഹാരം പ്രതീക്ഷിക്കുന്നു. ■



സൃഷ്ടിപ്പ്: മതം പറയുന്നത്; ശാസ്ത്രവും 08

# മനുഷ്യവളർച്ച

**ഡോ. ഷാനവാസ്, ഫ്ലോറിഡ**
drshanavascmc@gmail.com

മറ്റെല്ലാ ജീവികളെക്കാളും കാര്യക്ഷമതയും ബുദ്ധിയുമുണ്ടെങ്കിലും വളരെ ദുർബലനായിക്കൊണ്ടാണ് മനുഷ്യൻ പിറന്നുവീഴുന്നത്. ഒരു നവജാതശിശുവിന് കരയാനും മുലപ്പാൽ നുകരാനുമല്ലാതെ കാര്യമായ മറ്റൊരു കഴിവുമില്ല. എന്നാൽ മനുഷ്യരല്ലാത്ത പല ജീവികളും ജനിച്ച് അൽപം കഴിഞ്ഞാൽ തന്നെ സ്വയം നടക്കുവാനും നീന്തുവാനും പറക്കുവാനുമൊക്കെ കഴിവുള്ളവയാണ്.

ശേഷം വളർച്ചയുടെ വിവിധ ഘട്ടങ്ങളിലൂടെ മനുഷ്യൻ കടന്നുപോവുകയും, കഴിവുകൾ ഓരോന്നായി നേടിയെടുക്കുകയും വളരെ കാര്യക്ഷമതയുള്ളവനായി മാറുകയും ചെയ്യുന്നു. എന്നാൽ ഒരു നിശ്ചിത പ്രായം കഴിഞ്ഞാൽ മനുഷ്യനെ വാർധക്യം പിടികൂടുകയും അവന്റെ ഓരോ കഴിവും ബുദ്ധിശക്തിയും മെല്ലെ മെല്ലെ കുറഞ്ഞുവരികയും ചെയ്യുന്നു.

യൗവനം നിലനിർത്തുക എന്നത് ഏതൊരു മനുഷ്യന്റെയും ആഗ്രഹമാണ്. ധാരാളം വ്യക്തികളും സംഘടനകളും പ്രായമാകലിനെക്കുറിച്ച് പഠിക്കാനും അത് തടയാനുള്ള മാർഗങ്ങൾ കണ്ടെത്തുവാനും വർഷംതോറും ധാരാളം പണം ചെലവഴിക്കുന്നുണ്ട്. അവയിൽ ഏറ്റവും പ്രധാനപ്പെട്ടവയാണ് ഗൂഗിളും (google calico) അമേരിക്കയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഏജിങ്ങും (US National Institute of Ageing).

"നിങ്ങളെ ബലഹീനമായ അവസ്ഥയിൽനിന്നു സൃഷ്ടിച്ചുണ്ടാക്കി

നിങ്ങളുടെ പൂർണ ശക്തി പ്രാപിക്കുന്നതുവരെ (നാം നിങ്ങളെ വളർത്തുന്നു). (നേരത്തെ) ജീവിതം അവസാനിപ്പിക്കപ്പെടുന്നവരും നിങ്ങളുടെ കൂട്ടത്തിലുണ്ട്. അറിവുണ്ടായിരുന്നതിനു ശേഷം യാതൊന്നും അറിയാതാകുംവിധം ഏറ്റവും അവശമായ പ്രായത്തിലേക്ക് മടക്കപ്പെടുന്നവരും നിങ്ങളുടെ കൂട്ടത്തിലുണ്ട്"(22:5).

മനുഷ്യർ ഉൾപ്പെടെ എല്ലാ ജീവികളിലും പ്രായമാകൽപ്രക്രിയ നടക്കുന്നു. മനുഷ്യരിൽ വിവിധ രോഗങ്ങൾ ഉണ്ടാകുവാനും അവയവങ്ങളുടെ പ്രവർത്തനങ്ങൾ തകരാറിലാകാനും പ്രായമാകൽ (ageing) സുപ്രധാന പങ്കുവഹിക്കുന്നു.

സാധാരണയായി, ഏതാണ്ട് 65 വയസ്സ് കഴിയുന്നതോടുകൂടി മനുഷ്യന്റെ തലച്ചോറിന്റെ പ്രവർത്തനക്ഷമത കുറഞ്ഞുവരുന്നു. അൾഷിമേഴ്സ് (alzhimers), പക്ഷാഘാതം (stroke), പാർക്കിൻസൺസ് (parkinsons), തലച്ചോറിന്റെ ചുരുക്കം (brain atrophy) എന്നീ രോഗങ്ങൾ ഇതിന് പ്രധാന കാരണമാകുന്നു. പ്രായം വർധിക്കുംതോറും ഈ ഓർമക്കുറവ് (dementia) കൂടുതൽ വ്യാപിക്കുന്നു.

പ്രായം വർധിക്കുന്നതിനനുസരിച്ച് മനുഷ്യരിൽ വരുന്ന മറ്റു മാറ്റങ്ങൾ താഴെ കൊടുക്കുന്നു.

| വയസ്സ് | മാറ്റങ്ങൾ |
|---|---|
| 40 വയസ്സ് | കാഴ്ചക്കുറവ് (presbyopia). |
| 45 - 55 വയസ്സ് | ആർത്തവം നിൽക്കൽ (menapause). |
| 60 വയസ്സ് | എല്ല് തേയ്മാനം (osteoarthritis). |
| 75 വയസ്സ് | കേൾവിക്കുറവ് (hearing loss). |
| >65 വയസ്സ് | ഓർമക്കുറവ് (dementia). |

തുടക്കത്തിൽ സൂചിപ്പിച്ചപോലെ, പ്രായമാകലിനെക്കുറിച്ച് ധാരാളം ഗവേഷണങ്ങൾ നടന്നിട്ടുണ്ട്. അവയുടെ അടിസ്ഥാനത്തിൽ പ്രധാനമായും രണ്ടു കാരണങ്ങൾകൊണ്ടാണ് പ്രായമാകൽ പ്രക്രിയ നടക്കുന്നതായി കണ്ടെത്തിയിട്ടുള്ളത്. അവ താഴെ വിശദീകരിക്കുന്നു:

**കേടുപാടുകൾ സംഭവിക്കൽ** (Damage Theory)

ഈ സിദ്ധാന്തം അനുസരിച്ച് പ്രായമാകലിന് പ്രധാനമായും താഴെ പ്പറയുന്ന കാരണങ്ങളാണ് ഉള്ളത്:

1) ജനിതക ഘടനയിൽ (gene) വരുന്ന പെട്ടെന്നുള്ള മാറ്റങ്ങൾ (gene mutation & instability).
2) വളർച്ചാഹോർമോണുകളിൽ വരുന്ന വ്യതിയാനങ്ങൾ (Growth hormone & insulin like growth factor-1).
3) കോശങ്ങളിൽ (cells) നടക്കുന്ന ഊർജ ഉത്പാദനത്തിൽ (energy production / electron transport chain) വരുന്ന കുറവ്.

**വ്യവസ്ഥാപിതമായ പ്രായമാകൽ** (Programmed Ageing)

ഓരോ ജീവിയിലും പ്രായമാകലിന് വ്യവസ്ഥാപിതമായ ചില പ്രക്രിയകൾ ഉള്ളതായി ശാസ്ത്ര ലോകം കണ്ടെത്തിയിട്ടുണ്ട്. ഈ പ്രക്രിയക്കനുസരിച്ച് ജീവികളുടെ പ്രായദൈർഘ്യത്തിലുള്ള വ്യത്യാസവും നമുക്ക് കാണാൻ സാധിക്കും. നമുക്കുചുറ്റും മണിക്കൂറുകൾ മാത്രം പ്രായമുള്ള പ്രാണികൾ മുതൽ വർഷങ്ങളോളം പ്രായം വരുന്ന ജീവികളെയും കാണുന്നു.

1) ഈ പ്രക്രിയയിൽ സുപ്രധാനമായ ഒന്നാണ് ഡി.എൻ.എ മെഥിലേഷൻ (DNA methylation) എന്ന് പറയുന്നത്. ഇത് പ്രായമാകലിന്റെ

**"നാം ഉദ്ദേശിക്കുന്നതിനെ നിശ്ചിതമായ ഒരു അവധിവരെ നാം ഗർഭാശയങ്ങളിൽ താമസിപ്പിക്കുന്നു. പിന്നീട് നിങ്ങളെ നാം ശിശുക്കളായി പുറത്ത് കൊണ്ടുവരുന്നു. അനന്തരം നിങ്ങൾ നിങ്ങളുടെ പൂർണ ശക്തി പ്രാപിക്കുന്നതുവരെ (നാം നിങ്ങളെ വളർത്തുന്നു). (നേരത്തെ) ജീവിതം അവസാനിപ്പിക്കപ്പെടുന്ന വരും നിങ്ങളുടെ കൂട്ടത്തിലുണ്ട്. അറിവുണ്ടായിരുന്നതിനു ശേഷം യാതൊന്നും അറിയാതാകുംവിധം ഏറ്റവും അവശമായ പ്രായത്തിലേക്ക് മടക്കപ്പെടുന്നവരും നിങ്ങളുടെ കൂട്ടത്തിലുണ്ട്"** (22:5).

യവനാകുന്നു അല്ലാഹു. പിന്നെ ബലഹീനതയ്ക്കു ശേഷം അവൻ ശക്തിയുണ്ടാക്കി. പിന്നെ അവൻ ശക്തിക്കു ശേഷം ബലഹീനതയും നരയും ഉണ്ടാക്കി. അവൻ ഉദ്ദേശിക്കുന്നത് അവൻ സൃഷ്ടിക്കുന്നു. അവനത്രെ സർവജ്ഞനും സർവശക്തനും" (30:54).

"വല്ലവന്നും നാം ദീർഘായുസ്സ് നൽകുന്നുവെങ്കിൽ അവന്റെ പ്രകൃതി നാം തലതിരിച്ചു കൊണ്ടുവരുന്നു. എന്നിരിക്കെ അവർ ചിന്തിക്കുന്നില്ലേ?"(36:68).

"നാം ഉദ്ദേശിക്കുന്നതിനെ നിശ്ചിതമായ ഒരു അവധിവരെ നാം ഗർഭാശയങ്ങളിൽ താമസിപ്പിക്കുന്നു. പിന്നീട് നിങ്ങളെ നാം ശിശുക്കളായി പുറത്ത് കൊണ്ടുവരുന്നു. അനന്തരം നിങ്ങൾ

ഒരു പ്രധാന കാരണമാണ്. എലികളിൽ നടത്തിയ ഒരു പരീക്ഷണത്തിൽ, അവയിൽ ഈ പ്രക്രിയ കൃത്രിമമായി നിർത്തിവച്ചു. അതിന്റെ ഫലമായി ആ എലികളിൽ അവയുടെ പ്രായം അവയുടെ കൂട്ടത്തിൽ പെട്ട മറ്റ് എലികളെക്കാൾ 30% വർധിക്കുകയുണ്ടായി.

2) പ്രായമാകലിന്റെ മറ്റൊരു പ്രധാന കാരണമാണ് വാർധക്യ കോശങ്ങളുടെ (senescent cells) സാന്നിധ്യം. ഈ കോശങ്ങൾ എല്ലാ ജീവികളിലും കാണപ്പെടുന്നു. എന്നാൽ പ്രായമാകുന്നതിനനുസരിച്ച് ഇവയുടെ എണ്ണം ശരീരത്തിൽ വർധിക്കുന്നു. ഈ കോശങ്ങൾ ഒരു പ്രത്യേക സ്രവം പുറപ്പെടുവിക്കുകയും അടുത്തുള്ള മറ്റു കോശങ്ങളെ നശിപ്പിക്കുകയും ചെയ്യുന്നു. പ്രായമാകുന്നതിനനുസരിച്ച് ഇവയുടെ എണ്ണം വർധിക്കുന്നതിനാൽ ഓരോരോ അസുഖങ്ങൾ പ്രായത്തിനനുസരിച്ച് രൂപപ്പെടുന്നു. പ്രായം വർധിക്കുന്നതിനനുസരിച്ചുള്ള കാഴ്ചക്കുറവ്, ഓർമക്കുറവ് എന്നിവ ഇതിന് ഉദാഹരണങ്ങളാണ്. എലികളിൽ നടത്തിയ ഒരു പരീക്ഷണത്തിൽ അവയിലെ വാർധക്യകോശങ്ങളെ കണ്ടെത്തി നീക്കം ചെയ്യുകയുണ്ടായി. ഇതിന്റെ ഫലമായി അവയുടെ പ്രായം മറ്റുള്ള എലികളെക്കാൾ വർധിച്ചതായി കണ്ടെത്തി.

3) ഇവയ്ക്കെല്ലാം പുറമെ മറ്റു പല കാരണങ്ങളും പ്രായമാകലിൽ സുപ്രധാന പങ്ക് വഹിക്കുന്നുണ്ട്. അവയിൽ പ്രധാനപ്പെട്ടവയാണ് ഹോർമോണുകളിൽ വരുന്ന മാറ്റങ്ങൾ (hormonal changes), ക്രോമസോമുകളുടെ ചെറുതാകൽ (telomere shortening) എന്നിവ.

**ആർത്തവം**

സ്ത്രീകളിൽ പൊതുവായി കാണപ്പെടുന്ന ലൈംഗിക ആവൃത്തിയെ (reproductive cycle) ആർത്തവം എന്ന് പറയുന്നു.

"ആർത്തവത്തെപ്പറ്റി അവർ നിന്നോട് ചോദിക്കുന്നു. പറയുക; അതൊരു മാലിന്യമാകുന്നു. അതിനാൽ ആർത്തവഘട്ടത്തിൽ നിങ്ങൾ സ്ത്രീകളിൽനിന്ന് അകന്നുനിൽക്കേണ്ടതാണ്. അവർ ശുദ്ധിയാകുന്നതു വരെ അവരെ സമീപിക്കുവാൻ പാടില്ല. എന്നാൽ അവർ ശുചീകരിച്ചു കഴിഞ്ഞാൽ അല്ലാഹു നിങ്ങളോട് കൽപിച്ച വിധത്തിൽ നിങ്ങൾ അവരുടെ അടുത്ത് ചെന്നുകൊള്ളുക. തീർച്ചയായും അല്ലാഹു പശ്ചാത്തപിക്കുന്നവരെ ഇഷ്ടപ്പെടുന്നു. ശുചിത്വം പാലിക്കുന്നവരെയും ഇഷ്ടപ്പെടുന്നു" (2:222).

ആർത്തവ കാലഘട്ടത്തെ പ്രധാനമായും നാലായി തിരിച്ചിരിക്കുന്നു. മെൻസ്ട്രൽ (menstrual), പ്രൊലിഫറേറ്റീവ് (proliferative), ഓവുലേറ്ററി (ovulatory), ലൂട്ടിയൽ (luteal) എന്നിവയാണവ. ഗർഭാശയ ഭിത്തികളിലും (uterin endometrium) അണ്ഡാശയത്തിലും (ovary) നടക്കുന്ന മാറ്റങ്ങൾ അനുസരിച്ചാണ് ആർത്തവകാലത്തെ ഇപ്രകാരം നാലു ഘട്ടങ്ങളായി തിരിച്ചിട്ടുള്ളത്.

ബീജസങ്കലനത്തിന്റെ (fertilization) അഭാവം രക്തത്തിലെ ലൈംഗിക ഹോർമോണുകളിൽ (sex hormone) ചില ഏറ്റക്കുറച്ചിലുകൾ വരുത്തുന്നു. ഇതിന്റെ ഫലമായി ഗർഭാശയത്തിന്റെ ഏറ്റവും ഉള്ളിലെ ഭിത്തിയുടെ വളർച്ച നിൽക്കുന്നു. അതിനാൽ ഗർഭാശയസിരകളിലെ (uterine vein) ചീത്തരക്തവും ഗർഭാശയ ആവരണത്തിലെ പഴയകോശങ്ങളും (older cells)യോനിയിലെയും ഗർഭാശയ മുഖത്തെയും (cervix) ദ്രാവകങ്ങളും ബാക്ടീരിയകളും പുറത്തുവരുന്നു. ഇതിനെയാണ് ആർത്തവം (menstruation) എന്നു പറയുന്നത്. ഈ പ്രക്രിയ വീണ്ടും ആവർത്തിച്ചുകൊണ്ടെയിരിക്കുന്നു (menstrual cycle).

ആർത്തവരക്തം സാധാരണ രക്തത്തിൽനിന്നും അൽപം വ്യത്യസ്തമാണ്. അതിൽ രക്തം കട്ടപിടിക്കാൻ സാധിക്കുന്ന ഘടകങ്ങളും (coagulation factors) ബിംബാണുക്കളും (platelets) വളരെ കുറവാണ്. അതുകൊണ്ടുതന്നെ സാധാരണ രക്തത്തെപോലെ പെട്ടെന്ന് കട്ടപിടിക്കില്ല.

ആർത്തവസമയത്ത് ഗർഭാശയത്തിൽ ധാരാളം മാറ്റങ്ങൾ സംഭവിക്കുന്നു. ഗർഭാശയത്തിന്റെ അകത്തെ ഭിത്തിയിലെ (endometrium) കോശങ്ങൾ നശിപ്പിക്കപ്പെടുക, യോനിയിലെ അസിഡിറ്റി (vaginal acidity) വർധിക്കുക, ഗർഭാശയ മുഖം അൽപം താഴോട്ടിറങ്ങുക തുടങ്ങിയവ അതിൽ പ്രധാനപ്പെട്ടവയാണ്.

മേൽപ്പറഞ്ഞ കാരണങ്ങളാൽ ആർത്തവകാലഘട്ടത്തെ ലൈംഗികബന്ധം പ്രധാനമായും രണ്ടുതരത്തിലുള്ള പ്രശ്നങ്ങൾ സ്ത്രീകളിൽ ഉണ്ടാക്കുന്നു. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് ലൈംഗികബന്ധത്തിൽകൂടി പകരുന്ന അണുബാധയാണ് (sexually transmitted disease). ആർത്തവ സമയത്ത് ഗർഭാശയഭിത്തിയിൽ ഉണ്ടാകുന്ന വിള്ളലുകളും ഗർഭാശയത്തിലെ ഉയർന്ന അമ്ലതയും (acidity) അണുബാധയുടെ സാധ്യത കൂട്ടുന്നു.

രണ്ടാമത്തെ പ്രശ്നം എന്റോമെട്രിയോസിസ് (endometriosis) എന്ന മറ്റൊരു അസുഖമാണ്. ഈ അസുഖമുള്ളവരിൽ ഗർഭാശയകോശങ്ങൾ ശരീരത്തിന്റെ മറ്റു ഭാഗങ്ങളിൽ കാണപ്പെടുന്നു. അതിന്റെ ഫലമായി ആർത്തവ സമയത്ത് ആ ഭാഗങ്ങളിൽനിന്നും രക്തസ്രാവം കാണപ്പെടുന്നു. ആർത്തവ സമയത്ത് ചില സ്ത്രീകളുടെ മൂക്കിൽനിന്ന് രക്തസ്രാവം (epistaxis) ഉണ്ടാകുന്നത് ഇതിന് ഒരു ഉദാഹരണമാണ്.

ആർത്തവസമയത്ത് ഉണ്ടാകുന്ന സ്ത്രീപുരുഷ ബന്ധം ഗർഭാശയത്തിനകത്ത് സമ്മർദം വർധിപ്പിക്കുന്നു. ഇതിന്റെ ഫലമായി ഗർഭാശയ കോശങ്ങൾ ശരീരത്തിന്റെ മറ്റുഭാഗങ്ങളിലേക്ക് എത്താനുള്ള സാധ്യതയേറുന്നു. ഇത് എന്റോമെട്രിയോസിസ് (endometriosis) ഉണ്ടാകാനുള്ള സാധ്യത വർധിപ്പിക്കുന്നു.

*(തുടരും)*





# ഹേമന്ദ് ഗുപ്തയുടെ വിധിന്യായങ്ങളിലൂടെ 09

ശിരോവസ്ത്ര കേസ് ഭരണഘടനാ ബെഞ്ചിന് വിടേണ്ടതുണ്ടോ, യൂണിഫോമുമായി ബന്ധപ്പെട്ട് സ്കൂൾ കമ്മിറ്റികൾക്ക് യഥേഷ്ടം നിയമങ്ങൾ ഉണ്ടാക്കാൻ അധികാരമുണ്ടോ, മതസ്വാതന്ത്ര്യത്തിന്റെ പരിധി എന്താണ് എന്നീ മൂന്ന് വിഷയങ്ങൾക്കു ശേഷം ജസ്റ്റിസ് ഹേമന്ദ് ഗുപ്ത ചർച്ചക്കെടുത്തത് അനിവാര്യമായ മതാചാരങ്ങൾക്ക് (Essential Religious Practice) എങ്ങനെ പരിധി നിശ്ചയിക്കാം എന്ന വിഷയമായിരുന്നു. അതായത് ശിരോവസ്ത്രം മതത്തിൽ എസെൻഷ്യൽ (നിർബന്ധം) ആണെങ്കിൽ മാത്രമെ അനുച്ഛേദം 25 ന്റെ അടിസ്ഥാനത്തിൽ അത് അവകാശമാവുകയുള്ളൂ എന്ന് സ്ഥാപിക്കുന്നതിനു വേണ്ടിയാണ് അദ്ദേഹം അത് വിധിന്യായത്തിൽ കൊണ്ടുവരുന്നത്. എന്നാൽ ഈ വിഷയം ചർച്ചക്കെടുത്ത അഭിഭാഷകരിൽ പലരും ചൂണ്ടിക്കാണിച്ചത് ഒരു മതകാര്യം ഒരാൾ അനുഷ്ഠിക്കുന്നത് അത് മതത്തിൽ നിർബന്ധമാണോ അല്ലയോ എന്ന് നോക്കിയിട്ടല്ല എന്നും 25ാം അനുച്ഛേദം ഒരു പൗരന് നൽകിയിട്ടുള്ള മത, മനഃസാക്ഷി സ്വാതന്ത്ര്യം എന്ന മൗലികാവകാശത്തിന്റെ പരിധിയിൽ എല്ലാ മതകാര്യങ്ങളും വരുമെന്നും അവ പൊതുസമാധാനം, സാന്മാർഗികത, ആരോഗ്യം എന്നീ ഉപാധികൾക്ക് വിധേയമായി നിർവഹിക്കാവുന്നതുമാണ് എന്നുമായിരുന്നു. മറ്റുള്ള യാതൊരു നിയന്ത്രണവും മതകാര്യങ്ങൾക്കുമേൽ കൊണ്ടുവരാൻ ഭരണകൂടങ്ങൾക്ക് അവകാശമില്ല എന്നും അവർ ചൂ

ണ്ടിക്കാണിച്ചിട്ടുണ്ട്. അതുകൊണ്ടു തന്നെ ശിരോവസ്ത്രം എന്ന മുസ്‌ലിം മതാചാരം ഇസ്‌ലാം മതത്തിൽ നിർബന്ധമാണോ, അത് അനിവാര്യമായും നിർവഹിക്കപ്പെടേണ്ടതാണോ എന്ന വിഷയം പ്രസക്തമേയല്ല.

അതേസമയം ചില മുസ്‌ലിം അഭിഭാഷകർ ശിരോവസ്ത്രം മതത്തിൽ നിർബന്ധമാണെന്നും അത് മുസ്‌ലിം സ്ത്രീകൾക്ക് ഒരു ഘട്ടത്തിലും ഒഴിവാക്കാൻ പാടില്ലാത്തതാണെന്നും ചൂണ്ടിക്കാണിച്ചിരുന്നു. ഈ അഭിഭാഷകർ അനവസരത്തിൽ എടുത്ത് ചർച്ച ചെയ്ത ഈ വിഷയത്തെ മുഖവിലക്കെടുത്ത് അത് കൂടുതൽ ചർച്ച ചെയ്ത് ശിരോവസ്ത്രം മതത്തിൽ അനിവാര്യമായ ഒരു ആചാരമല്ല എന്ന് തെളിയിക്കുവാനുള്ള ബദ്ധപ്പാടാണ് സോളിസിറ്റർ ജനറലും അഡ്വക്കേറ്റ് ജനറലും ജസ്റ്റിസ് ഹേമന്ദ് ഗുപ്തയും തുടർന്ന് കാണിച്ചത്.

### സോളിസിറ്റർ ജനറലും അഡ്വക്കേറ്റ് ജനറലും

വാദവേളയിൽ സോളിസിറ്റർ ജനറൽ തുഷാർ മേത്ത പറഞ്ഞ കാര്യങ്ങളാണ് ഹേമന്ദ് ഗുപ്ത ആദ്യമായി പറഞ്ഞുതുടങ്ങിയത്. ഒരു ആചാരം ഒരാൾ ഉപേക്ഷിച്ചാൽ അതുവഴി അയാൾ മതത്തിൽ നിന്നുതന്നെ പുറത്തുപോകുമെങ്കിൽ അത്തരം ആചാരങ്ങൾക്കാണ് അനിവാര്യമായ മതാചാരം (Essential Religious Practice-ERP) എന്ന് പറയുക എന്നായിരുന്നു സോളിസിറ്റർ ജനറൽ പറഞ്ഞിരുന്നത്. ഇതിന് അവലംബമായി അദ്ദേഹം എടുത്തത് 2004ലെ കമ്മീഷണർ ഓഫ് പോലീസ്-ആചാര്യ ജഗദീശ്വരാനന്ദ കേസിൽ സുപ്രീം കോടതി നടത്തിയ പരാമർശങ്ങളാണ്. ശിരോവസ്ത്രം ഉപേക്ഷിച്ചാൽ 'കാഫിർ' ആകുമെന്ന് ഒരു ഇസ്‌ലാം മതവിശ്വാസിക്കും അഭിപ്രായമില്ല എന്നതുകൊണ്ടുതന്നെ അതിനെ ഒരു അനിവാര്യ മതാചാരമായി കണക്കാക്കാൻ പറ്റില്ല എന്നായിരുന്നു അദ്ദേഹത്തിന്റെ വാദം.

അഡ്വക്കേറ്റ് ജനറൽ പ്രഭുലിംഗ് കെ. നവദ്ഗി ശിരോവസ്ത്രം ധരിക്കുന്നത് ഇസ്‌ലാമിക ആചാരത്തിന്റെ അനിവാര്യ ഘടകമല്ലെന്ന് സ്ഥിരീകരിക്കാൻ ഖുർആനിലെ 24:31 വചനമാണ് ഉദ്ധരിച്ചത്. ശിരോവസ്ത്രം ധരിക്കുന്നതിനെ കേവലം ഒരു മതാചാരം എന്നതിനപ്പുറം നിർബന്ധ ആചാരമായി കാണാൻ പറ്റില്ല എന്നാണ് അദ്ദേഹവും വാദിച്ചത്. കാരണം അത്തരം ആചാരങ്ങൾ പാലിക്കാത്തതുകൊണ്ട് ഒരു മുസ്‌ലിം സ്ത്രീയും അമുസ്‌ലിം ആകുന്നില്ലെന്നും അനുച്ഛേദം 25 പ്രകാരമുള്ള സംരക്ഷണം അനിവാര്യമായ മതാചാരങ്ങൾക്ക് മാത്രമാണ് എന്നുമായിരുന്നു അദ്ദേഹത്തിന്റെ വാദം. അതേസമയം അഡ്വക്കേറ്റ് ജനറൽ 'if not followed, would render the person religion less' (ശിരോവസ്ത്രം ഒരു മുസ്‌ലിം സ്ത്രീ ഉപയോഗിച്ചില്ലെങ്കിൽ അത് അവളുടെ മതത്തിൽ കുറവുണ്ടാക്കും) എന്നുകൂടി പറഞ്ഞിട്ടുണ്ടായിരുന്നു. മതത്തിൽ കുറവുണ്ടാക്കും എന്നുപറഞ്ഞാൽ മതം പൂർണമാവില്ല എന്നാണല്ലോ അർഥം. അതായത് ശിരോവസ്ത്രമില്ലാതെ മതം പൂർണമാവില്ല എന്ന് അദ്ദേഹവും സമ്മതിക്കുന്നു. അഥവാ ശിരോവസ്ത്രം ഒരു അനിവാര്യ ആചാരം തന്നെയാണെന്ന് അറിയാതെയെങ്കിലും അദ്ദേഹത്തിന് പറയേണ്ടിവന്നു.

### ഇ.ആർ.പി വാദങ്ങൾക്ക് ഗുപ്തയുടെ ക്രോഡീകരണം

കർണാടകക്കു വേണ്ടി ഹാജരായ അഭിഭാഷകരുടെ വാദ



**ചില മുസ്‌ലിം അഭിഭാഷകർ ശിരോവസ്ത്രം മതത്തിൽ നിർബന്ധമാണെന്നും അത് മുസ്‌ലിം സ്ത്രീകൾക്ക് ഒരു ഘട്ടത്തിലും ഒഴിവാക്കാൻ പാടില്ലാത്തതാണെന്നും ചൂണ്ടിക്കാണിച്ചിരുന്നു. ഈ അഭിഭാഷകർ അനവസരത്തിൽ എടുത്ത് ചർച്ച ചെയ്ത ഈ വിഷയത്തെ മുഖവിലക്കെടുത്ത് അത് കൂടുതൽ ചർച്ചചെയ്ത് ശിരോവസ്ത്രം മതത്തിൽ അനിവാര്യമായ ഒരു ആചാരമല്ല എന്ന് തെളിയിക്കുവാനുള്ള ബദ്ധപ്പാടാണ് സോളിസിറ്റർ ജനറലും അഡ്വക്കേറ്റ് ജനറലും ജസ്റ്റിസ് ഹേമന്ദ് ഗുപ്തയും തുടർന്ന് കാണിച്ചത്.**

ങ്ങൾ ക്രോഡീകരിച്ചുകൊണ്ട് ഹേമന്ദ് ഗുപ്ത ഇങ്ങനെ പറഞ്ഞു: “കർണാടക സർക്കാരിന്റെ ശിരോവസ്ത്ര നിരോധന നടപടിക്കെതിരെ ആഇശത് ശിഫ എന്ന പെൺകുട്ടി കോടതിക്കു മുമ്പാകെ സമർപ്പിച്ച പരാതിയിൽ ഇസ്‌ലാം മതത്തിൽ ശിരോവസ്ത്രം നിർബന്ധമാണ് എന്ന് സ്ഥാപിക്കുന്നതിനു വേണ്ടി പ്രധാനമായും ഉദ്ധരിച്ചത് 31:24, 31:34 എന്നീ രണ്ടു ക്വുർആൻ വചനങ്ങളാണ്. ഷഹീന-സ്റ്റേറ്റ് ഓഫ് കർണാടക കേസിൽ 31:24നു പുറമെ 26:7, 59:33 എന്നീ വചനങ്ങളും ഉദ്ധരിച്ചിട്ടുണ്ട്. കേരള ഹൈക്കോടതിയുടെ അംന ബിൻത് ബഷീർ-സി.ബി. എസ്.ഇ കേസിന്റെ വിധിയും അവർ റെഫറൻസിനായി ഉദ്ധരിച്ചിട്ടുണ്ട്. ഇന്ത്യയിൽ നിലവിലുള്ള മുഹമ്മദൻ ലോ അനുസരിച്ച് ക്വുർആൻ, സുന്നത്ത്, ഇജ്മാഅ്, ക്വിയാസ് എന്നിവയാണ് പ്രമാണങ്ങൾ. ക്വുർആൻ ദൈവവചനവും സുന്നത്ത് പ്രവാചക ചര്യയുമാണ്. പ്രവാചക അനുചരന്മാരുടെയും ശിഷ്യന്മാരുടെയും അഭിപ്രായൈക്യം വന്ന കാര്യങ്ങൾക്ക് ഇജ്മാഅ് എന്നും ആദ്യ മൂന്ന് ഉറവിടങ്ങളിൽനിന്നും ഉരുത്തിരിഞ്ഞുവന്നിട്ടുള്ള കാര്യങ്ങൾക്ക് ക്വിയാസ് എന്നും പറയുന്നു. ശഹാദത്ത്, നമസ്‌കാരം, സകാത്ത്, നോമ്പ്, ഹജ്ജ് എന്നിവയാണ് നിർബന്ധകാര്യങ്ങൾ. ഫർദ് (നിർബന്ധം), ഹറാം (നിഷിദ്ധം), മൻദൂബ് (ഐച്ഛികം), മക്‌റൂഹ് (വർജിക്കേണ്ടത്), ജാഇസ് (അനുവദനീയം) എന്നിവയാണ് ശരീഅത്ത് അനുസരിച്ചുള്ള ഹുക്മുകൾ. ക്വുർആനിന് വ്യാഖ്യാനമായി ഈ കോടതി സ്വീകരിച്ചിട്ടുള്ളത് 1937ൽ ലാഹോറിൽ പ്രസിദ്ധീകരിച്ച അബ്ദുല്ല യൂസുഫലിയുടെ ക്വുർആൻ വ്യാഖ്യാനമാണ്. ഈ കേസിൽ തന്നെ ശിരോവസ്ത്രത്തിനു വേണ്ടി ഹാജരായ ചില അഭിഭാഷകർ അബ്ദുല്ല യൂസുഫലിയുടെ വ്യാഖ്യാനങ്ങൾ ഉദ്ധരിച്ചിട്ടുണ്ട്. (യൂസുഫലിയുടെ ക്വുർആൻ വ്യാഖ്യാനവുമായി ബന്ധപ്പെട്ട വിശദീകരങ്ങൾ ഈ ലേഖനപരമ്പരയുടെ 2,5 ഭാഗങ്ങളിൽ പരാമർശിച്ചത് പരിശോധിക്കുക). ഇസ്‌ലാമിക നിയമങ്ങളുടെ വ്യാഖ്യാന ഗ്രന്ഥമായ ബുർഹാനുദ്ദീൻ അൽമർഗിനാനിയുടെ 'ഹിദായ'യിൽ നിന്ന് പല സന്ദർഭങ്ങളിൽ ഈ കോടതി ഉദ്ധരിച്ചിട്ടുണ്ട്.

ഇസ്‌ലാമിക പ്രമാണങ്ങൾ എങ്ങനെയാണ് മനസ്സിലാക്കേണ്ടത് എന്നതിന് പൊതുവെ കോടതികൾ അംഗീകരിച്ചുവരുന്ന രീതിയാണ് ഗുപ്ത മുകളിൽ സൂചിപ്പിച്ചത്. അതിൽ പ്രശ്നമൊന്നുമില്ല. എന്നാൽ ഇവിടെ ചില തഫ്സീർ ഗ്രന്ഥങ്ങളിൽ വന്ന പരാമർശങ്ങളെ തങ്ങളുടെ താൽപര്യങ്ങൾക്കു വേണ്ടി എടുത്തുദ്ധരിച്ച കർണാടക എ.ജിയുടെയും സോളിസിറ്റർ ജനറലിന്റെയും വാദങ്ങളെ ശരിവെച്ചുകൊണ്ട് മുൻവിധിയോടെ ജസ്റ്റിസ് ഗുപ്ത അവരുടെ വാദങ്ങൾക്ക് പച്ചക്കൊടി കാണിക്കാൻ ശ്രമിക്കുകയാണ് ചെയ്യുന്നത്.

**ബലി നിരോധനവും ശിരോവസ്ത്രവും**

എസെൻഷ്യൽ റിലീജിയസ് പ്രാക്റ്റീസുമായി ബന്ധപ്പെട്ടുകൊണ്ട് സോളിസിറ്റർ ജനറലും കർണാടക അഡ്വക്കേറ്റ് ജനറലും സമർപ്പിച്ചിട്ടുള്ള ചില രേഖകളെ ശരിവെക്കുന്ന തരത്തിലായിരുന്നു പിന്നീട് ജസ്റ്റിസ് ഗുപ്തയുടെ വിധിന്യായം. അതിൽ ഒന്നായിരുന്നു മൃഗബലി നിരോധിച്ചു കൊണ്ടുള്ള മുഹമ്മദ് ഹനീഫ് ഖുറൈശി-സ്റ്റേറ്റ് ഓഫ് ബീഹാർ കേസ്. ഈ കേസിനെക്കുറിച്ച് ഈ ലേഖനപരമ്പരയുടെ 15ാം ഭാഗത്തിൽ കൂടുതൽ വിശദമാക്കിയിട്ടുണ്ട്. പശുവിനെ ബലിയറുക്കൽ നിർബന്ധമാണെന്നും അതിനെ നിരോധിച്ചു കൊണ്ടുള്ള നടപടി പിൻവലിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് നൽകപ്പെട്ട കേസിൽ പശുവിനെ അറുക്കൽ നിർബന്ധമാണെന്ന് ഇസ് ലാമിക പ്രമാണങ്ങൾവഴി തെളിയിക്കാൻ കഴിയില്ലെന്ന് കോടതി പറഞ്ഞ ഭാഗമാണ് ശിരോവസ്ത്ര കേസിന്റെ വിധിയിൽ ഗുപ്ത എടുത്തുദ്ധരിക്കുന്നത്. ബലിദിനത്തിൽ പശുവിനെ ബലിയറുക്കണമെന്ന് നിർബന്ധമില്ലെന്നും പകരം ആടായാലും മതി എന്നുമുള്ള കോടതിയുടെ നിരീക്ഷണത്തെ ഫോക്കസ് ചെയ്തുകൊണ്ടാണ് അദ്ദേഹം സംസാരിക്കുന്നത്. അതായത് പശുവിനെ അറുക്കൽ നിർബന്ധമാണെന്ന് പരാതിക്കാരൻ വാദിച്ചപ്പോൾ അത് ഐച്ഛികം മാത്രമാണെന്നും അതുകൊണ്ട് അത് അനിവാര്യമായ മതാ

**പശുവിനെ ബലിയറുക്കൽ നിർബന്ധമാണെന്നും അതിനെ നിരോധിച്ചു കൊണ്ടുള്ള നടപടി പിൻവലിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് നൽകപ്പെട്ട കേസിൽ പശുവിനെ അറുക്കൽ നിർബന്ധമാണെന്ന് ഇസ്‌ലാമിക പ്രമാണങ്ങൾവഴി തെളിയിക്കാൻ കഴിയില്ലെന്ന് കോടതി പറഞ്ഞ ഭാഗമാണ് ശിരോവസ്ത്ര കേസിന്റെ വിധിയിൽ ഗുപ്ത എടുത്തുദ്ധരിക്കുന്നത്. ബലിദിനത്തിൽ പശുവിനെ ബലിയറുക്കണമെന്ന് നിർബന്ധമില്ലെന്നും പകരം ആടായാലും മതി എന്നുമുള്ള കോടതിയുടെ നിരീക്ഷണത്തെ ഫോക്കസ് ചെയ്തുകൊണ്ടാണ് അദ്ദേഹം സംസാരിക്കുന്നത്.**

**മുത്ത്വലാക്വുമായി ബന്ധപ്പെട്ടുവന്ന ചില വിധികളെ ശരിയാണെന്ന് വാദത്തിനു വേണ്ടി സമ്മതിച്ചാൽ പോലും അതിനർഥം എല്ലാ തരത്തിലുമുള്ള ത്വലാക്വിനും അത് ബാധകമാവുമെന്നാണോ? ബഹുഭാര്യത്വവുമായി ബന്ധപ്പെട്ടുകൊണ്ട് ഇസ്‌ലാം അനുവദിച്ചിട്ടില്ലാത്ത വിധത്തിൽ അക്രമത്തിലൂടെ സ്ത്രീകളെ ബുദ്ധിമുട്ടിക്കാൻ ആരെങ്കിലും ശ്രമിച്ചിട്ടുണ്ടെങ്കിൽ എല്ലാ ബഹുഭാര്യത്വവും അങ്ങനെയാണ് എന്നു പറയാൻ സാധിക്കുമോ? ഏതെങ്കിലും കോടതി അങ്ങനെ പറഞ്ഞിട്ടുണ്ടോ? ബഹുഭാര്യത്വം, ത്വലാക്വ്, ആരാധനാലയം എന്നിവയൊന്നും ആത്യന്തികമായി നിരോധിക്കപ്പെട്ടിട്ടില്ല എന്നതുപോലെ ശിരോവസ്ത്രവും ആത്യന്തികമായി ഒരു കോടതിയും നിരോധിച്ചിട്ടില്ല എന്ന വസ്തുതയെ മറച്ചുപിടിക്കുന്നത് ഒട്ടും ന്യായമല്ല.**

ചാരമാണെന്ന് പറയാൻ സാധിക്കില്ലെന്നും കോടതി പറഞ്ഞു എന്നാണ് ഗുപ്ത പറയുന്നത്. എന്നാൽ ഇവിടെ 'അറുക്കുക' എന്ന പ്രവൃത്തി നിരോധിച്ചിട്ടില്ല എന്ന വസ്തുത ഓർക്കേണ്ടതുണ്ട്. ശിരോവസ്ത്ര രൂപങ്ങളിൽ ഏതെങ്കിലും ഒന്നിനെ നിലനിർത്തി മറ്റുള്ളവ നിരോധിക്കുകയല്ല കർണാടക ഭരണകൂടം ചെയ്തത്. അതുകൊണ്ടുതന്നെ ഇത്തരത്തിലുള്ള വാദങ്ങൾ ഇരു ട്ടുകൊണ്ട് ഓട്ടയടക്കുന്നതിന് തുല്യമാണെന്ന് പ്രത്യക്ഷത്തിൽതന്നെ ബോധ്യമാവും.

**ആരാധനാലയങ്ങൾ പോലും ഇസ്‌ലാമിൽ അനിവാര്യമല്ലെന്നോ?**

1994ലെ ഡോ.എം. ഇസ്മായിൽ ഫാറൂഖി-യൂണിയൻ ഓഫ് ഇന്ത്യ കേസാണ് ഹേമന്ദ് ഗുപ്ത പറഞ്ഞ മറ്റൊരു കേസ്. ബാബരി മസ്ജിദുമായി ബന്ധപ്പെട്ട ഈ കേസിന്റെ വിധിയിൽ നമസ്കാരം ഒരു മതപരമായ ആചാരമാണെങ്കിലും അത് എല്ലാ സ്ഥലങ്ങളിലും നിർവഹിക്കുന്നത് ഒരു നിർബന്ധമായ കാര്യമാണെന്ന് പറയാൻ സാധിക്കില്ല എന്നും നമസ്കരിക്കാൻ പള്ളികൾ അനിവാര്യമല്ലെന്നുമുള്ള പരാമർശങ്ങളാണ് ഗുപ്ത ഇവിടെ എടുത്തുദ്ധരിക്കുന്നത്. ഇസ്‌ലാം മതത്തിൽ ഇവയൊന്നും 'എസെൻഷ്യൽ' അല്ലെന്നു വരുത്തിത്തീർക്കാനുള്ള നിയമമേഖലയിലെ ചിലരുടെ ശ്രമങ്ങളുടെ ഭാഗമായായിരുന്നു ഇത്തരം വിധികൾ ഉണ്ടായിട്ടുള്ളത്. ഇത്തരം പരാമർശങ്ങൾ ഭരണഘടനാ ബെഞ്ചിന് വിട്ട് പുനഃപരിശോധിക്കണമെന്ന് രാജ്യത്തെ പ്രമുഖരായ നിയമജ്ഞർ കോടതിയോട് ആവശ്യപ്പെട്ടിരുന്നു. കൂടുതൽ വിവരങ്ങൾക്ക് ഈ ലേഖനപരമ്പരയുടെ 16ാം ഭാഗം പരിശോധിക്കുക.

**കോടതിയുടെ നിരീക്ഷണം ശരിയല്ല**

മുത്ത്വലാക്വുമായി ബന്ധപ്പെട്ട 1985ലെ ശാബാനു ബീഗം കേസ്, 2016ലെ സൈറാബാനു കേസ്, ബഹുഭാര്യത്വവുമായി ബന്ധപ്പെട്ടുവന്ന മറ്റു ചില കേസുകൾ എന്നിവയെല്ലാം ശിരോവസ്ത്ര കേസിലേക്ക് വലിച്ചിഴച്ച് എല്ലാം ഒരുപോലെയാണെന്ന് വ്യാഖ്യാനിക്കാനാണ് സോളിസിറ്റർ ജനറലും എ.ജിയും തുടർന്ന് ജസ്റ്റിസ് ഗുപ്തയും ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

മുത്ത്വലാക്വുമായി ബന്ധപ്പെട്ടുവന്ന ചില വിധികളെ ശരിയാണെന്ന് വാദത്തിനു വേണ്ടി സമ്മതിച്ചാൽ പോലും അതിനർഥം എല്ലാ തരത്തിലുമുള്ള ത്വലാക്വിനും അത് ബാധകമാവുമെന്നാണോ? ബഹുഭാര്യത്വവുമായി ബന്ധപ്പെട്ടുകൊണ്ട് ഇസ്‌ലാം അനുവദിച്ചിട്ടില്ലാത്ത വിധത്തിൽ അക്രമത്തിലൂടെ സ്ത്രീകളെ ബുദ്ധിമുട്ടിക്കാൻ ആരെങ്കിലും ശ്രമിച്ചിട്ടുണ്ടെങ്കിൽ എല്ലാ ബഹുഭാര്യത്വവും അങ്ങനെയാണ് എന്നു പറയാൻ സാധിക്കുമോ? ഏതെങ്കിലും കോടതി അങ്ങനെ പറഞ്ഞിട്ടുണ്ടോ? ബഹുഭാര്യത്വം, ത്വലാക്വ്, ആരാധനാലയം എന്നിവയൊന്നും ആത്യന്തികമായി നിരോധിക്കപ്പെട്ടിട്ടില്ല എന്നതുപോലെ ശിരോവസ്ത്രവും ആത്യന്തികമായി ഒരു കോടതിയും നിരോധിച്ചിട്ടില്ല എന്ന വസ്തുതയെ മറച്ചുപിടിക്കുന്നത് ഒട്ടും ന്യായമല്ല.

മതകാര്യങ്ങൾ എസെൻഷ്യൽ (നിർബന്ധം) ആണെങ്കിലും നോൺ-എസെൻഷ്യൽ (ഐച്ഛികം) ആണെങ്കിലും അവ നിർവഹിക്കാനുള്ള സ്വാതന്ത്ര്യം 25ാം അനുച്ഛേദം നൽകിയിട്ടുണ്ട്. അത് മൗലികാവകാശമാണ്. അതിനെ നിരോധിക്കുവാനുള്ള അധികാരം ഭരണകൂടങ്ങൾക്കില്ല.

*(അടുത്ത ലക്കത്തിൽ: എസെൻഷ്യൽ വിവിധ കോടതി വിധികളിൽ)*

പ്രാദേശിക സെന്ററുകൾക്ക് അപേക്ഷ ക്ഷണിച്ചു

SCHOOL OF Qur'an
READ. LEARN. EVOLVE

ജാമിഅ അൽ ഹിന്ദ് അൽ ഇസ്‌ലാമിയ്യ
സ്കൂൾ ഓഫ് ഖുർആൻ

2014 മുതൽ ജാമിഅയുടെ കീഴിൽ വ്യതിരിക്തമായ കാഴ്ചപ്പാടോടുകൂടി പ്രവർത്തിക്കുന്ന സ്കൂൾ ഓഫ് ഖുർആനിന്റെ സെന്ററുകൾ നിങ്ങളുടെ പ്രദേശത്ത് തുടങ്ങാൻ ഉദ്ദേശിക്കുന്നുവെങ്കിൽ ഇപ്പോൾ അപേക്ഷിക്കാം.

വിശദ വിവരങ്ങൾക്ക്: +91 9605605808, +91 8606788882, +91 9072646000



നമ്മുടെ രാജ്യത്തെ കോടതികൾ (41)

# ജയിലുകൾ

അബൂ ആദം അയ്മൻ

ക്രിമിനൽ കേസുകളിൽ തടവു ശിക്ഷയ്ക്ക് (വെറും തടവോ-simple Imprisonment, കഠിന തടവോ rigorous imprisonment) വിധിക്കപ്പെടുന്നവർ വിധിനടത്തലിൽ ചെന്നെത്തുന്നത് അതതു ശിക്ഷകൾക്ക് ചേർന്ന ജയിലുകളിലായിരിക്കും. മാത്രമല്ല, വിചാരണത്തടവുകാരെയും ജുഡീഷ്യൽ കസ്റ്റഡിയിൽ റിമാൻ ഡ് ചെയ്യപ്പെടുന്നവരെയും പൊലീസ് കസ്റ്റഡിയിൽ റിമാൻഡിൽ (പരമാവധി പതിനഞ്ചുദിവസം) കഴിഞ്ഞ ശേഷം തിരികെ കോടതിയിൽ ഹാജരാക്കപ്പെടുന്നവരെയും ജയിലുകളിലാണ് പാർപ്പിക്കുന്നത്.

'ആഭ്യന്തരവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സംസ്ഥാന ജയിൽ വകുപ്പിന്റെ അധ്യക്ഷൻ ഡയറക്ടർ ജനറൽ ഓഫ് പൊലീസ് ആണ്. അദ്ദേഹത്തെ സഹായിക്കാൻ ജയിൽ വകുപ്പിന്റെ കോഴിക്കോട്ടെ ഉത്തരമേഖലാ ഓഫീസിലും, തൃശൂരിലെ മധ്യമേഖലാ ഓഫീസിലും. തിരുവനന്തപുരത്തെ ദക്ഷിണ മേഖലാ ഓഫീസിലും ഓരോ പ്രിസൺസ് ഡപ്യൂട്ടി ഇൻസ്പെക്ടർ ജനറൽമാരുമുണ്ട്.

**സെൻട്രൽ ജയിൽ**

തിരുവനന്തപുരം, വിയ്യൂർ, കണ്ണൂർ എന്നിവിടങ്ങളിലാണ് കേരളത്തിലെ സെൻട്രൽ ജയിലുകൾ. ആറുമാസത്തിൽ കവിഞ്ഞ തടവുശിക്ഷയ്ക്ക് വിധിക്കപ്പെടുന്നവരെയും ഒരു മാസത്തിൽ കവിഞ്ഞ തടവുശിക്ഷയ്ക്ക് വിധിക്കപ്പെടുന്നവരെയുമാണ് ഇവിടെ പാർപ്പിക്കുന്നത്. തടവുകാരെ അവരുടെ കുറ്റകൃത്യത്തിന്റെ സ്വഭാവം, അവരുടെ സാമൂഹ്യപശ്ചാത്തലം എന്നിവ പരിഗണിച്ച് നാലു ക്ലാസ്സുകളായി തരംതിരിക്കാറുണ്ട്. എ ക്ലാസ്സ്, ബി ക്ലാസ്സ്, കൺവിക്ട് സ്പെഷൽ ക്ലാസ്സ്, സി ക്ലാസ്സ് എന്നിവയാണ് പ്രസ്തുത ക്ലാസ്സുകൾ. ജയിൽചട്ടം മൂന്നാം വകുപ്പിൽ പറയുന്നവയൊഴികെയുള്ള കുറ്റങ്ങൾക്ക് ശിക്ഷിക്കപ്പെടുന്ന എംപി, എംഎൽഎ തുടങ്ങിയ ജനപ്രതിനിധികളെയാണ് എ ക്ലാസ്സിൽ പെടുത്തുക. ദുഷ്പ്രേരണ, ധനാപഹരണം, ധനദുർവിനിയോഗം മുതലായ, പ്രസ്തുത വകുപ്പിൽ പറയുന്ന കുറ്റങ്ങൾക്കാണ് ജനപ്രതിനിധികൾ ശിക്ഷിക്കപ്പെടുന്നതെങ്കിൽ, അവർ എ ക്ലാസ്സ് സൗകര്യത്തിന് അനർഹരായിത്തീരുന്നതാണ്. അഴിമതിക്കേസുകൾക്ക് പലപ്പോഴും മേൽപറഞ്ഞ കുറ്റങ്ങൾ അടിസ്ഥാനങ്ങളായിത്തീരാറുണ്ട്. പ്രത്യേക ഭക്ഷണം, ഭക്ഷണം പാകംചെയ്യുന്നതിനുള്ള സൗകര്യം, ഇഷ്ടമുള്ള വസ്ത്രം. കട്ടിൽ, സ്വന്തം കിടക്ക, ചികിത്സാ ഉപകരണങ്ങൾ, കസേര, മേശ, പത്രങ്ങളും പുസ്തകങ്ങളും വായിക്കാനുള്ള സൗകര്യം, കത്തെഴുതാനും കൂടിക്കാണാനുമുള്ള സൗകര്യം എന്നിവ എ ക്ലാസ്സുകാർക്ക് നൽകുന്ന പ്രത്യേക സൗകര്യങ്ങളിൽ പെടും.

സാമൂഹ്യപദവി, വിദ്യാഭ്യാസം, നല്ല ജീവിതക്രമം എന്നിവകൊണ്ട് മാന്യമായ ജീവിതരീതിയിൽ കഴിഞ്ഞുവരവെ തടവുശിക്ഷയ്ക്ക് വിധിക്കപ്പെടാൻ ഇടയായവരെയാണ് ബി ക്ലാസ്സിൽ പെടുത്തുക. ചില പ്രത്യേക സാഹചര്യങ്ങളിലും ചില രാഷ്ട്രീയകാരണങ്ങളാലും ഗവൺമെന്റിന് ഏതൊരു തടവുകാരനെയും എ ക്ലാസ്സിലോ ബി ക്ലാസ്സിലോ കൺവിക്ട് സ്പെഷൽ ക്ലാസ്സിലോ പെടുത്താവുന്നതാണ്. കഠിന തടവിനു ശിക്ഷിക്കപ്പെടുന്നവരെയാണ് സി ക്ലാസ്സിൽ പെടുത്തുക.

**തുറന്ന ജയിൽ**

ഏറ്റവും കുറഞ്ഞ നിയന്ത്രണങ്ങൾ മാത്രം ഏർപ്പെടുത്തിയിട്ടുള്ള പരിഷ്കൃത ജയിലാണിത്. തിരുവ നന്തപുരം ജില്ലയിലെ കാട്ടാക്കടയ്ക്ക് അടുത്ത് നെട്ടുകാൽതേരിയിലും, കാസർകോട് ജില്ലയിലെ ചീമേനി യിലുമാണ് ഇത്തരം ജയിലുകൾ പ്രവർത്തിക്കുന്നത്. സെൻട്രൽ ജയിലുകളിലെ ദീർഘകാലതടവുകാർക്ക് മുൻഗണന നൽകിക്കൊണ്ടുതന്നെ, മൂന്നോ അതിലധികമോ വർഷത്തെ തടവുശിക്ഷ അനുഭവിച്ചുപോരുന്ന സി ക്ലാസ്സ് പുരുഷതടവുകാരിൽനിന്ന്, നല്ല പെരുമാറ്റവും നല്ല ആരോഗ്യവുമുള്ളവരെ തിരഞ്ഞെടുത്ത് ഇവിടെ കൊണ്ടുവന്നു പാർപ്പിച്ച്, ജയിലിനോട് അനുബന്ധിച്ച വിസ്തൃതമായ കൃഷിഭൂമിയിലെ കൃഷി പ്പണികളിലും കന്നുകാലി വളർത്തലിലും മറ്റും പങ്കെടുപ്പിക്കുന്നു.

*(അവലംബം)*



# സത്യവിശ്വാസികൾക്കെതിരിൽ തീവ്രമായ നിലപാടുകൾ

**ഇ.യൂസുഫ് സാഹിബ് നദുവി ഓച്ചിറ**
: 9497385707

പ്രവാചകനോടും വിശ്വാസിസമൂഹത്തോടുമുള്ള യഹൂദരുടെ പകയും അടക്കാനാവാത്ത വിരോധവും അവരെ മക്കയിലെ ബഹുദൈവ വിശ്വാസികളുമായും മദീനയിലെ കപടവിശ്വാസികളുമായും സന്ധിചെയ്യാൻ പ്രേരിപ്പിച്ചു. വേദക്കാർ എന്ന നിലയ്ക്ക് ഇസ്ലാമിനോടും പ്രവാചകനോടും പ്രതിബദ്ധതയും കൂറും പുലർത്താൻ ബാധ്യസ്ഥരായിരുന്നവർ വ്യക്തമായ വിരോധികളായി മാറുന്ന കാഴ്ചയാണ് ഇതുവഴി പിന്നീട് ചരിത്രം കണ്ടത്. യുദ്ധവേളകളിൽ ശത്രുസംഹാരത്തിനുവേണ്ടി ക്രൂരമായ രീതിയിൽ മാരണം (സിഹ്ർ) നടത്തുന്ന പതിവ് അവർക്കുണ്ടായിരുന്നതായി യഹൂദ പണ്ഡിതന്മാർതന്നെ വ്യക്തമാക്കിയിട്ടുണ്ട്. ആട്ടിറച്ചിയിൽ വിഷംകലർത്തി മുഹമ്മദ് നബി (സ്വ)യെ അപകടപ്പെടുത്താനുള്ള യഹൂദരുടെ ശ്രമം, അല്ലാഹു അത്ഭുതകരമായി പരാജയപ്പെടുത്തിയത് ഏറെ പ്രശസ്തമാണല്ലോ.

**റാഇനായും ഉൻദ്വുർനായും**

നല്ല അർഥവും മോശമായ അർഥവുമുള്ള വചനങ്ങളെ മോശമായ അർഥം മാത്രം ഉദ്ദേശിച്ചു പ്രയോഗിച്ച് നബി(സ്വ)യെ അവഹേളിക്കാൻ ശ്രമിച്ച അവസരങ്ങളും ധാരാളമാണ്. മുഹമ്മദ് നബി(സ്വ)യുടെ സവിധത്തിലെത്തി 'റാഇനാ' എന്നു പറഞ്ഞ് അസഭ്യം ഉദ്ദേശിച്ച് യഹൂദർ ചിരിക്കുന്നത് പതിവായപ്പോൾ നല്ല അർഥം ഉദ്ദേശിച്ചും ഈപദം പ്രയോഗിക്കരുതെന്ന് സ്രഷ്ടാവ് വിശ്വാസികളെ വിലക്കിയതായി ക്വുർആനിൽ കാണാം:

"ഹേ: സത്യവിശ്വാസികളേ, നിങ്ങൾ (നബിയോട്) 'റാഇനാ' എന്നു പറയരുത്. പകരം 'ഉൻദ്വുർനാ' എന്നു പറയുകയും ശ്രദ്ധിച്ച് കേൾക്കുകയും ചെയ്യുക. സത്യനിഷേധികൾക്ക് വേദനയേറിയ ശിക്ഷയുണ്ട്" (2:104). 'റാഇനാ' എന്ന അറബിവാക്കിന്റെ അർഥം 'ഞങ്ങളെ പരിഗണിക്കേണമേ' എന്നാണ്. നബിയോടുള്ള സംഭാഷണത്തിൽ സ്വഹാബികൾ ചിലപ്പോൾ ഈ വാക്ക് ഉപയോഗിച്ചിരുന്നു. എന്നാൽ യഹൂ

**ഇസ്‌ലാമിക ഭരണം നിലവിൽ വന്നശേഷം യഹൂദർ അവരുമായി ഉടമ്പടി ചെയ്തും കപ്പംകൊടുത്തും ജീവിക്കേണ്ടിവന്നു. ശേഷം പല രാഷ്ട്രങ്ങളിലും ഹീനരും നിന്ദ്യരുമായി കഴിയാനായിരുന്നു യഹൂദരുടെ വിധി. ഏതെങ്കിലും ഒരു കക്ഷിയുടെ ഔദാര്യമോ പരസഹായമോ കൂടാതെ അവർക്ക് സ്വന്തം നിലയ്ക്ക് മാന്യരും സ്വതന്ത്രരുമായ ഒരു സമുദായമായി പരിവർത്തിക്കുവാനോ സ്വന്തമായി ഭരണാധികാരം സ്ഥാപിച്ചെടുക്കാനോ സാധിച്ചിട്ടില്ല. ദൈവിക ശാപകോപങ്ങൾക്ക് യഹൂദർ പാത്രീഭൂതരായിരിക്കുന്നുവെന്നതിന്റെ പ്രത്യക്ഷ തെളിവുകളാണിവ.**

ദരുടെ ഭാഷയിൽ 'റാഇനാ' എന്നത് ഒരു അസഭ്യ വാക്കാണ്. നബി(സ്വ)യെ അവഹേളിക്കാനായിരുന്നു ദ്വയാർഥമുള്ള ആ വാക്ക് അവർ ഉപയോഗിച്ചിരുന്നത്. അതിനാൽ ക്വുർആൻ ആ വാക്ക് നിരോധിക്കുകയും പകരം 'ഞങ്ങളെ നോക്കേണമേ' എന്നർഥമുള്ള 'ഉൻദ്വുർനാ' എന്ന വാക്ക് നിർദേശിക്കുകയും ചെയ്തു. വിശ്വാസികളുടെ പരസ്പരൈക്യത്തിന് ദോഷകരമാവുന്നവിധം ഒരു പദപ്രയോഗം പോലും വന്നുപോകാതെ സൂക്ഷിക്കണമെന്ന സൂചന ഇതിലടങ്ങിയിട്ടുള്ളത് ശ്രദ്ധേയമാണ്.

നബി(സ്വ)യുടെ സവിധത്തിലെത്തി നിങ്ങൾക്ക് മരണമുണ്ടാകട്ടെ എന്ന അർഥത്തിൽ 'അസ്സാമു അലൈക' എന്നും യഹൂദർ നബിയെ അഭിവാദനം ചെയ്തിരുന്നു (ബുഖാരി).

**പലിശയും പണയവും മദീനയിൽ**

പണയം, പലിശ തുടങ്ങിയ, സദാചാര തകർച്ചയിലേക്ക് നയിക്കുന്ന എല്ലാ ബിസിനസ്സുകളുമായും യഹൂദർ ബന്ധപ്പെട്ടിരുന്നു. സ്ത്രീകളെയും കുട്ടികളെയും അവർ പണയപ്പെടുത്തിയിരുന്നതായും ചരിത്രം പറയുന്നു (ഇബ്നു ഹിശാം 2/51).

തികച്ചും വ്യക്തിലാഭത്തിന്റെ മാനദണ്ഡത്തിൽ മാത്രമായിരുന്നു ഇവർ മറ്റുള്ളവരുമായി ബന്ധപ്പെട്ടിരുന്നതും. അക്കാലത്തെ മദീനയിലെ ഏറ്റവും വലിയ സമ്പന്നർ യഹൂദരായിരുന്നു. ഗ്രാമീണരും ഭാവിയെപ്പറ്റി ചിന്തയില്ലാത്തവരുമായ അറബികൾക്ക് വാരിക്കോരി സാമ്പത്തിക സഹായങ്ങൾ ഇവർ നൽകിയിരുന്നു. അറബികൾക്ക് അതിഥി സൽക്കാരം പ്രിയമായിരുന്നതിനാൽ യഥേഷ്ടം ചെലവഴിക്കുന്നതിന് യഹൂദരിൽനിന്നും കൂടുതൽ പലിശക്കും പണയത്തിനും പണം വായ്പക്കെടുക്കുന്ന നടപടി ചിലരിൽ പതിവായിരുന്നു.

**അഭിശപ്ത സമൂഹം**

യഹൂദർ അല്ലാഹുവിന്റെ ശാപകോപങ്ങൾക്ക് ഇരയായിത്തീർന്ന അന്നുമുതൽ അവരിൽ നിന്ദ്യതയും നിസ്സഹായതയും കുടിയേറിയതായി ചരിത്രത്തിൽ സുവ്യക്തമാണ്. മുഹമ്മദ് നബി(സ്വ)യുടെ ആഗമനത്തിനു മുമ്പുമുതൽ ഇന്നോളമുള്ള ചരിത്രം അതിന് സാക്ഷിയുമാണ്. ഇസ്‌ലാമിനു മുമ്പ് റോമയിലെയും ഇറാക്കിലെയും ഭരണാധികൾക്ക് യഹൂദർ അടിമകളായിരുന്നു. അവരുടെ ഭീകരമർദനമുറകൾ സഹിച്ചും അവർക്ക് കപ്പംകൊടുത്തും ദീർഘനാൾ അടിമകളായി കഴിയേണ്ട അവസ്ഥ യഹൂദർക്കുണ്ടായിരുന്നു. ഇസ്‌ലാമിക ഭരണം നിലവിൽ വന്നശേഷം അവരുമായി ഉടമ്പടി ചെയ്തും കപ്പംകൊടുത്തും ജീവിക്കേണ്ടിവന്നു. ശേഷം പല രാഷ്ട്രങ്ങളിലും ഹീനരും നിന്ദ്യരുമായി കഴിയാനായിരുന്നു യഹൂദരുടെ വിധി. ഏതെങ്കിലും ഒരു കക്ഷിയുടെ ഔദാര്യമോ പരസഹായമോ കൂടാതെ അവർക്ക് സ്വന്തം നിലയ്ക്ക് മാന്യരും സ്വതന്ത്രരുമായ ഒരു സമുദായമായി പരിവർത്തിക്കുവാനോ സ്വന്തമായി ഭരണാധികാരം സ്ഥാപിച്ചെടുക്കാനോ സാധിച്ചിട്ടില്ല. ദൈവിക ശാപകോപങ്ങൾക്ക് യഹൂദർ പാത്രീഭൂതരായിരിക്കുന്നുവെന്നതിന്റെ പ്രത്യക്ഷ തെളിവുകളാണിവ.

വർഷങ്ങൾക്ക് മുമ്പ് ഇസ്രയേൽ രാഷ്ട്രമെന്ന പേരിൽ ഫലസ്തീനിന്റെ വിരിമാറിൽ ബലപ്രയോഗത്തിലൂടെ യഹൂദ രാഷ്ട്രം സ്ഥാപിക്കപ്പെട്ടത് വിസ്മരിക്കാനാവുന്ന സാഹചര്യമല്ല നിലവിലുള്ളത്. അതിന്റെ പിന്നിൽ അമേരിക്കയും ബ്രിട്ടണും ഫ്രാൻസും ഉൾപ്പെടുന്ന വൻകിട ശക്തികളുടെ കൈകളാണുള്ളതെന്ന സത്യം ഏവർക്കും വ്യക്തമാണ്. പല രാജ്യങ്ങളും ഇന്നുവരെ ഇസ്രയേലിനെ ഒരു സ്വതന്ത്ര രാഷ്ട്രമായി അംഗീകരിച്ച് നയതന്ത്ര ബന്ധങ്ങൾ പുലർത്താൻ ഒരുങ്ങിയിട്ടില്ല. മാത്രമല്ല അവരുമായി ശക്തമായ ശത്രുതയിലും വൈരാഗ്യത്തിലുമാണ് തുടരുന്നത്. ഇവയെല്ലാം യഹൂദരുടെ നിന്ദ്യതക്കും നികൃഷ്ടതക്കും ഉദാഹരണമായി പരിഗണിക്കാവുന്ന വസ്തുതകളാണ്. പൊതുവെ ഒന്നു വിലയിരുത്തിയാൽതന്നെ ഇത്രയും വെറുക്കപ്പെട്ട ഒരു സമൂഹ

വും ഒരു രാഷ്ട്രവും ലോകത്ത് മറ്റൊരിടത്തും കാണാൻ സാധ്യമല്ല. ശിശുഹത്യയാണ് ഇസ്രയേൽ ഭാഷയിലെ യുദ്ധമെന്ന പരസ്യാധിക്ഷേപം നിലവിൽ ഇസ്രയേലിനുമാത്രം സ്വന്തമാണ്.

1948ൽ ഇസ്രയേൽ രാഷ്ട്രം നിലവിൽ വന്നപ്പോൾ, ലോകത്തിന്റെ വിവിധകോണുകളിൽ ചിന്നിയും ചിതറിയും-പ്രത്യേകിച്ച് നാസി ഭരണത്തിനു കീഴിൽ-മർദിതരായി കഴിഞ്ഞുകൂടിയിരുന്ന യഹൂദരെ ഒന്നിച്ച് ഇസ്രയേലിലേക്ക് പലായനം ചെയ്യിച്ചുകൊണ്ടായിരുന്നു 'വാഗ്ദത്ത ഭൂമി'യെന്ന സ്വപ്നം സാക്ഷാത്കരിക്കപ്പെട്ടത്. ഖുർആൻ പറയുന്നു: "നിന്ദ്യത അവരിൽ അടിച്ചേൽപിക്കപ്പെട്ടിരിക്കുന്നു; അവർ എവിടെ കാണപ്പെട്ടാലും. അല്ലാഹുവിൽനിന്നുള്ള പിടികയറോ, ജനങ്ങളിൽനിന്നുള്ള പിടികയറോ മുഖേനയല്ലാതെ (അവർക്ക് അതിൽനിന്ന് മോചനമില്ല). അവർ അല്ലാഹുവിന്റെ കോപത്തിന് പാത്രമാകുകയും, അവരുടെ മേൽ അധമത്വം അടിച്ചേൽപിക്കപ്പെടുകയും ചെയ്തിരിക്കുന്നു. അവർ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ തള്ളിക്കളയുകയും, അന്യായമായി പ്രവാചകൻമാരെ കൊലപ്പെടുത്തുകയും ചെയ്തുകൊണ്ടിരുന്നതിന്റെ ഫലമത്രെ അത്. അവർ അനുസരണക്കേട് കാണിക്കുകയും, അതിക്രമം പ്രവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്തതിന്റെ ഫലമത്രെ അത്" (3:112).

യഹൂദർ ലോകത്ത് എവിടെയെങ്കിലും വല്ല സമാധാനവും നേടിയിട്ടുണ്ടെങ്കിൽ അത് അന്യന്റെ ദാക്ഷിണ്യം ഒന്നുകൊണ്ടു മാത്രമാണ്. സ്വന്തം ശക്തികൊണ്ട് ഒന്നുംതന്നെ നേടാൻ അവർക്ക് കഴിഞ്ഞിട്ടില്ല. ഒന്നുകിൽ വല്ല മുസ്‌ലിം രാഷ്ട്രവും അവർക്ക് ഉപജീവനവും അഭയവും നൽകി. അല്ലെങ്കിൽ മറ്റുവല്ല രാജ്യവും അവർക്ക് താങ്ങും തണലുമായി വർത്തിച്ചു. ഇങ്ങനെയാണ് ലോകരംഗത്ത് പലപ്പോഴും ശക്തിയാർജിക്കാൻ അവർക്ക് സാധ്യമായത്.

> **യഹൂദർ ലോകത്ത് എവിടെയെങ്കിലും വല്ല സമാധാനവും നേടിയിട്ടുണ്ടെങ്കിൽ അത് അന്യന്റെ ദാക്ഷിണ്യം ഒന്നുകൊണ്ടു മാത്രമാണ്. സ്വന്തം ശക്തികൊണ്ട് ഒന്നുംതന്നെ നേടാൻ അവർക്ക് കഴിഞ്ഞിട്ടില്ല. ഒന്നുകിൽ വല്ല മുസ്‌ലിം രാഷ്ട്രവും അവർക്ക് ഉപജീവനവും അഭയവും നൽകി. അല്ലെങ്കിൽ മറ്റുവല്ല രാജ്യവും അവർക്ക് താങ്ങും തണലുമായി വർത്തിച്ചു. ഇങ്ങനെയാണ് ലോകരംഗത്ത് പലപ്പോഴും ശക്തിയാർജിക്കാൻ അവർക്ക് സാധ്യമായത്.**

### രഹസ്യസഖ്യങ്ങൾ

ഇസ്‌ലാമിക പ്രബോധന പ്രവർത്തനങ്ങൾ അതിശക്തമായി മുന്നേറുമ്പോൾ അസഹിഷ്ണുത പുലർത്തിയിരുന്ന ഒരുവിഭാഗം യഹൂദർ മുഹമ്മദ് നബി(സ)ക്കും അനുയായികൾക്കുമെതിരിൽ ബഹുദൈവ വിശ്വാസികളുമായി കൂട്ടുചേർന്ന് രഹസ്യസഖ്യങ്ങൾ രൂപപ്പെടുത്തി. തങ്ങൾ പടച്ചുവിടുന്ന ദുരാരോപണങ്ങൾക്കും കള്ളക്കഥകൾക്കും ബഹുമുഖ പിന്തുണലഭിക്കുകയെന്ന ചിന്താഗതിയായിരുന്നു ഇതിനുപിന്നിൽ. മുഹാജിറുകളും അൻസ്വാറുകളുമുൾപ്പെട്ട ശക്തമായ ഒരു സമൂഹത്തിന്റെ ഉയിർത്തെ ഴുന്നേൽപ്പോടെ ഇസ്‌ലാമിക പ്രബോധന പ്രവർത്തനങ്ങൾക്ക് മൊത്തത്തിൽ ഒരു നവോന്മേഷം കരഗതമായിരുന്നു ആ സന്ദർഭത്തിൽ. മദീനയുടെ അതിർത്തി പ്രദേശങ്ങളിൽ വസിച്ചിരുന്ന ഔസ്, ഖസ്റജ് എന്നീ അറബ് യഹൂദ ഗോത്രങ്ങൾ അറബികളുമായി പൂർവകാലം മുതൽതന്നെ നല്ല ബന്ധത്തിലായിരുന്നു. അറബ്-യഹൂദ കുടുംബങ്ങൾക്കിടയിൽതന്നെ വ്യക്തിപരമായി നല്ല ബന്ധം നിലനിന്നിരുന്നു.

ഈ അവസരം മുതലെടുത്ത് നബി(സ)ക്കും അവിടുത്തെ പ്രബോധനപ്രവർത്തങ്ങൾക്കുമെതിരിൽ ശക്തമായ ഒരു പകപോക്കലിനുള്ള അവസരം കാത്തുകഴിയുകയായിരുന്നു യഹൂദർ. പുതിയ ആദർശം സ്വീകരിക്കുന്നവരുമായി ഹൃദയംഗമായ ഒരു സ്നേഹബന്ധത്തിന് അവർ തയ്യാറുണ്ടായിരുന്നില്ല. അൻസ്വാരികളോട് ബാഹ്യമായ സ്നേഹവും സന്തോഷവും അഭിനയിച്ചിരുന്നുവെങ്കിലും ആന്തരികമായ വെറുപ്പും വിദ്വേഷവും വെച്ചുപുലർത്തിയിരുന്നു. രഹസ്യങ്ങൾ ചോർത്തിയെടുത്ത് ശത്രുക്കൾക്ക് നൽകി അഭ്യന്തര പ്രതിസന്ധികൾ സൃഷ്ടിക്കുക എന്ന ഹീനശ്രമം നടപ്പാക്കുന്നതിനായിരുന്നു ഈ സ്നേഹാ ഭിനയം. ഈ കപടാഭിനയത്തിന്റെ ഉള്ളുകള്ളി ഖുർആൻ വ്യക്തമാക്കുകയും യഹൂദരെ ഗൗരവത്തിൽ നിരീക്ഷിക്കാൻ നിർദേശം നൽകുകയുംചെയ്തു. അല്ലാഹു പറയുന്നു:

"വേദക്കാരിൽനിന്നും അവിശ്വസിച്ചവരെ ഒന്നാമത്തെ തുരത്തലിൽ തങ്ങളുടെ വാസസ്ഥലങ്ങളിൽ നിന്നും പുറത്താക്കിയവനാണ് അവൻ..." (59:2). തുരത്തിവിടൽ അഥവാ നാടുകടത്തൽ എന്നപേരിൽ അറിയപ്പെടുന്ന ഈ അധ്യായത്തിലെ പ്രധാനവിഷയം ബനൂനദീർ എന്ന യഹൂദഗോത്രത്തെ മദീനയിൽനിന്നും നാടുകടത്തിയതുമായി ബന്ധപ്പെട്ടതാണ്.

*(അവസാനിച്ചില്ല)*



# ഒരു തട്ടിക്കൊണ്ടു പോകൽ കഥ

**ഫാത്തിമ റൈഹാൻ, ശ്രീമൂലനഗരം**

വൈകുന്നേരം സ്കൂൾ വിട്ട് വീട്ടിലെത്തി ചായകുടിയും നമസ്കാരവും കഴിഞ്ഞാൽ കൂട്ടുകാരികളോടൊപ്പം കുറച്ചുസമയം കളിക്കുക എന്നത് ഫാത്തിമക്ക് ഇഷ്ടമുള്ള കാര്യമാണ്. ഒരു ദിവസം ഫാത്തിമയും കൂട്ടുകാരികളും കൂട്ടുകാരിയായ മർയമിന്റെ വീട്ടിൽ കളിക്കുവാൻ ഒരുമിച്ചുകൂടി.

"ഇന്നു നമുക്ക് അറിവ് വർധിക്കാനുള്ള കളിയായാലോ?" ഫാത്തിമ പറഞ്ഞു.

"അതെന്തു കളിയാ?" മർയം ചോദിച്ചു.

"ക്വിസ്സ് മൽസരമായിരിക്കും" സൽമ പറഞ്ഞു.

"അതെ, അതുതന്നെ. അടുത്തയാഴ്ച മദ്റസയിൽ ഒരു ക്വിസ്സ് മൽസരം നടത്താൻ തീരുമാനിച്ച വിവരം ഉസ്താദ് പറഞ്ഞിരുന്നല്ലോ. അതിന് ഉപകാരപ്പെടും" ഫാത്തിമ പറഞ്ഞു.

"അതു ശരിയാ" ഹനീന പറഞ്ഞു.

അങ്ങനെ അവർ കുറെനേരം പരസ്പരം ചോദ്യം ചോദിച്ചും ഉത്തരം പറഞ്ഞും ഇരുന്നു. അവസാന മായി ഫാത്തിമ ചോദിച്ചു: "മത്സ്യത്തിന്റെ വയറ്റിൽ അകപ്പെട്ട പ്രവാചകൻ ആര്?"

"യൂനുസ് നബി അലൈഹിസ്സലാം" സൽമയാണ് ഉത്തരം പറഞ്ഞത്.

"അതെ, യുനുസ് നബി അലൈഹിസ്സലാം തന്നെ" ഫാത്തിമ പറഞ്ഞു.

"മത്സ്യം വിഴുങ്ങിയപ്പോൾ യുനുസ് നബി അലൈഹിസ്സലാം ആ മത്സ്യത്തിന്റെ വയറ്റിനകത്തു വെച്ച് രക്ഷിക്കണേ എന്ന് അല്ലാഹുവിനോട് പ്രാർഥിച്ചു. അങ്ങനെ അല്ലാഹു അദ്ദേഹത്തെ രക്ഷപ്പെടുത്തി. എന്ത് ആപത്തിൽ പെട്ടാലും നാം അല്ലാഹുവിനോടാണ് രക്ഷ ചോദിക്കേണ്ടത്, അപ്പോൾ അല്ലാഹു രക്ഷ നൽകും" മർയം പറഞ്ഞു. "മഗ്‌രിബ് ബാങ്ക് കൊടുക്കാനായി. ഇനി നമുക്ക് പിരിയാം" ഫാത്തിമ പറഞ്ഞു.

അവർ ഓരോരുത്തരും സ്വന്തം വീട്ടിലേക്കു മടങ്ങി. ഫാത്തിമയുടെയും സൽമയുടെയും വീട് അടുത്തടുത്താണ്. അതുകൊണ്ട് അവർ വർത്തമാനവും പറഞ്ഞ് റോഡിനരികിലൂടെ സാവകാശം നടന്നു. വീട്ടിലേക്ക് അധികദൂരമൊന്നുമില്ല.

പെട്ടെന്നാണ് ഒരു കാർ അവരുടെ അടുത്തു വന്നുനിന്നത്. ഡ്രൈവറുടെ അടുത്തിരിക്കുന്നയാൾ ഡോർ തുറന്ന് ഫാത്തിമയെ കാറിലേക്ക് വലിച്ചിട്ടു. കാർ കുതിച്ചു പാഞ്ഞു. സൽമ അന്തംവിട്ടു നിന്നു, പിന്നെ കരഞ്ഞുകൊണ്ട് വീട്ടിലേക്ക് ഓടിപ്പോയി. ഫാത്തിമയുടെ വീട്ടിൽ ചെന്ന് കരച്ചിലോടെ കാര്യം പറഞ്ഞു.

ഫാത്തിമ ഉറക്കെ കരഞ്ഞു. എന്നാൽ ആ മനുഷ്യൻ അവളുടെ വായ പൊത്തിപ്പിടിച്ചു. 'എന്ത് ആപത്തിൽ പെട്ടാലും നാം അല്ലാഹുവിനോടാണ് രക്ഷ ചോദിക്കേണ്ടത്' എന്ന് മർയം അൽപം മുമ്പ് പറഞ്ഞത് അവൾ ഓർത്തു. എന്നെ രക്ഷിക്കണേ എന്ന് അവൾ മനസ്സു കൊണ്ട് അല്ലാഹുവിനോട് പ്രാർഥിച്ചു. പെട്ടെന്നാണ് അതു സംഭവിച്ചത്. ഒരു വലിയ ശബ്ദത്തോടെ കാർ നിന്നു. 'നാശം! ടയർ പഞ്ചറായി എന്നു തോന്നുന്നു' ഡ്രൈവർ പറഞ്ഞത് ഫാത്തിമ കേട്ടു. കാർ നിന്നപ്പോൾ അവൾക്ക് സമാധാനമായി. തൊട്ടടുത്തുണ്ടായിരുന്ന ചിലയാളുകൾ കാറിന്റെ അടുത്തേക്ക് വരുന്നതു കണ്ട് കാറിലുണ്ടായിരുന്നവർ ഫാത്തിമയെ വിട്ട് ഇറങ്ങിയോടി. ഒന്നുരണ്ടു പേർ അവരെ പിടിക്കാൻ പിന്നാലെ ഓടി.

അപ്പോഴേക്കും അതുവഴി ഫാത്തിമയുടെ ഉപ്പയും അയൽവാസികളും ഫാത്തിമയെ തിരഞ്ഞുവന്നു. റോഡരികിൽ ഫാത്തിമയെയും കുറെ ആളുകളെയും കണ്ട് അവർ വാഹനത്തിൽനിന്ന് ഇറങ്ങി. ഫാത്തിമ ഉപ്പയെ കണ്ടപ്പോൾ പൊട്ടിക്കരഞ്ഞുകൊണ്ട് ഓടിച്ചെന്നു. എല്ലാവർക്കും ആശ്വാസമായി. വീട്ടിലെത്തിയപ്പോൾ ഫാത്തിമ ഉമ്മയോടും ഉപ്പയോടും സംഭവിച്ച കാര്യങ്ങളെല്ലാം പറഞ്ഞു. അപ്പോൾ ഉമ്മ പറഞ്ഞു: "നമ്മൾ അല്ലാഹുവിനോട് പ്രാർഥിക്കുകയാണെങ്കിൽ അല്ലാഹു നമ്മെ ബുദ്ധിമുട്ടുകളിൽനിന്നും കാക്കും."

*(നാലാം ക്ലാസിൽ പഠിക്കുന്ന വിദ്യാർഥിനിയാണ് ഈ കഥ എഴുതിയ ഫാത്തിമ റൈഹാൻ)*





ഖാദിയാനി വേദപുസ്തകം
'തദ്കിറ'യിലൂടെ ഒരു യാത്ര 43

# എനിക്കുശേഷം പ്രളയം!

പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ
: 9447 701 741

**'ചുമ മാറി!'**

"1904 ജനുവരി 2: അറബി, പേർഷ്യൻ ഭാഷകളിൽ 'എന്റെ ചുമയ്ക്കുവേണ്ടി അവതരിച്ച ഇൽഹാം: 'സുഖവും ആരോഗ്യവും! സന്തോഷിക്കുക, പര്യവസാനം നല്ലതിനാവും" (പേജ് 419).

1907ലാണ് സംഭവം. "മകൻ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് ഒരു ഖുതുബയിൽ പറഞ്ഞു: 'മസീഹിന് നല്ല ചുമയുണ്ട്. ചുമച്ച് ചുമച്ച് ശ്വാസം ഇല്ലാതാവുകയും കണ്ണുകൾ തുറിക്കുകയും ചെയ്തു. കൂട്ടുകാരാരോ കുറെ പഴങ്ങൾ കൊണ്ടുവന്നു. മസീഹ് ഒരു പഴം കൈയിലെടുത്തു, വാഴപ്പഴമാണെന്ന് തോന്നുന്നു. എന്നോട് ചോദിച്ചു: 'ചുമയ്ക്ക് പറ്റുമോ?' ഞാൻ ഇല്ലെന്നു പറഞ്ഞു. ചിരിച്ചുകൊണ്ട് അത് തിന്നു. പിന്നെയും എടുത്തപ്പോൾ ഞാൻ പറഞ്ഞു: 'ചുമ നന്നായി ഉണ്ട്.' പക്ഷേ, മസീഹ് പിന്നെയും പഴം തിന്നുകൊണ്ടിരുന്നു. പിന്നെ പറഞ്ഞു: എനിക്കിപ്പോൾ ഇൽഹാം ഉണ്ടായി; 'ചുമ മാറി' എന്ന്" (പേജ് 673).

'ചുമ മാറി' എന്നത് അദൃശ്യജ്ഞാനമായി, ദൈവിക വെളിപാടായി അറിയേണ്ട കാര്യം തന്നെയാണല്ലോ! വല്ലാത്തൊരു പ്രവാചകൻ തന്നെ! ചുമയ്ക്കും ജലദോഷത്തിനുമൊക്കെ 'വഹ്യ്' ലഭിക്കുന്നു! പതിറ്റാണ്ടുകൾക്ക് ശേഷവും അത് ജുമുഅ ഖുതുബകളിലും സ്റ്റഡി ക്ലാസ്സുകളിലും അനുയായികളെ ഉദ്ബോധിപ്പിക്കുന്നു. മുഖപത്രങ്ങളിൽ പ്രസിദ്ധീകരിച്ച് തങ്ങളുടെ പ്രവാചകന്റെ തെളിവുകളായി മാലോകർക്ക് സമർപ്പിക്കുന്നു. ദൈവിക വെളിപാട് എന്ന നിലയ്ക്ക് അനുയായികൾ അത് പാരായണം ചെയ്തുകൊണ്ടിരിക്കുന്നു!

**എനിക്കു ശേഷം പ്രളയം**

"രോഗം ഗുരുതരമാകുമ്പോൾ റൂഹ് പറന്നകലുമോ എന്ന ആശങ്ക കൂടിവരുന്നു. ഒരുഘട്ടത്തിൽ വന്ന വഹ്യ് 'അല്ലാഹുവേ, നീ ഈ സംഘത്തെ നശിപ്പിച്ചാൽ പിന്നെ ഈ ഭൂമിയിൽ നിന്നെ ആരാധിക്കുന്നവരായി ആരും ഉണ്ടാവില്ല' എന്നായിരുന്നു" (പേജ് 352).

വല്ലാത്ത വഹ്യ് തന്നെ! 'തനിക്കുശേഷം പ്രളയം' എന്ന് കേട്ടിട്ടുണ്ട്. ഇയാളും കൂട്ടരും മരിച്ചാൽ പിന്നെ ലോകത്ത് അല്ലാഹുവിനെ ആരാധിക്കുന്ന ഒരാളും ബാക്കിയുണ്ടാവില്ലത്രെ! അല്ലാഹുവിന് മാത്രം ഇബാദത്ത് ചെയ്യുന്ന കോടിക്കണക്കായ മുസ്‌ലിംകളൊക്കെ ഇല്ലാതായിപ്പോകുമെന്നോ? എന്തൊരു തള്ളാണിത്!

'കുറച്ചു ദിവസങ്ങൾക്കു മുമ്പ് രോഗികൾക്കുവേണ്ടി പ്രാർഥിക്കവെ, മരണാസന്നനായ ഒരു രോഗിക്കുവേണ്ടി പ്രത്യേകം പ്രാർഥിച്ചു. നോക്കിയപ്പോൾ അയാൾ എഴുന്നേറ്റിരിക്കുന്നു! ഉടനെ ഇൽഹാം വന്നു: 'ആരോഗ്യത്തിന്റെ അടയാളങ്ങൾ.' പക്ഷേ, ഇത് ആരെക്കുറിച്ചാണ് എന്നതിന് ഒരു വ്യക്തതയും നൽകപ്പെട്ടിട്ടില്ല" (പേജ് 390).

എങ്ങനെയുണ്ട്? തന്റെ പ്രാർഥനയുടെ ഫലമായി മരണവക്ത്രത്തിൽനിന്ന് രക്ഷപ്പെട്ട ആൾ ആരാണെന്ന് പോലും തിരിച്ചറിയാത്ത പ്രവാചകൻ! പ്രാർഥന

യുടെ ഫലമായി എഴുന്നേറ്റിരുന്ന ആസന്നമരണൻ പിന്നെ ആരാണാവോ?

**ശവംതീനികൾ!**

"1905 മെയ് 14: മീർ നാസർ നവാബിന്റെ ചെറിയ പുത്രൻ മുഹമ്മദ് ഇസ്ഹാക് രോഗബാധിതനായി. സുഖപ്പെടില്ലെന്നായിരുന്നു ഡോക്ടറുടെ അഭിപ്രായം. ഞാൻ അവനുവേണ്ടി പ്രാർഥിച്ചു. ശത്രുക്കൾ സന്തോഷിക്കുമല്ലോ എന്നു കരുതിയായിരുന്നു ഞാൻ പ്രാർഥിച്ചത്. അതല്ലാതെ മക്കളാണെങ്കിലും ബന്ധുക്കളാണെങ്കിലും മരണം കൂടെത്തന്നെയുണ്ടല്ലോ. ചുരുക്കത്തിൽ, ഞാൻ പ്രാർഥിച്ചുകൊണ്ടിരിക്കെ ഇൽഹാം വന്നു: 'കാരുണ്യവാനായ അല്ലാഹുവിന്റെ രക്ഷാവചനം. ആരും അതിനെ ഭയക്കേണ്ടതില്ല" (പേജ് 462-463).

തുടർന്ന് മെയ് 24ന് ഉണ്ടായ ഒരു 'ദർശനം' വിവരിക്കുന്നു: "ഇസ്ഹാക് രോഗിയായപ്പോൾ ശവംതീനികളായ കുറെ മൃഗങ്ങളും കഴുകന്മാരും ഒരു ശവത്തിന്റെ അടുത്തിരിക്കുന്നത് ഞാൻ കണ്ടു. ഈ സ്വപ്നദർശനത്തിനുശേഷം പശ്ചാത്തലം മാറുകയും അവൻ സുഖപ്പെടുകയും ചെയ്തു" (പേജ് 463).

നേരത്തെ ഈ 'വഹ്യ്' 'ബദർ' വാരികയിൽ കൊടുത്തപ്പോൾ മകൻ മഹ്മൂദ് അഹ്മദും ഭാര്യാസഹോദരൻ മുഹമ്മദ് ഇസ്ഹാക്വും രോഗികളാണെന്നായിരുന്നു എഴുതിയിരുന്നത്. മകനും അളിയനും ആണെങ്കിലും അവരുടെ രോഗം മാറുകയല്ല, മറിച്ച് ശത്രുക്കൾ സന്തോഷിക്കാതിരിക്കലാണ് പ്രാർഥനയുടെ താൽപര്യമെന്നും മിർസാ ഖാദിയാനി വിശദീകരിക്കുന്നു. രോഗി മരണാസന്നനായിരുന്നു എന്നതിന്റെ പ്രതീകമായിട്ടായിരിക്കാം കഴുകന്മാരെയും ശവംതീനി മൃഗങ്ങളെയും സ്വപ്നത്തിൽ അണിനിരത്തിയത്.

ഇവരുടെ രണ്ടാം ഖലീഫ മഹ്മൂദ് അഹ്മദിന്റെ കാലത്ത് തദ്കിറ ക്രോഡീകരിച്ചപ്പോൾ എന്തിനാണ് സ്വന്തം പേര് ഒഴിവാക്കിയതെന്ന് മനസ്സിലാവുന്നില്ല.

**വല്ലാത്തൊരു പ്രവാചകൻ തന്നെ! ചുമയ്ക്കും ജലദോഷത്തിനുമൊക്കെ 'വഹ്യ്' ലഭിക്കുന്നു! പതിറ്റാണ്ടുകൾക്ക് ശേഷവും അത് ജുമുഅ ഖുതുബകളിലും സ്റ്റഡി ക്ലാസ്സുകളിലും അനുയായികളെ ഉദ്ബോധിപ്പിക്കുന്നു. മുഖപത്രങ്ങളിൽ പ്രസിദ്ധീകരിച്ച് തങ്ങളുടെ പ്രവാചകന്റെ തെളിവുകളായി മാലോകർക്ക് സമർപ്പിക്കുന്നു. ദൈവിക വെളിപാട് എന്ന നിലയ്ക്ക് അനുയായികൾ അത് പാരായണം ചെയ്തുകൊണ്ടിരിക്കുന്നു!**

പിതാവ് കഴുകന്മാരുടെയും ശവംതീനി മൃഗങ്ങളുടെയും സാന്നിധ്യത്തിൽ തന്നെ സ്വപ്നം കണ്ടത് ഇഷ്ടപ്പെടാത്തതുകൊണ്ടായിരിക്കാം.

**മുഅ്ജിസത്ത് മത്സരം!**

"1906 ജൂലൈ 8: മകൻ മുബാറക് അഹ്മദ് അഞ്ചാംപനി ബാധിച്ച് ഏറെ അസ്വസ്ഥനായിരുന്നു. രാത്രി ഒട്ടും ഉറക്കം വരാതെ പനിച്ചും വിറച്ചും കഴിഞ്ഞു. പിറ്റേദിവസം കൂടുതൽ വഷളായി. ബോധം നഷ്ടപ്പെട്ട് സ്വന്തം ശരീരം പിച്ചിയും മാന്തിയും, പിച്ചുംപേയും പറഞ്ഞും കഴിഞ്ഞുകൂടി. ശരീരമാകെ പരുക്കൾ പൊങ്ങി. എന്റെ മനസ്സ് അങ്ങേയറ്റം അസ്വസ്ഥമായി. അപ്പോൾ വഹ്യ് അവതരിച്ചു: 'എന്നോട് ചോദിക്കുക, ഞാൻ നിനക്ക് ഉത്തരം നൽകും.' പ്രാർഥിച്ചുകൊണ്ടിരിക്കെ ഒരു കശ്ഫിൽ അവന്റെ വിരിപ്പിൽ എലികളെപ്പോലെ ഒരുപാട് ജീവികൾ അവനെ കടിച്ചുകൊണ്ടിരിക്കുന്നത് കണ്ടു. ഒരാൾ വന്ന് അവയെ ഒരു തട്ടത്തിൽ പൊതിഞ്ഞെടുത്തു. ഞാൻ അത് പുറത്തേക്ക് എറിയാൻ പറഞ്ഞു. അതോടെ ദർശനം അവസാനിച്ചു. പക്ഷേ, ആദ്യം കശ്ഫ് അവസാനിക്കുകയാണോ അതോ രോഗം മാറുകയാണോ ചെയ്തത് എന്ന് എനിക്ക് മനസ്സിലായില്ല. നേരം പുലരുവോളം അവൻ സുഖമായി ഉറങ്ങി. അല്ലാഹു എനിക്ക് അവതരിപ്പിച്ച ഒരു മുഅ്ജിസത്ത് ആയിരുന്നു ഇത്. ഈ അമാനുഷികതയിൽ എന്നെ നേരിടാൻ ഞാൻ എതിരാളികളെ വെല്ലുവിളിക്കുകയാണ്. അങ്ങനെ ആരെങ്കിലും തയ്യാറായാൽ അവനെ അല്ലാഹു നാണം കെടുത്തും. കാരണം അവന്റെ പ്രത്യേക ദാനമായി ഈ അമാനുഷികത എനിക്ക് നൽകിയതാണ്."

"കുതന്ത്രവും അനുസരണക്കേടുംകൊണ്ട് ആരെങ്കിലും ഈ മുഅ്ജിസത്തിൽ എന്നെ നേരിടാൻ ഉദ്ദേശിക്കുന്നുവെങ്കിൽ നമ്മൾ ചെയ്യേണ്ടത്; നറുക്കെടുപ്പിലൂടെ 20 രോഗികളെ എന്നെയും 20 പേരെ രണ്ടാംകക്ഷിയെയും ഏൽപിക്കുക. എങ്കിൽ എന്നെ ഏൽപിച്ച രോഗികളെ അല്ലാഹു സുഖപ്പെടുത്തും, രണ്ടാംകക്ഷിയെ ഏൽപിച്ചവരുടെ രോഗശാന്തി വളരെ കുറവുമായിരിക്കും എന്നതാണ് ഇതിലൂടെ പ്രത്യക്ഷമാകുന്ന മുഅ്ജിസത്ത്" (പേജ് 618).

1956ൽ പ്രസിദ്ധീകരിച്ച പതിപ്പിൽനിന്നാണ് ഇത് ഇവിടെ ഉദ്ധരിച്ചത്. 2004ലെ പുതിയ പതിപ്പിൽ ഇത് ഒഴിവാക്കിയിരിക്കുന്നു. മുബാറക് അഹ്മദ് രോഗബാധിതനായി മരിച്ചതുകൊണ്ടോ ഈ 'വഹ്യ്' വിശ്വസിക്കാൻ കൊള്ളാത്തതുകൊണ്ടോ ആയിരിക്കാം 'രണ്ടാം ഖലീഫ' ഇത് ഒഴിവാക്കാൻ നിർദേശിച്ചത്. ഏതായാലും തങ്ങളുടെ വിശുദ്ധ വേദഗ്രന്ഥത്തിൽ കൂട്ടാനും കുറയ്ക്കാനുള്ള അധികാരം ഖലീഫമാർക്കുണ്ട് എന്നതാണ് ഖാദിയാനി മതത്തിന്റെ സവിശേഷത.

ഖാദിയാനി ഖലീഫമാർ തങ്ങൾക്ക് വഹ്യ് ലഭിക്കുന്നു എന്ന് അവകാശപ്പെടുന്നതുകൊണ്ട് ഈ രോഗശാന്തി അമാനുഷികതാവെല്ലുവിളി ഇപ്പോഴും പ്രാബല്യത്തിൽ ഉണ്ടോ എന്ന ചോദ്യം പ്രസക്തമാണ്.

*(തുടരും)*

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

അധ്യായം 39

# സൂറ: അസ്സുമർ
## (കൂട്ടങ്ങൾ)
(മക്കയിൽ അവതരിച്ചത്)

إِنَّآ أَنزَلْنَا عَلَيْكَ ٱلْكِتَٰبَ لِلنَّاسِ بِٱلْحَقِّ ۖ
فَمَنِ ٱهْتَدَىٰ فَلِنَفْسِهِۦ ۖ وَمَن ضَلَّ
فَإِنَّمَا يَضِلُّ عَلَيْهَا ۖ وَمَآ أَنتَ عَلَيْهِم
بِوَكِيلٍ ﴿٤١﴾
ٱللَّهُ يَتَوَفَّى ٱلْأَنفُسَ حِينَ مَوْتِهَا وَٱلَّتِى لَمْ
تَمُتْ فِى مَنَامِهَا ۖ فَيُمْسِكُ ٱلَّتِى قَضَىٰ
عَلَيْهَا ٱلْمَوْتَ وَيُرْسِلُ ٱلْأُخْرَىٰٓ إِلَىٰٓ أَجَلٍ
مُّسَمًّى ۚ إِنَّ فِى ذَٰلِكَ لَءَايَٰتٍ لِّقَوْمٍ
يَتَفَكَّرُونَ ﴿٤٢﴾
أَمِ ٱتَّخَذُوا۟ مِن دُونِ ٱللَّهِ شُفَعَآءَ ۚ قُلْ أَوَلَوْ
كَانُوا۟ لَا يَمْلِكُونَ شَيْـًٔا وَلَا يَعْقِلُونَ
﴿٤٣﴾
قُل لِّلَّهِ ٱلشَّفَٰعَةُ جَمِيعًا ۖ لَّهُۥ مُلْكُ ٱلسَّمَٰوَٰتِ
وَٱلْأَرْضِ ۖ ثُمَّ إِلَيْهِ تُرْجَعُونَ ﴿٤٤﴾

41. തീർച്ചയായും നാം മനുഷ്യർക്കുവേണ്ടിസത്യപ്രകാരമുള്ള വേദഗ്രന്ഥം നിന്റെ മേൽ ഇറക്കിത്തന്നിരിക്കുന്നു. ആകയാൽ വല്ലവനും സൻമാർഗം സ്വീകരിച്ചാൽ അത് അവന്റെ ഗുണത്തിനുതന്നെയാണ്. വല്ലവനും വഴിപിഴച്ചു പോയാൽ അവൻ വഴിപിഴച്ചു പോകുന്നതിന്റെ ദോഷവും അവനുതന്നെ. നീ അവരുടെ മേൽ കൈകാര്യകർത്താവൊന്നുമല്ല.
42. ആത്മാവുകളെ അവയുടെ മരണവേളയിൽ അല്ലാഹു പൂർണമായി ഏറ്റെടുക്കുന്നു; മരണപ്പെടാത്തവയെ അവയുടെ ഉറക്കത്തിലും. എന്നിട്ട് ഏതൊക്കെ ആത്മാവിന് അവൻ മരണം വിധിച്ചിരിക്കുന്നുവോ അവയെ അവൻ പിടിച്ചുവയ്ക്കുന്നു. മറ്റുള്ളവയെ നിശ്ചിതമായ ഒരു അവധിവരെ അവൻ വിട്ടയക്കുകയും ചെയ്യുന്നു. തീർച്ചയായും അതിൽ ചിന്തിക്കുന്ന ജനങ്ങൾക്ക് ദൃഷ്ടാന്തങ്ങളുണ്ട്.
43. അതല്ല, അല്ലാഹുവിനു പുറമെ അവർ ശുപാർശക്കാരെ സ്വീകരിച്ചിരിക്കുകയാണോ? പറയുക: 'അവർ (ശുപാർശക്കാർ) യാതൊന്നും അധീനപ്പെടുത്തുകയോ ചിന്തിച്ചു മനസ്സിലാക്കുകയോ ചെയ്യുന്നില്ലെങ്കിൽ പോലും (അവരെ ശുപാർശക്കാരാക്കുകയോ?).
44. പറയുക: 'അല്ലാഹുവിനാകുന്നു ശുപാർശമുഴുവൻ. അവന്നാകുന്നു ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം. പിന്നീട് അവങ്കലേക്കുതന്നെയാകുന്നു നിങ്ങൾ മടക്കപ്പെടുന്നത്.'

41). സത്യം ഉൾക്കൊള്ളുന്ന ഒരു ഗ്രന്ഥം തന്റെ ദൂതന് അല്ലാഹു അവതരിപ്പിച്ചിട്ടുണ്ടെന്ന് അറിയിക്കുകയാണിവിടെ. അതിലെ വർത്തമാനങ്ങളും കൽപനകളും വിരോധങ്ങളുമെല്ലാം സത്യംതന്നെ. അതാണ് സന്മാർഗത്തിന്റെ അവലംബം. അല്ലാഹുവിലേക്കും അവന്റെ സ്വർഗത്തിലേക്കും എത്തിക്കുന്നത്. അതാവട്ടെ ലോകർക്കെതിരെയുള്ള തെളിവുമാണ്.

(ആകയാൽ വല്ലവനും സന്മാർഗം സ്വീകരിച്ചാൽ) അവന്റെ പ്രകാശത്താൽ അവന്റെ കൽപനകൾ അനുസരിച്ചുകൊണ്ട്. അതിന്റെ പ്രയോജനം മടങ്ങുന്നത് (അവന്റെ ഗുണത്തിനുതന്നെയാണ്. വല്ലവനും വഴിപിഴച്ചുപോയാൽ) സന്മാർഗം വ്യക്തമായിട്ടും.

(പിഴച്ചുപോകുന്നതിന്റെ ദോഷവും അവനുതന്നെ) അല്ലാഹുവിന് യാതൊരു ദ്രോഹവും വരുത്തുകയില്ല. (നീ അവരുടെ മേൽ കൈകാര്യകർത്താവൊന്നുമല്ല) അവർ എന്ത് ചെയ്യുന്നു എന്ന് നോക്കുകയും അതിന് അവരെ വിചാരണ ചെയ്യുകയും ചെയ്യുന്ന, അല്ലെങ്കിൽ നീ ഉദ്ദേശിക്കുന്ന കാര്യത്തിന് അവരെ നിർബന്ധിക്കുന്നവനുമല്ല. നീ എത്തിച്ചുകൊടുക്കുന്നവൻ മാത്രം. നിന്നോട് കൽപിച്ചത് നീ അവർക്ക് എത്തിച്ചുകൊടുക്കുന്നു.

42). ആരാധനക്കർഹനായി അവൻ മാത്രമേയുള്ളൂ എന്നാണ് അല്ലാഹു പറയുന്നത്. ഉറക്കത്തെയും ഉണർച്ചയെയും ജീവിതത്തെയും മരണത്തെയുമെല്ലാം അവനാണ് നിയന്ത്രിക്കുന്നത്. (ആത്മാവുകളെ അവയുടെ മരണവേളയിൽ അല്ലാഹു പൂർണമായി ഏറ്റെടുക്കുന്നു). ഇതാണ് വലിയ മരണം. ഇവിടെ മരിപ്പിക്കുക എന്നത് അല്ലാഹു, അവൻ ചെയ്യുന്നതായാണ് പറയുന്നത്. മരണത്തിന്റെ മലക്കിനെ ഇക്കാര്യം ഏൽപിച്ചിട്ടുണ്ട് എന്നത് ഇവിടെ എതിരാകുന്നില്ല

قُلْ يَتَوَفَّىٰكُم مَّلَكُ ٱلْمَوْتِ ٱلَّذِى وُكِّلَ بِكُمْ

"(നബിയേ) പറയുക: നിങ്ങളുടെ കാര്യത്തിൽ ഏൽപിക്കപ്പെട്ട മരണത്തിന്റെ മലക്ക് നിങ്ങളെ മരിപ്പിക്കുന്നതാണ്..."(32:11).

حَتَّىٰٓ إِذَا جَآءَ أَحَدَكُمُ ٱلْمَوْتُ تَوَفَّتْهُ رُسُلُنَا
وَهُمْ لَا يُفَرِّطُونَ ﴿٦١﴾


"അങ്ങനെ അവരിൽ ഒരാൾക്ക് മരണം വന്നെത്തുമ്പോൾ നമ്മുടെ ദൂതന്മാർ അവരെ പൂർണമായി ഏറ്റെടുക്കുന്നു. അവർ ഒരു വീഴ്ചയും വരുത്തുകയില്ല" (6:61)

സ്രഷ്ടാവും നിയന്താവും അവനാണെന്ന നിലയ്ക്ക് എല്ലാം അവനിലേക്ക് ചേർത്തു പറയുകയാണ്. അത് അല്ലാഹുവിന്റെ നടപടിക്രമമാണ്. എല്ലാ കാര്യത്തിനും അവൻ ചില കാരണങ്ങൾ നിശ്ചയിക്കും. (മരണപ്പെടാത്തവയെ അവൻ ഉറക്കത്തിലും) ഇതാണ് ചെറിയ മരണം. അതായത് ഉറക്കത്തിൽ ആത്മാവിനെ പിടിച്ചുവയ്ക്കുന്നു. (അവയെ അവൻ പിടിച്ചുവയ്ക്കുന്നു) ഈ രണ്ടുതരം അവസ്ഥയിലും. (അവൻ മരണം വിധിച്ചിരിക്കുന്നുവോ അവയെ അവൻ പിടിച്ചുവയ്ക്കുന്നു) മരണപ്പെട്ടതോ ഉറക്കത്തിൽ മരിക്കാൻ വിധിച്ചതോ ആയ ആത്മാവിനെ. (അവൻ വിട്ടയക്കുകയും ചെയ്യുന്നു) ആത്മാവിനെ. (മറ്റുള്ളവയെ നിശ്ചിതമായ ഒരവധിവരെ) അതായത് ആ ആത്മാവിന് നിശ്ചയിച്ച അവധിയും ഭക്ഷണവും പൂർത്തിയാക്കുംവരെ. (തീർച്ചയായും അതിൽ ചിന്തിക്കുന്ന ജനങ്ങൾക്ക് ദൃഷ്ടാന്തങ്ങളുണ്ട്) അവന്റെ കഴിവാണ് മരണപ്പെട്ടവരെ ജീവിപ്പിക്കുമെന്നതും.

ഈ വാക്യം സൂചിപ്പിക്കുന്നത്; റൂഹ് അല്ലെങ്കിൽ നഫ്സ് ഒരു സ്വതന്ത്ര അസ്തിത്വമാണ്. അതിന്റെ സാരാംശം (സത്ത) ശരീരത്തിൽ നിന്ന് വ്യത്യസ്തമാണ്. അല്ലാഹു അതിനെ തടഞ്ഞുവയ്ക്കുകയോ തിരിച്ചയക്കുകയോ ചെയ്യുമ്പോൾ, അത് സൃഷ്ടിച്ചതും നിയന്ത്രിക്കുന്നതും അല്ലാഹുവാണ് എന്ന് വന്നു. ജീവിച്ചിരിക്കുന്നവരുടെയും മരണമടഞ്ഞവരുടെയും ആത്മാക്കൾ ബർസഖിൽ കണ്ടുമുട്ടുന്നു. സംഗമിക്കുകയും സംഭാഷണം നടത്തുകയും ചെയ്യുന്നു. ജീവിക്കുന്നവരുടെ ആത്മാക്കളെ അല്ലാഹു വിട്ടുകൊടുക്കുകയും മരണപ്പെടുന്നവരുടെ ആത്മാക്കളെ തടഞ്ഞുവയ്ക്കുകയും ചെയ്യുന്നു.

43). അല്ലാഹുവിന് പുറമെ ശുപാർശകന്മാരെ സ്വീകരിക്കുന്നതിനെയാണ് ഇവിടെ വിലക്കുന്നത്. അവരുമായി ബന്ധം പുലർത്തുന്നതും ചോദിക്കുന്നതും ആരാധിക്കുന്നതുമെല്ലാം നിരോധിക്കുന്നു. (പറയുക) അവരുടെ അറിവില്ലായ്മ മനസ്സിലാക്കിക്കൊടുത്തുകൊണ്ട്; അവരാരും ആരാധനയ്ക്ക് അർഹരല്ലെന്ന് മനസ്സിലാക്കിക്കൊടുത്തുകൊണ്ടും. (അവരാണെങ്കിലോ) അതായത് നിങ്ങൾ സ്വീകരിച്ച ശുപാർശകന്മാർ. (യാതൊന്നും അധീനപ്പെടുത്തുകയോ) ആകാശത്തിലോ ഭൂമിയിലോ അണുമണിത്തൂക്കംപോലും, അതിനെക്കാൾ ചെറുതോ വലുതോ ആയ യാതൊന്നും ഉടമപ്പെടുത്തുന്നില്ല. മാത്രവുമല്ല, (ചിന്തിച്ച് മനസ്സിലാക്കുകയോ ചെയ്യുന്നില്ല) പുകഴ്ത്തപ്പെടാൻ അർഹത നേടാവുന്ന യാതൊരു ബുദ്ധിയും അവർക്കില്ല. കാരണം അവ നിർജീവ വസ്തുക്കളാണ്. കല്ലുകൾ, മരങ്ങൾ, പ്രതിമകൾ, മരണപ്പെട്ടവർ മുതലായവർ. ഇവയെ ആരാധ്യരായി സ്വീകരിച്ചവർക്ക് ബുദ്ധിയുണ്ടോ, അതോ അവർ ജനങ്ങളിൽ ഏറ്റവും വഴിപിഴച്ചവരോ, ഏറ്റവും വലിയ അക്രമികളോ?

44) (പറയുക), അവരോട്. (അല്ലാഹുവിനാകുന്നു ശുപാർശ മുഴുവൻ) കാരണം അധികാരം മുഴുവൻ അല്ലാഹുവിനാണ്. എല്ലാ ശുപാർശകരും അവനെ ഭയക്കുന്നു. അവന്റെ അനുമതികൂടാതെ അവന്റെയടുക്കൽ യാതൊരാൾ ക്കും ശുപാർശ ചെയ്യാനാവില്ല. അവൻ ഒരടിമക്ക് കരുണ വിചാരിച്ചാൽ അവന്റെയടുക്കൽ ആദരണീയനായ ഒരു വ്യക്തിക്ക് ശുപാർശക്ക് അനുമതി നൽകും. അത് രണ്ടുപേരോടുമുള്ള കരുണയാണ്. തുടർന്ന് അല്ലാഹു ശുപാർശ മുഴുവൻ തന്റെ അധികാരമാണെന്ന് സ്ഥാപിക്കുന്നു. (അവന്നാകുന്നു ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം) അതിലുള്ള സർവ വസ്തുക്കളുടെയും പ്രവർത്തനങ്ങളുടെയും വിശേഷങ്ങളുടെയും ഉടമസ്ഥത അവന്നാണ്. അതിനാൽ അവന്റെ അധികാരത്തിലുള്ളവർ അവനോടാണ് ശുപാർശ ചോദിക്കേണ്ടത്. അവനു മാത്രമാണ് ആരാധന അർപ്പിക്കേണ്ടത്. (പിന്നീട് അവങ്കലേക്കുതന്നെയാകുന്നു നിങ്ങൾ മടക്കപ്പെടുന്നത്) അപ്പോൾ അവനെ മാത്രം ആരാധിച്ചവർക്ക് അവൻ മഹത്തായ പ്രതിഫലം നൽകും. പങ്കുചേർത്തവർക്ക് വമ്പിച്ച ശിക്ഷയും. ■



# അറുതിവരുത്തണം ഈ അനാചാരങ്ങൾക്ക്

**സഹ്‌റ സുല്ലമിയ്യ**

ഒരു വിശ്വാസി രാവിലെ ഉറക്കിൽനിന്നും എഴുന്നേറ്റതുമുതൽ വൈകുന്നേരം ഉറങ്ങുന്നതുവരെ, ജനനംമുതൽ മരണംവരെ ശ്രദ്ധിക്കേണ്ടതായ എല്ലാ കാര്യങ്ങളും നബി(സ്വ) വളരെ വ്യക്തമായി പഠിപ്പിച്ചിട്ടുണ്ട്. അതനുസരിച്ച് ജീവിച്ചാൽ ഐഹിക ജീവിതം സംതൃപ്തിയുള്ളതും പരലോകത്ത് മഹത്തായ പ്രതിഫലം ലഭിക്കുന്നതുമായിരിക്കും.

എന്നാൽ മുസ്‌ലിം സമൂഹം ആചാരങ്ങളെ അവഗണിച്ചും അനാചാരങ്ങളെ വാരിപ്പുണർന്നും ജീവിതത്തെ ദുരിതമയവും സാമ്പത്തിക ബാധ്യതയേറിയതും പ്രയാസപൂർണവുമാക്കിത്തീർക്കുകയാണ്. ഒരു കുട്ടി ജനിക്കുന്നതുമുതൽ അനാചാരങ്ങളുടെ ഘോഷയാത്ര ആരംഭിക്കുന്നു. കുട്ടി ജനിച്ചാൽ ഏഴാം ദിവസം മുടികളയാനും നല്ല പേരിടാനും, ആൺകുട്ടിയാണെങ്കിൽ ചേലാകർമം ചെയ്യാനും സാധിക്കുന്നവരോട് അക്വീക്വ അറുക്കാനും മതം കൽപിക്കുന്നു. ഇസ്‌ലാം അനുശാസിക്കുംപോലെ ചെയ്താൽ കാര്യങ്ങൾ വളരെ ലളിതമാണ്. എന്നാൽ പേരിടലിനെയും മുടികളയലിനെയും വമ്പിച്ച ആഘോഷമാക്കി മാറ്റുന്നു പലരും. ഭീമമായ തുക അതിനായി ചെലവഴിക്കുന്നു. അതുപോലെ അന്യമതസ്ഥരെ അനുകരിച്ച് 28ഉം 40ഉം 60ഉം ആഘോഷമാക്കി മാറ്റുന്നു. ആഭരണം ധരിപ്പിക്കൽ വലിയ ചടങ്ങായി മാറുന്നു. സ്വർണം ധരിക്കൽ ഹറാമായ ആൺകുട്ടിയാണെങ്കിലും അവനെയും സ്വർണം ധരിപ്പിക്കും, 'ചെറിയ കുട്ടിയല്ലേ, അതിലെന്താണ് തെറ്റ്' എന്നു പറഞ്ഞ് അതിനെ ന്യായീകരിക്കാനും ശ്രമിക്കും. ചെറിയ കുട്ടികളെ ഹറാം ചെയ്യിക്കുന്നവർക്കാണ് അതിന്റെ കുറ്റമെന്ന് അവർ മനസ്സിലാക്കുന്നില്ല.

കുട്ടികളുടെ ബെർത്ത് ഡേ ആഘോഷിക്കുന്നതും (വിശിഷ്യാ ഒരു വയസ്സ് തികയുമ്പോൾ) അന്ന് പ്രത്യേകമായി ഭക്ഷണം ഒരുക്കുന്നതും കേക്ക് മുറിക്കുന്നതും മെഴുകുതിരി കത്തിക്കുന്നതും മറ്റുള്ളവരെ അനുകരിച്ച് മുസ്‌ലിംകളും ചെയ്തുകൊണ്ടിരിക്കുന്നു. പുത്തനുടുപ്പും വില പിടിപ്പുള്ള സമ്മാനങ്ങളുമായി വന്ന് അയൽക്കാരും കുടുംബക്കാരും ആഘോഷം കേമമാക്കുന്നു. ഇത് ഓരോ വർഷവും തുടരുന്നു.

വിവാഹത്തിലാകട്ടെ അനാചാരങ്ങളുടെയും തോന്ന്യാസങ്ങളുടെയും ഘോഷയാത്രയാണ്. ഇസ്‌ലാമിലെ വിവാഹം ലളിതമാണെങ്കിലും ഏറ്റവും ചെലവേറിയതും ധൂർത്ത് നിറഞ്ഞതുമാക്കി മാറ്റുന്നു സമുദായത്തിലെ പലരും. വിവാഹത്തിന്റെ മുന്നോടിയായി വധുവും വരനും തമ്മിൽ കാണണം. ഇഷ്ടപ്പെട്ടാൽ കല്യാണം കഴിച്ചാൽ മതി. ആ കാഴ്ചയെ പോലും ആഘോഷവും സാമ്പത്തിക ചെലവുള്ളതുമാക്കി മാറ്റുന്നു. വരനും കൂട്ടുകാരും കുടുംബക്കാരും പെണ്ണിനെ കാണുന്നു. ഇഷ്ടപ്പെട്ടാൽ വീണ്ടും വലിയ ചടങ്ങ്! ധാരാളം വാഹനങ്ങളിൽ കിലോ കണക്കിന് മിഠായികളും മധുരപലഹാരങ്ങളും കേക്കുമായി വരന്റെ വീട്ടുകാർ വരുന്നു. അന്യനായ ആണും പെണ്ണും കേക്ക് മുറിച്ച് പരസ്പരം വായിൽ വെച്ചുകൊടുക്കുന്നു, ആഭരണം അണിയിക്കുന്നു, ചേർന്നിരുന്നും നിന്നും ഫോട്ടോക്ക് പോസ് ചെയ്യുന്നു. അവസാനം ഇരുവർക്കും തമ്മിൽ ബന്ധപ്പെടാനുള്ള ലൈസൻസ് നൽകി മൊബൈലും കൈമാറി, വിഭവസമൃദ്ധമായ ഭക്ഷണവും കഴിച്ച് മടങ്ങുന്നു.

പിന്നെ വിപുലമായ നിശ്ചയ പരിപാടി, ഒരു കല്യാണത്തിന്റെ ഗമയിൽതന്നെ നടത്തും. കല്യാണവിവരം സോഷ്യൽ മീഡിയകളിലൂടെ അറിയിച്ചുള്ള 'സേവ് ദി ഡേറ്റ്.' അവളും അവനും ചേർന്നു നിൽക്കുന്ന ഫോട്ടോകൾ പറത്തുന്നു. പിന്നെ നിക്കാഹ്. അന്നത്തെ കാര്യം പ്രത്യേകം പറയേണ്ടതില്ല. സ്റ്റേജിലെ പ്രദർശനം, പരസ്യ ചുംബനം, അന്യരുടെ കൈപിടിച്ച് ചേർന്നുനിന്ന് ഫോട്ടോയെടുക്കൽ... നന്നായി വസ്ത്രം ധരിക്കുന്നവർ പോലും അന്ന് വസ്ത്രത്തിന്റെ കാര്യത്തിൽ അശ്രദ്ധ കാണിക്കുന്നു.

ഗർഭം ധരിക്കുന്നതോടെ വീണ്ടും അനാചാരങ്ങൾ ആരംഭിക്കുന്നു. പണ്ട് പ്രസവത്തിന് കൂട്ടിക്കൊണ്ടുവരലും കാണാൻ പോക്കും പണം കൊടുക്കലും മറ്റുമൊക്കെയായിരുന്നു നാട്ടുനടപ്പ്. ഇന്നോ? ക്ഷണിച്ചു വരുത്തിയവരുടെ മുന്നിൽ വെച്ച് ഭാര്യയുടെ നിറവയറിൽ ഭർത്താവ് ചുംബനം നൽകുന്നു. അത് ക്യാമറയിൽ പകർത്തുന്നു... ഷെയർ ചെയ്യുന്നു! എല്ലാറ്റിനും മുന്നിൽ സ്ത്രീകളുണ്ട്. സഹോദരിമാരേ, നാം ഇതിനൊന്നും കൂട്ടുനിൽക്കരുത്. ഈ അനാചാരങ്ങൾക്കെതിരെ നാം ശക്തമായി പോരാടണം.

## യുവത്വം
## നിർവചിക്കപ്പെടുന്നു

# കേരള യൂത്ത് കോൺഫറൻസ്

WISDOM YOUTH

2024

**ഫെബ്രുവരി 10 11**

## മലപ്പുറം



peaceradio Tune to reality
zameel the soulmate
DIALOGUE TV

9061 266 266 wisdomyouth

Wisdom Islamic Youth Organisation
CV Complex, PV Swami Road, Calicut-2

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
09 December 2023

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

**പുറത്തിറങ്ങിയ മുഴുവൻ ലക്കങ്ങളും**
**ഓൺലൈനിൽ ലഭ്യമായ**
**മലയാളത്തിലെ ഏക പ്രസിദ്ധീകരണം**

**ഇപ്പോൾ**
**Unicode,**
**PDF,**
**Flipbook,**
**Kindle &**
**Audio**
**വേർഷനുകൾ ലഭ്യം**

WISDOM
ISLAMIC ORGANIZATION




ഒറ്റ പ്രതി
₹12

വാർഷിക
വരിസംഖ്യ:
₹624

നേരിന്റെ വരമൊഴി
# നേർപഥം
വാരിക

II പ്രമാണങ്ങൾക്കൊപ്പം II ഗുണകാംക്ഷയുടെ ശബ്ദം
II നേരിന്റെ ആർജ്ജവം II വേറിട്ട വായനാനുഭവം

**പ്രചാരണ മാസം**
**2023 നവം: 10 - ഡിസം: 10**

#Nerpathamweekly

Circulation Manager | Nerpatham Weekly | PB No: 597 | Wisdom islamic organization
CV Complex | PV Swami Road | Chalappuram PO | Kozhikode | 673002 | Kerala | India
Ph: 0495 4019437 | +91 92075 25244 | **mail@nerpatham.com** | **www.nerpatham.com**